# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 ജൂലൈ–2013 ലക്കം 7**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ആദരാഞ്ജലികൾ



## റവ. ഫാ. ജോസഫ് മേമന

മാനന്തവാടി രൂപതയിലെ വൈദികനായ റവ.ഫാ. ജോസഫ് മേമന (76) 2013 മെയ് 27 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. പാലാ രൂപതയിലെ രാമപുരം ഇടവകയിൽ ലൂക്കാ - റോസ ദമ്പതികളുടെ മകനായി 1937-ൽ ജനിച്ചു. മാത്യു (Late) ജോൺ, ലീലാമ്മ വർക്കി കൊച്ചുകുടിയിൽ, ഗ്രേസി ജോൺസൺ ചിറകണ്ടത്തിൽ എന്നിവരാണ് സഹോദരങ്ങൾ. പാലാ നിർമ്മലഗിരി മൈനർ സെമിനാരിയിലും ആലുവ മംഗലപ്പുഴ സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി 1964 ഡിസംബർ 1-ന് ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. ബത്തേരി അസംപ്ഷൻ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായി പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. തുടർന്ന് അടയ്ക്കാത്തോട്, മരകാവ്-ആടിക്കൊല്ലി, കല്ലോടി-പുതിയിടംകുന്ന്, പയ്യംപള്ളി, ചെറുകാട്ടൂർ, നടവയൽ, ഒണ്ടയങ്ങാടി, പുൽപള്ളി, പഴൂർ, പറളിക്കുന്ന്,

എടപ്പെട്ടി എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. അസുഖത്തെതുടർന്ന് 2010 മെയ് മുതൽ ദ്വാരകയിലുള്ള വിയാനി വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. അസുഖത്തെതുടർന്ന് ഏതാനും മാസങ്ങളായി കല്ലോടിയിലുള്ള സഹോദരിയുടെ ഭവനത്തിൽ വിശ്രമത്തിലും ചികിത്സയിലുമായിരുന്നു. 2013 മെയ് 27–ന് രാവിലെയുണ്ടായ ദേഹാസ്വാസ്ഥ്യത്തെതുടർന്ന് അച്ചനെ മാനന്തവാടി സെന്റ് ജോസഫ് ആശുപത്രിയിൽ എത്തിച്ചെങ്കിലും അതിനു മുൻപുതന്നെ അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിരുന്നു. അച്ചന്റെ മൃതദേഹം 9 മണിയോടെ ദ്വാരക വിയാനി ഭവനിലേയ്ക്ക് മാറ്റി. വൈകുന്നേരം 4 മണിയോടെ ബഹു. ജനറാളച്ചൻ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് നേതൃത്വം നൽകുകയും തുടർന്ന് മൃതദേഹം ദ്വാരക പാസ്റ്ററൽ സെന്ററിൽ പൊതുദർശനത്തിന് വയ്ക്കുകയും ചെയ്തു. 28–ന് രാവിലെ 9 മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാംഭാഗ പ്രാർത്ഥനയ്ക്ക് ശേഷം മൃതദേഹം സിയോൻ ഹാളിലേയ്ക്ക് മാറ്റി. മണ്ഡ്യ രൂപതാ മെത്രാൻ അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവ്, തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ്ജ് വലിയമറ്റം എന്നിവർ അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

28–ാം തീയതി രാവിലെ 10 മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ ഭാഗമായ സമൂഹബലിയ്ക്ക് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യ കാർമ്മികത്വം വഹിക്കുകയും മാർ ജോസ് പൊരുന്നേടം പിതാവ് ബഹു. മേമനയച്ചനെ അനുസ്മരിച്ചുകൊണ്ട് ചരമ പ്രസംഗം നടത്തുകയും തുടർന്നുള്ള മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ, സിഞ്ചെല്ലൂസ് ബഹു. ജെയിംസ് കുറ്റിമാക്കൽ, രാമപുരം കൊണ്ടാട് വികാരി ബഹു. സെബാസ്റ്റ്യൻ അടപ്പശ്ശേരി എന്നിവർ സഹകാർമ്മികരായിരുന്നു.

പൗരോഹിത്യജീവിതത്തിലും അജപാലന രംഗത്തും സാമൂഹിക സാമ്പത്തിക വികസന മേഖലകളിലും കുടിയേറ്റ പ്രദേശങ്ങളിൽ അച്ചൻ സജീവ സാന്നിധ്യമായിരുന്നു. മലബാറിന്, പ്രത്യേകിച്ച് വയനാടിന്റെ ആത്മീയ മണ്ഡലത്തിൽ മാത്രമല്ല ഭൗതീക സാംസ്കാരിക വികസന രംഗങ്ങളിലും തീഷ്ണതയോടെ സേവനം ചെയ്ത മേമനയച്ചന് ദൈവം നിത്യഭാഗ്യം നൽകി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു. മേമനയച്ചന്റെ ദീപ്തമായ സ്മരണയ്ക്കു മുൻപിൽ മാനന്തവാടി രൂപത മുഴുവന്റെയും പ്രാർത്ഥനാ നിർഭരമായ ആദരാഞ്ജലികൾ.

# ഉള്ളടക്കം


സർക്കുലർ (ദുക്റാന തിരുനാൾ) ............................ 03
സർക്കുലർ (യുവജനദിനം) ...................................... 09
സർക്കുലർ ................................................................ 16
രൂപതാകച്ചേരി വാർത്തകൾ ...................................... 20
പനമരം സെന്റ് ജൂഡ്സ് ഇടവക
സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രി ................................ 27
സെമിനാരി വാർത്തകൾ ........................................ 32
മതബോധനരംഗം ........................................................ 34
ബൈബിൾ അപ്പോസ്തലേറ്റ് ....................................... 38
ചെറുപുഷ്പമിഷൻലീഗ് ............................................... 48
കെ.സി.വൈ.എം. ....................................................... 55
കുടുംബപ്രേഷിതത്വം ..................................................... 64
വിൻസെന്റ് ഡി പോൾ സൊസൈറ്റി........................... 70
സിയോൻ വാർത്തകൾ ............................................. 74
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .......................... 77
സാമൂഹ്യ സേവനരംഗം (WSSS)................................. 79
റേഡിയോ മാറ്റൊലി ................................................... 83
വയനാട് ഇൻഫാം ....................................................... 85
അറിയിപ്പുകൾ ............................................................ 87
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ...................................... 90
ബിഷപ്സ് പ്രോഗ്രാം ..................................................... 91

*Prot. No.1103/2013*

# ദുക്റാന തിരുനാൾ

**സർക്കുലർ**

ദുക്റാന തിരുനാൾ, മാർ തോമാശ്ലീഹായുടെ ഓർമ്മദിനം. ക്രൈസ്തവവിശ്വാസം എന്ന ദാനം മാർ തോമാശ്ലീഹായിലൂടെ നമുക്കു ലഭിച്ചതിന്റെ ഓർമ്മ ഒരിക്കൽകൂടി നാം ആഘോഷിക്കുകയാണ്. വിശ്വാസം നിരന്തരം നവീകരിക്കപ്പെടേണ്ട യാഥാർത്ഥ്യമാണ്. ഈ സത്യം നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട് കത്തോലിക്കാസഭ വിശ്വാസ വർഷം ആചരിക്കുകയാണല്ലോ. ഈ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ദുക്റാന തിരുനാൾ നാം ആഘോഷിക്കുന്നത്. അതിനാൽ നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്തുവാനും വിശ്വാസാനുസൃതമായ ജീവിതനവീകരണം സാധിക്കുവാനും ഈ തിരുനാളാചരണം നമുക്കു ഉപകരിക്കണം.

കർത്താവായ ദൈവം ഫ്രാൻസീസ് പാപ്പായെ നൽകി സഭ യെയും ലോകത്തെയും അനുഗ്രഹിച്ചിരിക്കുന്ന കാലമാണിത്. മിശി ഹായെ മുൻനിർത്തി സഭാജീവിതം കൂടുതൽ ലാളിത്യവും കാരു ണ്യവും പ്രകാശിപ്പിക്കുന്ന ദൈവജനത്തിന്റെ കൂട്ടായ്മയായി വളർത്തു വാൻ ഫ്രാൻസീസ് പാപ്പാ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടിരി ക്കുകയാണല്ലോ. മാർപാപ്പായ്ക്കടുത്ത തന്റെ ശുശ്രൂഷയിലൂടെയും അദ്ദേഹം ഇതു വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. ലോക രാഷ്ട്രങ്ങ ളുടെ ഇടയിൽ ഭാരതം വികസനത്തിന്റെ പടവുകൾ ചവിട്ടി കയറുന്ന കാലഘട്ടവുമാണിത്. ഭാരതത്തിലെ സഭയ്ക്കുപൊതുവെയും സീറോ മലബാർ സഭയ്ക്കു പ്രത്യേകിച്ചും ദൈവം നൽകുന്ന അനുഗ്രഹങ്ങളെ നമുക്കു സ്മരിക്കാം. നമ്മുടെ വിശ്വാസപരവും പൗരധർമ്മാധിഷ്ഠിതവു മായ ഉത്തരവാദിത്വങ്ങളെ കൂടുതൽ സജീവവും ഫലപ്രദവുമാക്കുവാൻ ഈ കാലഘട്ടത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വിശ്വാസത്തിന്റെ വ്യക്തിപരവും കുടുംബപരവും സാമൂഹികവു മായ വശങ്ങളെ ആധുനികസാഹചര്യങ്ങൾക്കു യോജിച്ച രീതിയിൽ വിലയിരുത്തി പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുവാൻ ദുക്റാന തിരുനാൾ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. അന്ന് തോമാശ്ലീഹാ

ചെയ്തതിന് സമാനമായ ഒരു സുവിശേഷ പ്രഘോഷണവും സഭാ സമൂഹത്തിന്റെ നിർമ്മിതിയും സാധിക്കുവാൻ നാമും പരിശ്രമിക്കേണ്ടിയിരിക്കുന്നു. തോമാശ്ലീഹാ ഏഴര സഭാസമൂഹങ്ങളെ രൂപപ്പെടുത്തിയെന്നാണല്ലോ പാരമ്പര്യങ്ങൾ സാക്ഷിക്കുന്നത്. സഭാ നിർമ്മിതിയെന്നു പറയുമ്പോൾ സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായ സമൂഹ നിർമ്മിതിയും അതിൽ ഉൾപ്പെടുന്നുണ്ട്. കേരളത്തിലെ സഭയെ സംബന്ധിച്ചിടത്തോളം മൂല്യാധിഷ്ഠിതമായ ഒരു സമൂഹനിർമ്മിതിയിൽ ഉൾച്ചേരുവാൻ ക്രൈസ്തവരായ നമുക്കു കൂടുതൽ ഉത്തരവാദിത്വമുണ്ട്. കേരളത്തിനു പുറത്തുള്ള സീറോ-മലബാർ സഭാ സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ വിശ്വാസസാക്ഷ്യത്തിന്റെ പതിപ്പുകളായ സഭാ സമൂഹങ്ങളെ രൂപപ്പെടുത്തുകയാണ് നമ്മുടെ പ്രഥമ കർത്തവ്യം. ദുക്റാനതിരുനാളിൽ ഇപ്രകാരം സഭയുടെ പുനർനിർമ്മിതിക്കും സമൂഹത്തിന്റെ സമുദ്ധാരണത്തിനുമായി നമ്മെ സമർപ്പിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സഭയുടെ നിർമ്മാണത്തിനായാലും സമൂഹത്തിന്റെ സമുദ്ധാരണത്തിനായാലും തിന്മകളോടുള്ള പോരാട്ടവും നന്മ ചെയ്യാനുള്ള സന്നദ്ധതയും നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. അനീതിയുടെ പ്രവർത്തനങ്ങളായ കൈക്കൂലി, അഴിമതി, സ്ഥല-ധന ക്രയവിക്രയങ്ങളിലെ മാഫിയാ പ്രവർത്തനങ്ങൾ മുതലായവ നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന തിന്മകളാണ്. ഭ്രൂണഹത്യയും ദയാവധവും മനുഷ്യനെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ അധികാരത്തെ തിരസ്കരിക്കുന്ന ചെയ്തികളാണ്. അനീതിയ്ക്കു വിധേയരായി കൊടുംയാതനകൾ അനുഭവിക്കുന്ന അനേകരുണ്ട്. കുട്ടികളും സ്ത്രീകളും ചൂഷണത്തിനും പീഡനങ്ങൾക്കും വിധേയരാകുന്ന ദു:ഖകരമായ സംഭവങ്ങൾ ദിനംപ്രതി കേൾക്കുന്നു. ജോലിയില്ലാത്തവരും പ്രായാധിക്യത്തിൽ എത്തിയവരും പ്രവാസികളും ഭവനരഹിതരും പാർശ്വവൽക്കരിക്കപ്പെടുന്നവരും മദ്യാസക്തിക്കും ലഹരിക്കും അടിമകളാകുന്നവരും മനുഷ്യക്കടത്തലുകൾക്കു വിധേയരാകുന്നവരും വർദ്ധിച്ചുവരികയാണ്. ഈ ദു:സ്ഥിതിക്കെതിരെ അതീവ ജാഗ്രതയോടുകൂടി ക്രൈസ്തവ വിശ്വാസികൾ പ്രവർത്തനനിരതരാകേണ്ടിയിരിക്കുന്നു. തിന്മകൾക്കെതിരെ പോരാടുക മനുഷ്യവർഗ്ഗത്തിന്റെ പുരോഗതി ലക്ഷ്യംവയ്ക്കുന്ന എല്ലാവരുടെയും ദൗത്യമാണ്; ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസത്തിൽ അധിഷ്ഠിതമായ കടമയുമാണ്. എന്നാൽ തിന്മ

കളെ പ്രതിരോധിക്കുന്നതോടൊപ്പം നന്മയ്ക്കായുള്ള ക്രിയാത്മക പദ്ധതികൾക്ക് രൂപം കൊടുക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുകയാണ് കൂടുതൽ ഫലദായകം. തിന്മയെ നന്മകൊണ്ട് എതിർക്കുകയെന്ന സുവിശേഷ സന്ദേശത്തിന്റെ അർത്ഥവും അതുതന്നെയാണ് (ലൂക്കാ 6:27–36). സഭയുടെ വിദ്യാഭ്യാസപരവും ആതുര ശുശ്രൂഷാപരവും ജീവകാരുണ്യപരവും സാമൂഹ്യക്ഷേമപരവും കലാ-കായികവുമായ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം ജനങ്ങളുടെ ഇപ്രകാരമുള്ള നന്മയും അഭിവൃദ്ധിയുമാണ്.

നീതിയുടെ നിർവ്വഹണത്തിനായി സഭയോ സന്നദ്ധ പ്രസ്ഥാനങ്ങളോ സർക്കാരോ മുന്നോട്ടുവയ്ക്കുന്ന എല്ലാ പദ്ധതികളോടും സുമനസ്സുകൾ ആത്മാർത്ഥതയോടെ സഹകരിക്കണം. പരിസ്ഥിതി സംരക്ഷണം മനുഷ്യന്റെ നിലനിൽപ്പിനുതന്നെ ആവശ്യകമായ കർമ്മപദ്ധതിയാണ്. നദികളുടെയും ജലാശയങ്ങളുടെയും ശുദ്ധി പരിപാലിക്കൽ ഒരു പൗരധർമ്മമായി കരുതി വ്യക്തികളും സ്ഥാപനങ്ങളും നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യസമൂഹത്തിന്റെ നന്മയെ മുൻനിർത്തി വേണം ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ. ക്രൈസ്തവരോടു മാത്രമല്ല ദൈവത്തിലും മനുഷ്യന്റെ നന്മയിലും വിശ്വസിക്കുന്ന എല്ലാവരോടുമായി എനിക്ക് പറയാനുള്ളത് സമൂഹത്തിന്റെ പുനർനിർമ്മിതിയിൽ നമുക്ക് ഒന്നുചേർന്നു പങ്കുചേരാം എന്നാണ്. സഭകളുടെയും മതങ്ങളുടെയും പുനർനിർമ്മിതി അഥവാ നവീകരണവും, ഭാരതനാടിന്റെ സമുദ്ധാരണവും നമ്മുടെ കൂട്ടുത്തരവാദിത്വത്തിൽ നിറവേറേണ്ട ലക്ഷ്യങ്ങളാണ്. ഈ ലക്ഷ്യപ്രാപ്തിയിൽ ക്രിസ്തുവും അവിടുത്തെ പ്രബോധനങ്ങളുമാണ് നമുക്കു മാർഗ്ഗദർശകമാകേണ്ടത്.

"ഞാനാകുന്നു വഴിയും സത്യവും ജീവനും" (യോഹ. 14:6) എന്ന ക്രിസ്തുവിന്റെ മർമ്മപ്രധാനമായ സത്യാവിഷ്ക്കരണം നമുക്കു ലഭിച്ചത് തോമ്മാശ്ലീഹായുടെ ഇടപെടൽ വഴിയാണ്. ഈശോമിശിഹായിലൂടെ ദൈവത്തിങ്കലേയ്ക്കുള്ള വഴി ഭാരതീയരെ ആദ്യമായി പഠിപ്പിച്ചതും മാർതോമാശ്ലീഹായാണ്. അതിനാൽ തന്നെ അദ്ദേഹം പഠിപ്പിച്ച സത്യവിശ്വാസത്തിന്റേതായ ജീവിതശൈലിയെ തോമാമാർഗ്ഗം എന്ന് വിശേഷിപ്പിക്കുന്നുമുണ്ട്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിശ്വാസജീവിതമെന്ന് പറഞ്ഞാൽ ക്രിസ്തുവിലുള്ള ജീവിതമാണ്. ക്രിസ്തുവാകുന്ന വ്യക്തിയോടാണ് ഓരോ ക്രൈസ്തവനും തന്നെ

ത്തന്നെ യോജിപ്പിച്ചു നിർത്തേണ്ടത്. അവിടുത്തെ സന്ദേശവും ജീവിത സാക്ഷ്യവും അവിടുന്നിൽ വിശ്വസിക്കുന്നവരുടെ സന്ദേശവും സാക്ഷ്യവുമായി മാറണം. എന്നാൽ ക്രൈസ്തവ വിശ്വാസികൾ തന്നെ പലപ്പോഴും ലൗകികചിന്താഗതികൾക്ക് വശംവദരായി തങ്ങളുടെതായ ചിന്താരീതികളും ജീവിതശൈലികളും അവലംബിച്ച് വരുന്നതായാണ് കാണുന്നത്. കർത്താവായ ക്രിസ്തു കുരിശിൽകിടന്നുകൊണ്ട് തന്നെ ക്രൂശിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു: "പിതാവേ, അവരോടു ക്ഷമിക്കണമെ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല" (ലൂക്ക 23,34). ഇന്ന് നാം അറിയാതെ ചെയ്യുന്ന പാപങ്ങൾ സമൂഹത്തിൽ മറ്റുള്ളവർക്ക് ദ്രോഹങ്ങൾ വരുത്തുന്നുണ്ട്. എന്താണീ അറിയാതെ ചെയ്യുന്ന പാപങ്ങൾ? തെറ്റായ ബോദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ നാം ശരിയാണെന്നു കരുതി ചെയ്യുന്ന തെറ്റുകളാണ് അവ. അതിനാൽ നമ്മുടെ ബോദ്ധ്യങ്ങളെ നിരന്തരം പരിശോധിച്ച് അവയിൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ നാം സന്നദ്ധരാകണം. ഇന്ന് മാർതോമാ ക്രിസ്ത്യാനികൾ പല സഭകളിലായി വേർപെട്ടു നിൽക്കുകയാണല്ലോ. ചരിത്രത്തിന്റെ ഗതിവിഗതികളിൽ ഉണ്ടായ അഭിപ്രായ ഭിന്നതകളും വ്യത്യസ്ത അഭിപ്രായങ്ങളെ മനസ്സിലാക്കാനുള്ള സന്നദ്ധതക്കുറവും ഭിന്നതകൾ തുടർന്നും നിലനിൽക്കുന്നതിനു കാരണമാകാം. അത്തരം സാധ്യതകളെ കഴിവതും പരിഹരിച്ച് സഭകൾ തമ്മിൽ കൂടുതൽ ഐക്യത്തിൽ വരുവാനായി മാർതോമാ ക്രിസ്ത്യാനികൾ പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കേണ്ടിയിരിക്കുന്നു. സഭൈക്യത്തിനു വേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളിലും ഉദാരതയോടെ സഹകരിച്ച് പ്രവർത്തിക്കാൻ നാമേവരും സന്നദ്ധരാകണം. നമ്മുടെ വ്യക്തിസഭയിലെ അനൈക്യപരമായ നിലപാടുകളെ പുന:പരിശോധിച്ച് പൂർണ്ണമായ ഐക്യവും കൂട്ടായ്മയും സംസ്ഥാപിക്കുവാൻ നാം ജാഗ്രതയോടെ പ്രവർത്തിക്കണം. ഞാൻ അവർക്ക് ഏക മനസ്സും ഏക മാർഗ്ഗവും നൽകും (ജെറ. 32, 39) എന്ന ജെറമിയായുടെ പ്രവചനം സഭയിൽ പൂർത്തീകരിക്കപ്പെടുവാൻ ഇടയാകണം.

ഭാരതത്തിലെ 29 സീറോ മലബാർ രൂപതകളിലും, ഭാരതത്തിനു പുറത്ത് ചിക്കാഗോ രൂപതയിലും ലോകമെമ്പാടുമുള്ള പ്രവാസി സമൂഹങ്ങളിലും കൂടി 40 ലക്ഷം ക്രൈസ്തവ വിശ്വാസികളുടെ കൂട്ടായ്മയാണ് സീറോ-മലബാർ സഭ. ഈ വ്യക്തി സഭയുടെ കൂട്ടായ്മയ്ക്കു പുറത്ത് 30 മെത്രാന്മാരെയും അനേകം വൈദികരെയും സമർപ്പിത സഹോദരീ സഹോദരന്മാരെയും സംഭാവന ചെയ്തുകൊണ്ട് ഇതര

കത്തോലിക്കാ വ്യക്തിസഭകളിലും പ്രത്യേകിച്ച് ലത്തീൻ സഭയിലും ഉൾച്ചേർന്നുപ്രവർത്തിക്കുന്ന സഭയാണു നമ്മുടേത്. ഈ സാർവ്വത്രിക സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ നാം ഇനിയും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സീറോ-മലബാർ സഭയെ സംബന്ധിച്ചിടത്തോളം നമ്മുടെ സഭാജീവിതശൈലിയുടെ സവിശേഷതകളാണ് നമ്മുടെ വളർച്ചയ്ക്കു നിദാനമായി നിൽക്കുന്നത്. നമ്മുടെ വി.കുർബാനയുടെ ആഘോഷം, മറ്റു കൂദാശകളുടെ സ്വീകരണരീതികൾ, വിശ്വാസപരിശീലനപദ്ധതി, വിദ്യാഭ്യാസം ആതുരസേവനം ജീവകാരുണ്യം സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ എന്നിവയിലെ തനതായ ശൈലികൾ, പള്ളിയോഗം, സഭാ അസംബ്ലി എന്നീ ഘടനകളിലൂടെ അത്മായ പങ്കാളിത്തത്തോടെയുള്ള സഭാഭരണ ശൈലി, നോമ്പ്, ഉപവാസം, കുടുംബ പ്രാർത്ഥന, കുടുംബകൂട്ടായ്മകളുടെ പ്രവർത്തനം, തിരുനാൾ ആഘോഷങ്ങൾ, തീർത്ഥാടനങ്ങൾ ഇവയെല്ലാം ഒന്നുചേരുമ്പോഴാണ് നമ്മുടെ സഭാമക്കൾ വിശ്വാസ ചൈതന്യത്തിൽ ഊർജ്ജസ്വലരാകുന്നത്. അജപാലന സൗകര്യങ്ങൾ പരിമിതമാണെങ്കിലും നമ്മുടെ പ്രവാസികൾ തങ്ങളുടെ ക്രൈസ്തവവിശ്വാസം ജീവിക്കുന്നതിൽ ഔത്സുക്യം കാണിക്കുന്നുവെന്നതിൽ ഞാൻ സന്തോഷിക്കുകയും അവരെ അനുമോദിക്കുകയും ചെയ്യുന്നു. സഭാസംവിധാനങ്ങളോടുകൂടിയ കൂടുതൽ അജപാലനസൗകര്യങ്ങൾ നമ്മുടെ പല പ്രവാസിസമൂഹങ്ങളിലും ലഭിക്കേണ്ടതുണ്ട്. ഇത്തരം സംവിധാനങ്ങൾ ലഭിക്കേണ്ടവരായി ഗൾഫ് രാജ്യങ്ങളിൽ നാലു ലക്ഷത്തിലധികം വിശ്വാസികളും, യൂറോപ്യൻ രാജ്യങ്ങളിലായി ഒന്നരലക്ഷത്തോളം പേരും ആസ്ട്രേലിയ-ന്യൂസിലണ്ട് രാജ്യങ്ങളിലായി നാൽപത്തയ്യായിരത്തോളം പേരും ഉണ്ടെന്നതാണ് വസ്തുത. കൂടാതെ സൗത്ത് ആഫ്രിക്ക, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലും സീറോ-മലബാർ വിശ്വാസികളുടെ ഗണ്യമായ സമൂഹങ്ങൾ ഉണ്ട്. ഭാരതത്തിൽ തന്നെ ചെന്നൈയിൽ അറുപതിനായിരവും ബാംഗ്ലൂരിൽ എൺപതിനായിരവും സീറോ-മലബാർ വിശ്വാസികളുണ്ട്. ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ ബോധപൂർവ്വമായ ഇടപെടലിലൂടെയും മാത്രമേ മേൽപ്പറഞ്ഞ മേഖലകളിലെല്ലാം നമുക്ക് സഭാസംവിധാനങ്ങൾ ലഭിക്കുകയുള്ളൂ. ക്ഷമാപൂർവ്വം കാത്തിരുന്ന് പ്രാർത്ഥനാ നിരതരായി നമുക്കു പ്രവർത്തിക്കാം. ഇത്തരം നമ്മുടെ പരിശ്രമങ്ങളെ വിഘാതപ്പെടുത്തുന്ന രീതിയിൽ നമ്മുടെ സഭയുടെ കൂട്ടായ്മയ്ക്കു തന്നെ ഭംഗം വരുത്തുന്ന യാതൊരു പ്രവർത്തനങ്ങളിലും

സഭാമക്കൾ ഏർപ്പെടുവാൻ ഇടയാകരുതെന്നുകൂടി ഈയവസരത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ദുക്റാനത്തിരുനാൾ സഭാദിനമായാണ് നാം ആചരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ വളർച്ചയും കൂട്ടായ്മയും പരിപോഷിപ്പിക്കുന്ന വിചിന്തനങ്ങളും പ്രവർത്തനപരിപാടികളും ദുക്റാനതിരുനാളിനോടനുബന്ധിച്ചു നടത്തുവാൻ സഭാമക്കളേവരും പരിശ്രമിക്കേണ്ടതാണ്. അതിനായി രൂപതകളും ഇടവകകളും നേതൃത്വംനൽകി ദൈവജനത്തെ പ്രത്യേകിച്ച് കുട്ടികളെയും യുവതീയുവാക്കളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കു പ്രത്യേകിച്ച് പ്രേഷിതപ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുവാനും എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സഭയിലെ പിതാക്കൻമാരുടെ നേതൃത്വത്തിൽ വൈദികരും സമർപ്പിതരും അല്മായ പ്രേഷിതരും ചെയ്യുന്ന എല്ലാ നല്ല പ്രവർത്തനങ്ങൾക്കും അനുമോദനങ്ങൾ നേരുകയും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി വിശ്വാസത്തിലും സന്മാർഗ്ഗത്തിലും അടിയുറച്ചു വളരാൻ കാരുണ്യവാനായ കർത്താവ് നിങ്ങളെല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും ഞാൻ ആശീർവദിക്കുന്നു.

**+ കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
മേജർ ആർച്ച് ബിഷപ്പ്, സീറോ മലബാർ സഭ

മൗണ്ട് സെന്റ് തോമസ്
13-06-2013

# യുവജനദിനം 2013

## ജൂലൈ 7, ഞായർ

### കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ (മത്താ. 28:19)**

കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീ സഹോദരന്മാരേ,

ഈ വർഷം ജൂലൈ 7-ന് കേരളസഭ യുവജനദിനമായി ആചരിക്കുകയാണ്. ജൂലൈ മാസത്തിൽത്തന്നെയാണ് (23-28) ബ്രസീലിലെ റിയോ ഡി ജനീറോയിൽ ഫ്രാൻസീസ് മാർപാപ്പായുടെ സാന്നിധ്യത്തിൽ ആഗോള യുവജനദിനവും ആഘോഷിക്കുന്നത്. ലോകയുവജനദിനങ്ങൾ യുവജനങ്ങൾക്കു കർത്താവായ യേശുവുമായുള്ള കണ്ടുമുട്ടലിന്റെയും പരസ്പരം വിശ്വാസം പങ്കുവച്ചു വളരുന്നതിന്റെയും സാഹോദര്യത്തിന്റെയും അദ്ഭുതകരമായ നിമിഷങ്ങളായിട്ടാണ് അനുഭവപ്പെടുന്നത്. വിശ്വാസത്തിൽ നിന്നുവരുന്ന പ്രതീക്ഷ ലോകത്തിലുണർത്താനും ക്രൈസ്തവജീവിതത്തിന് വലിയ സാക്ഷ്യമേകാനും യുവജനസമ്മേളനങ്ങൾ ഏറെ സഹായിക്കുന്നു. ലാളിത്യം മുഖമുദ്രയായിട്ടുള്ള ഫ്രാൻസീസ് മാർപാപ്പായുടെ സാന്നിധ്യവും വാക്കും ചെയ്തികളും യുവജനങ്ങൾക്ക് ഏറെ ആവേശം പകരും.

**ലോകയുവജനപ്രമേയം**

ഇക്കൊല്ലത്തെ ലോകയുവജനദിനത്തിന് 'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' (മത്താ. 28:19) എന്ന വിഷയമാണ് പോപ്പ് എമരിറ്റസ് ബെനഡിക്ട് പതിനാറാമൻ നിശ്ചയിച്ചിട്ടുള്ളത്. ഈ വിഷയം എല്ലാ കത്തോലിക്കാ യുവജനങ്ങളും ഹൃദയത്തിൽ ഗാഢമായി സൂക്ഷിക്കുകയും ധ്യാനിക്കുകയും വേണം. ശിഷ്യപ്പെടുത്തുകയെന്നാൽ മറ്റുള്ളവരെ ക്രിസ്തുവുമായും അവിടുത്തെ സുവിശേഷവുമായും ഐക്യത്തിലാകാൻ സഹായിക്കുക എന്നതാണ്. സത്യത്തിൽ ശിഷ്യനായിത്തീർന്ന ഒരാൾക്കേ മറ്റുള്ളവരെ ശിഷ്യരാക്കാൻ കഴിയൂ. ആർഷഭാരതസംസ്കാരത്തിൽ ഗുരുശിഷ്യബന്ധത്തിനും ഗുരുകുലവാസത്തിനും ഈ ഒരു അർത്ഥമാണുണ്ടായിരുന്നത്. അതിനാൽ,

ക്രിസ്തുവിന്റെ പൂർണതയ്ക്കു ചേർന്ന പരിപൂർണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കാൻ വചനവായന, കൗദാശികജീവിതം, പ്രാർത്ഥന എന്നിവയിലൂടെ ക്രിസ്തു ശിഷ്യൻ ശ്രമിക്കണം. നീതിയും വിശുദ്ധിയും ഉള്ള ജീവിതം നയിക്കുകയും വേണം.

**യുവാവായ ക്രിസ്തുവും യുവത്വമുള്ള സഭയും**

യുവാവായ ക്രിസ്തുവാണ് ക്രൈസ്തവയുവാക്കൾക്ക് മാതൃകയും പ്രചോദനവും. മുപ്പതാം വയസ്സിൽ പരസ്യജീവിതമാരംഭിച്ച് സമൂഹത്തിലെ തിന്മകൾക്കും അനീതിക്കും ചൂഷണത്തിനുമെതിരേ നിലകൊണ്ട്, മുപ്പത്തിമൂന്നാമത്തെ വയസ്സിൽ മാനവരക്ഷയ്ക്കുവേണ്ടി ഈശോ ജീവൻ ബലിയർപ്പിച്ചു. മറ്റുള്ളവർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം വേറെയില്ലെന്ന വലിയ പാഠം അങ്ങനെ അവിടുന്നു ലോകത്തിനു നല്കി. യുവാക്കളായ അവിടുത്തെ ശിഷ്യന്മാരാണ് ലോകമെങ്ങും ധീരതയോടെ സുവിശേഷമെത്തിച്ചത്. രക്ഷകന്റെ വധുവായ സഭ എന്നും യൗവനയുക്തയാണ്. യുവാക്കളിലൂടെയാണ് ആ യുവത്വം അവൾ മുഖ്യമായും നിലനിറുത്തുന്നത്. എത്രയോ യുവാക്കളാണ് നൂറ്റാണ്ടുകളിലൂടെ ക്രിസ്തുവിനുവേണ്ടി തങ്ങളുടെ ജീവൻപോലും അർപ്പിക്കാൻ തയ്യാറായിട്ടുള്ളത്. ബാഹൂർ എന്ന ഹീബ്രു പദമാണ് യുവാവിനെ സൂചിപ്പിക്കാൻ ബൈബിൾ ഉപയോഗിക്കുന്നത്. അതിനു തിരഞ്ഞെടുക്കപ്പെട്ടവൻ എന്നും അർത്ഥമുണ്ട്. യുവത്വം തിരഞ്ഞെടുക്കപ്പെട്ട പ്രായമാണ്. നന്മയ്ക്കും നീതിക്കുംവേണ്ടി നിലകൊള്ളാനാണത്. യുവജനം എന്നും നീതി ആഗ്രഹിക്കുന്നുണ്ട്. ഡൽഹിയിലെ സ്ത്രീപീഡനത്തിനെതിരെയും അഴിമതിക്കെതിരെയും തെരുവുകളിൽ പ്രതിഷേധവുമായി അതിവേഗം ത്യാഗത്തോടെ അണിനിരന്നവർ യുവജനങ്ങളാണെന്നത് നാമോർക്കണം. നിസംഗതരാകാതെ സമൂഹത്തിലെ തിന്മയ്ക്കെതിരെ സ്വരമുയർത്താൻ കത്തോലിക്കായുവാക്കൾ തയ്യാറാകുക ഇന്നിന്റെ ആവശ്യമാണ്.

**യുവജനങ്ങൾ പ്രേഷിതരാകണം**

സഭ സ്വഭാവത്താലേ പ്രേഷിതയാണ്. സർവജനതകളിലും സംസ്കാരങ്ങളിലും ക്രിസ്തുവിനെയും അവിടുത്തെ പ്രബോധനത്തെയും എത്തിക്കാൻ അവൾക്കു ചുമതലയുണ്ട്. ദൈവം എല്ലാവരുടെയും സ്നേഹപിതാവാണെന്നും മനുഷ്യരെല്ലാം യേശുക്രിസ്തുവിൽ സഹോദരന്മാരാണെന്നുമുള്ള സത്യമാണ് പ്രഘോഷിക്കപ്പെടേണ്ടത്. ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട രക്ഷ അതിന്റെ പൂർണതയിൽ എല്ലാവരും സ്വീകരിക്കത്തക്കവിധം ലോകത്തെ ക്രൈസ്തവർ ഒരുക്കണം. ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാൻ കഴിയുന്നത് യുവജന

ങ്ങൾക്കാണ്. സംഗീതജ്ഞർ, സ്പോർട്സ് - ഫുട്ബോൾ താരങ്ങൾ, സിനിമാതാരങ്ങൾ എന്നിങ്ങനെ യുവജനങ്ങളെ അനായാസം സ്വാധീനിക്കുന്നവർ ധാരാളമാണല്ലോ. ക്രിസ്താനുഭവമുള്ള യുവജനങ്ങൾ ക്രിസ്തുവിനു സാക്ഷ്യംവഹിക്കാനും ക്രിസ്തുവിനെ പ്രസംഗിക്കാനും സധൈര്യം മുന്നോട്ടുവന്നാൽ യുവത അവരെ അനുഗമിക്കുക തന്നെ ചെയ്യും.

**സോഷ്യൽ നെറ്റുവർക്കുകൾ ഉപയോഗിക്കുക**

ഒരു ബഹുസ്വരസമൂഹത്തിലാണ് നാമിന്നു ജീവിക്കുന്നത്. സോഷ്യൽ നെറ്റുവർക്കുകളിലൂടെ, പ്രത്യേകിച്ച് ഫേസ്ബുക്ക്, ടിറ്റർ എന്നിവയിലൂടെ, എത്രമാത്രം ആശയങ്ങളും വിവരങ്ങളുമാണ് യുവജനങ്ങൾ ദിനംതോറും കൈമാറുന്നത്. ഇങ്ങനെ ആശയങ്ങൾ പരസ്പരം കൈമാറുന്നവരുടെയും കണ്ടുമുട്ടുന്നവരുടെയും ഹൃദയങ്ങളിലേക്ക് ഈശോയുടെ ശിഷ്യരാകാനുള്ള ആഗ്രഹം ക്രിസ്തുവിന്റെ യുവശിഷ്യൻ പകർന്നു നല്കണം. മറ്റുള്ളവർക്ക് കരുണയുടെയും സ്നേഹത്തിന്റെയും അടയാളമാകാനും ക്രിസ്തുവിന്റെ യുവശിഷ്യൻ ശ്രദ്ധിക്കണം. കർത്താവിന്റെ സ്നേഹം ഉൾക്കൊള്ളുകയും കൊടുക്കുകയുമാണ് അതിനു വേണ്ടത്. ക്ഷമയും കരുണയും സമാധാനവുമാണ് ലോകത്തിന് ഇന്ന് ഏറെ ആവശ്യം. യുവജനങ്ങൾക്ക് അർത്ഥപൂർണമായി ജീവിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുന്ന അക്രമം, യുദ്ധം, അഴിമതി, ഭീകരപ്രവർത്തനം എന്നിവയ്ക്കെതിരെ സമരം ചെയ്യണം. യുവജനങ്ങൾക്കു തങ്ങളുടെ എല്ലാ സമ്പന്നതയും സജീവതയും മനുഷ്യവർഗത്തിന്റെ സേവനത്തിനായി ഉപയോഗപ്പെടുത്താൻ കഴിയുന്ന അവസ്ഥയാണ് സൃഷ്ടിക്കപ്പെടേണ്ടത്.

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാവരെയും ശിഷ്യപ്പെടുത്തുവിൻ' എന്ന ക്രിസ്തുനാഥന്റെ കല്പന എല്ലാ കാലത്തേക്കുമുള്ളതാണ്. ഒരിക്കലും നമുക്കതിൽനിന്ന് ഒഴിഞ്ഞുമാറാൻ പറ്റില്ല. കർത്താവുമായുള്ള ബന്ധവും ഐക്യവും സൗഹൃദവുമാണ് നമ്മിലെല്ലാമുള്ള ഏറ്റവും മെച്ചപ്പെട്ടതിനെ പുറത്തു കൊണ്ടുവരുന്നത്. കർത്താവിന്റെ സുഹൃത്തായിരിക്കുന്നവൻ തന്റെ ജീവിതം കൊണ്ടും ലോകത്തിലായിരിക്കുന്ന രീതി കൊണ്ടും അവിടുത്തെ ശിഷ്യനായിരിക്കുന്നതിന്റെ സൗന്ദര്യവും പ്രകാശവും സന്തോഷവും മറ്റുള്ളവരിലേക്ക് കൈമാറുന്നു. ഇത് ഇന്നത്തെ ലോകത്തിൽ നിർവഹിക്കാനാണ് കർത്താവ് യുവജനങ്ങളോട് ആവശ്യപ്പെടുന്നത്. അതായത് അവിടുത്തെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും അടയാളമായിരിക്കാൻ.

അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാനുള്ള ആഹ്വാനമാണ് യുവശിഷ്യൻ ആദ്യം നല്കേണ്ടത്. വ്യക്തികളുടെ ഹൃദയപരിവർത്തനമാണ് പ്രധാനപ്പെട്ട കാര്യം. എല്ലാ തിന്മകളും അശുദ്ധിയും വരുന്നത് ഹൃദയത്തിൽ നിന്നാണ് (മർക്കോ. 7:15). ക്രിസ്തു പ്രസംഗിച്ച ദൈവരാജ്യമൂല്യങ്ങൾ വ്യക്തികൾ ഹൃദയത്തിൽ ഉൾക്കൊണ്ടാൽ സമൂഹപരിവർത്തനം എളുപ്പമാകും. അതിന് യുവജനങ്ങൾ എവിടെയൊക്കെ ആയിരിക്കുന്നുവോ അവിടെയെല്ലാം – കുടുംബം, വിദ്യാലയം, സംഘടന, തൊഴിൽസ്ഥലം, രാഷ്ട്രീയരംഗം, വ്യവസായശാല, മാധ്യമരംഗം, സാമ്പത്തികവേദി എന്നിവിടങ്ങളിലെല്ലാം – ക്രിസ്തുവിന്റെ സന്ദേശം ഉയർത്തിപ്പിടിക്കണം. ക്രിസ്തുവിനു ചേർന്ന പ്രവൃത്തികളേ ഉണ്ടാകാവൂ. അതു മറ്റുള്ളവരെ ക്രിസ്തുവിന്റെ ശിഷ്യരാകാൻ പ്രചോദിപ്പിക്കും. ഇന്നു പ്രസംഗകരെക്കാൾ സാക്ഷികളെയാണ് വേണ്ടതെന്ന കാര്യം നാം മറക്കരുത് (പോൾ ആറാമൻ). കത്തോലിക്കാ യുവാക്കൾ ക്രിസ്തുവിനെപ്പോലെ ജീവിക്കാൻ പരിശ്രമിക്കണം. ക്രിസ്തുവിന്റെ കൃപാവരം സ്വീകരിച്ചുകൊണ്ട് അവിടുത്തെ പ്രവൃത്തികൾ ചെയ്യണം. ജീവിതമാതൃകയിലൂടെ ക്രിസ്തുവിനെയും അവിടുത്തെ പ്രബോധനങ്ങളെയും മറ്റുള്ളവരിലേക്ക് പകരുന്നതാണു പ്രധാനപ്പെട്ട കാര്യം. ഇത് ഒരു വെല്ലുവിളിയായി കത്തോലിക്കാ യുവജനപ്രവർത്തകർ ഏറ്റെടുക്കട്ടെ.

**കൗൺസിൽ യുവജനപ്രേഷിതത്വത്തെപ്പറ്റി**

വിശ്വാസവർഷത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ പുനർവായന സഭ തന്റെ തനയരോട് ആവശ്യപ്പെടുന്ന കാര്യമാണ്. കൗൺസിൽ യുവജനപ്രേഷിതത്വത്തെപ്പറ്റി പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ എടുത്തുകാട്ടുന്നത് എന്തുമാത്രം നാം ഇക്കാര്യങ്ങൾ നടപ്പാക്കി, നടപ്പാക്കുന്നുണ്ട് എന്ന് വിലയിരുത്താൻ സഹായിക്കും. പ്രേഷിതപ്രവർത്തനം നടത്താൻ കൗൺസിൽ യുവജനങ്ങളെ ആഹ്വാനം ചെയ്തു (അല്മായ പ്രേഷിതത്വം, 12). ക്രിസ്തുവിന്റെ രക്ഷാകരസന്ദേശവും കൃപയും മനുഷ്യർക്ക് സംപ്രാപ്യമാക്കലും ഭൗതികമണ്ഡലത്തെ ക്രിസ്തുവിന്റെ സുവിശേഷമൂല്യങ്ങളാൽ പൂരിതമാക്കലും യുവജനങ്ങളുടെയും കൂടി കടമയാണ്. സഭാധികാരികളോട് സ്നേഹവും അനുസരണയും പ്രകടമാക്കിക്കൊണ്ട് സഭാകൂട്ടായ്മയിൽ വേണം യുവത ഇക്കാര്യങ്ങൾ നിർവഹിക്കുവാൻ. മാതൃകായോഗ്യമായ ജീവിതം നയിച്ചുകൊണ്ട് സഭാധികാരികൾ യുവജനങ്ങളുടെ പ്രവർത്തനത്തെ സർവാത്മനാ പ്രോത്സാഹിപ്പിക്കുകയും വേണം.

യുവജനങ്ങളുടെയിടയിൽ മുഖ്യമായും പ്രേഷിതപ്രവർത്തനം നടത്തേണ്ടത് യുവജനങ്ങൾ തന്നെയാണ്. ഇന്ന് യുവജനം അനേകം തിന്മകളിലേക്കു പ്രലോഭിതരാണ്. ഉപഭോഗസംസ്കാരം, മാധ്യമങ്ങളുടെ വിസ്ഫോടനം, വ്യക്തിഗതമനോഭാവം, ലൗകായതികത, സുഖലോലുപത എന്നിവയ്ക്ക് അടിപ്പെടുന്ന യുവാക്കൾ ഏറെയാണ്. അതു വരുത്തിവയ്ക്കുന്ന ദോഷങ്ങൾ ഭീതിദവുമാണ്. ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ യുവജനം മറ്റുള്ളവരെ ഈ തിന്മയിൽനിന്ന് വിമോചിപ്പിക്കാൻ കിണഞ്ഞു പരിശ്രമിക്കണം. യുവജനങ്ങളും മുതിർന്നവരും തമ്മിലുള്ള നല്ല ബന്ധം സ്ഥാപിക്കലും പ്രധാനപ്പെട്ട കാര്യമാണ്. സ്നേഹപൂർണമായ സംഭാഷണം അതിന് ആവശ്യമാണ്. തലമുറകൾ തമ്മിൽ അറിയാനും അനുഭവങ്ങളും നേട്ടങ്ങളും പങ്കുവയ്ക്കാനും ഇരുകൂട്ടരും കൂടെക്കൂടെ ഒന്നിച്ചു കൂടണം. സന്മാതൃക, സ്നേഹപൂർണമായ മാർഗനിർദ്ദേശങ്ങൾ, പ്രവർത്തനസ്വാതന്ത്ര്യം, സാമ്പത്തികസഹായം എന്നിവ മുതിർന്നവർ ചെറുപ്പക്കാർക്ക് ലഭ്യമാക്കണം. യുവജനങ്ങളാകട്ടെ, പ്രായമായവരെ ആദരിക്കുകയും അവരിൽ വിശ്വാസമർപ്പിക്കുകയും വേണം. ആദരണീയമായ പാരമ്പര്യങ്ങളെ പുതുമയുടെ പിറകേയുള്ള നെട്ടോട്ടത്തിൽ തട്ടിയെറിയാതെയുമിരിക്കണം.

**യുവജനപരിശീലനം**

യുവജനങ്ങൾക്കു പരിശീലനം നല്കണമെന്നത് കൗൺസിൽ ആവശ്യപ്പെടുന്ന ഗൗരവപൂർണമായ കാര്യമാണ്. പ്രേഷിതപ്രവർത്തനം വിജയപ്രദമായി നടത്തുന്നതിന് അതാവശ്യമാണ്. പരിശീലനം ലഭിക്കുകയെന്നത് യുവജനങ്ങളുടെ അവകാശവുമാണ്. മാതാപിതാക്കളും ആത്മപാലകരും വിദ്യാഭ്യാസപ്രവർത്തകരും വിദ്യാഭ്യാസസ്ഥാപനങ്ങളും സംഘടനകളും എല്ലാം യുവജനപരിശീലനത്തിന്, അവരിൽ കത്തോലിക്കാചൈതന്യവും പ്രേഷിതാഭിമുഖ്യവും വളർത്തുന്നതിന്, പ്രാമുഖ്യം നല്കണം. എന്നാൽ, മൂല്യശിക്ഷണോപാധികളുടെ മേൽപ്പറഞ്ഞ തലങ്ങളിൽ വന്നിട്ടുള്ള വലിയ ശോഷണം യുവജനങ്ങൾക്ക് വേണ്ട പരിശീലനം ഇല്ലാതാക്കിയിരിക്കുന്നു. അത് വലിയ ദുരന്തമാണ്. മാതൃകായോഗ്യവും പ്രേഷിതാത്മകവുമായ ജീവിതം വഴി വിദ്യാർത്ഥികൾ മനുഷ്യസമൂഹത്തിൽ രക്ഷാകരമായ പുളിമാവുപോലെ പ്രവർത്തിക്കാൻ പ്രാപ്തരാവുകയെന്നതാണ് കത്തോലിക്കാ വിദ്യാലയങ്ങൾ ലക്ഷ്യംവയ്ക്കേണ്ടത് (രണ്ടാം വത്തിക്കാൻ കൗൺസിൽ, വിദ്യാഭ്യാസം, 1). ഇക്കാര്യത്തിൽ നമ്മുടെ വിദ്യാലയങ്ങൾ എവിടെ നില്ക്കുന്നുവെന്ന് ഗൗരവപൂർവം വിലയിരുത്തി ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. യുവജനങ്ങളുടെ വ്യക്തിപരമായ നവീ

കരണത്തിനും സമഗ്രമായ വളർച്ചയ്ക്കുമൊപ്പം സംഘാതവും സാമൂഹികവുമായ പുരോഗതിയും ലക്ഷ്യംവയ്ക്കുന്ന വിദ്യാഭ്യാസമാണ് ആവശ്യം. അതായത്, യുവജനങ്ങളുടെ സാമൂഹികപ്രതിജ്ഞാബദ്ധത വളർത്തുന്ന വിദ്യാഭ്യാസം.

**യുവജനങ്ങൾ ഒന്നിച്ചു കൈകോർക്കുക**

യുവജനങ്ങൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിനുള്ള അവസരം നമ്മുടെ എല്ലാ ഇടവകകളിലും രൂപതകളിലും സംസ്ഥാനത്തിലും ഉണ്ടാകണം. കേരളസഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനം കെ.സി.വൈ.എം. ആണ്. യുവജനങ്ങളുടെ സമഗ്രവളർച്ചയും സമൂഹത്തിന്റെ സമ്പൂർണപുരോഗതിയും ലക്ഷ്യംവച്ച് പ്രസ്ഥാനം പ്രവർത്തിക്കുന്നു. അനേകം യുവനേതാക്കളെ ശരിയായ പരിശീലനത്തിലൂടെ വാർത്തെടുക്കാനും അനീതിക്കും സാമൂഹികതിന്മകൾക്കും മനുഷ്യാവകാശ ധ്വംസനത്തിനുമെതിരേ ശക്തമായ യുവജനയാത്രകൾ സംഘടിപ്പിക്കാനും മാനവമൈത്രി ജാഥകൾ സംഘടിപ്പിക്കാനും സ്ത്രീശക്തീകരണമുന്നേറ്റങ്ങൾ നടത്താനും യുവജനോത്സവങ്ങൾ സംഘടിപ്പിക്കാനും മത്സ്യത്തൊഴിലാളി - കർഷകപ്രശ്നങ്ങളിൽ ഇടപെടാനും കെ.സി.വൈ.എം.-ന് കഴിഞ്ഞിട്ടുണ്ട്. കെ.സി.വൈ.എം.-നോട് സഹകരിച്ച് നമ്മുടെ എല്ലാ യുവജനങ്ങളും പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇടവകസമൂഹം മുഴുവൻ യുവജനപ്രേഷിതത്വത്തെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും വേണം. സഭയുടെയും സമൂഹത്തിന്റെയും ചൈതന്യവും പ്രതീക്ഷയും ഭാവിയും യുവജനങ്ങൾ ആയതുകൊണ്ടാണ് ഇതു ചെയ്യേണ്ടത്. ഭാവന, കർമ്മശേഷി, ആദർശബോധം, യുക്തി എല്ലാം തീവ്രമായിരിക്കുന്ന ഈ പ്രായത്തിൽ അവയെല്ലാം നന്നായി ഉപയോഗിക്കാൻ അവരെ സഹായിക്കണം. അവരുടെ സ്വപ്നങ്ങളാണ് നാളത്തെ ലോകത്തെ രൂപപ്പെടുത്തുന്നത്. ശരിയായ രീതിയിൽ എല്ലാം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ വിശ്വാസവർഷം പ്രേരകമാകണം. യുവജനപ്രസ്ഥാനം ഇല്ലാത്തിടത്ത് അതു തുടങ്ങണം. സജീവമല്ലാത്തിടത്ത് ഊർജ്ജിതപ്പെടുത്തണം. എല്ലാ സംഘടനകളിലും - സി.എൽ.സി, ജീസസ് യൂത്ത്, മിഷൻലീഗ്... - പ്രവർത്തിക്കുന്ന യുവജനങ്ങൾ ഒന്നിച്ചുവന്ന് പൊതുനന്മയ്ക്കായി കൈകോർക്കുകയും വേണം.

യുവജനദിനം സമുചിതമായി എല്ലാ ഇടവകകളിലും ആഘോഷിക്കേണ്ടതാണ്. യുവജനങ്ങൾക്കുവേണ്ടി വിശുദ്ധ കുർബാന, യുവജനങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ച് സെമിനാർ, കലാപരിപാടികൾ, റാലി എന്നിവയോടെ അത് ആഘോഷിക്കാം. യുവജനദിനത്തിൽ വിശുദ്ധ കുർബാനമധ്യേ പിരിവ് നടത്തേണ്ടതും അത് രൂപതാ -

സംസ്ഥാന തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതുമാണ്. കെ.സി.വൈ.എം. ഇക്കൊല്ലം ഊന്നൽ കൊടുത്തു പ്രവർത്തിക്കുന്ന മനുഷ്യോചിതമായ പരിസ്ഥിതി, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, അഴിമതിക്കെതിരേ എന്നീ വിഷയങ്ങൾ ഇടവകകളിൽ ചർച്ചയ്ക്കെടുക്കണം. അവ നടപ്പാക്കുന്നതിനുവേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

സത്യം, നീതി, സ്നേഹം, സമാധാനം, സ്വാതന്ത്ര്യം എന്നിവയുടെയൊക്കെ പര്യായമായ ഈശോയെ യുവജനങ്ങൾ തങ്ങളുടെ നേതാവും സഹചാരിയും നാഥനും ഗുരുവുമായി വ്യക്തിപരമായി സ്വീകരിച്ചാൽ അത് അവർക്ക് ആത്മസാക്ഷാത്കാരത്തിനും ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനും ഇടയാക്കും. വിശ്വാസവർഷത്തിന്റെ ലക്ഷ്യങ്ങളിൽ പരമപ്രധാനമായ ഇത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി തുടർന്നുള്ള മാസങ്ങളിൽ നമുക്ക് ഉണർവോടെ പ്രവർത്തിക്കാം. എല്ലാ നന്മയും ദൈവാനുഗ്രഹവും പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് തോമസ് മാർ അന്തോനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് ഡോ. ജോസഫ് കരിയിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

---

**NB:- 2013 ജൂലൈ മാസം 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 09/2013***
***Prot. No. 13945/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

മദ്ധ്യവേനലവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പാഠശാലകളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹവും പഠനത്തിൽ വിജയവും നേരുന്നു. നിങ്ങളുടെ കുടുംബങ്ങളുടെയും നമ്മുടെ രാജ്യത്തിന്റെയും സഭയുടെയും സമുദായത്തിന്റെയും എല്ലാം ഭാവി നിങ്ങളുടെ കൈകളിലാണ്. ഈയൊരു ചിന്ത നിങ്ങളുടെ പഠനത്തിൽ നിങ്ങൾക്ക് വഴികാട്ടിയും പ്രചോദനവും ആയിരിക്കട്ടെ.

നിങ്ങൾക്ക് ഈ കത്ത് എഴുതാൻ തുടങ്ങിയപ്പോൾ എന്റെ മനസിലേയ്ക്ക് പെട്ടെന്ന് കടന്നു വന്നത് ഒന്നു രണ്ട് വർഷം മുമ്പ് നമ്മുടെ രൂപതയിലെ ബത്തേരി അസംപ്ഷൻ സ്കൂളിലെ കുട്ടികൾ തയ്യാറാക്കിയ ഒരു ചെറു സിനിമയുടെ പ്രമേയമാണ്. നിങ്ങളിൽ പലരും ആ സിനിമ കണ്ടിരിക്കും. അതിക്രൂരമായ ലൈംഗിക പീഡനത്തിന് വിധേയയായി അവശനിലയിലായ ഒരു നാടോടി പെൺകുട്ടിയുടെ കഥയാണ് സിനിമയുടെ ഇതിവൃത്തം. റോഡ് വക്കിലെ കുറ്റിക്കാട്ടിൽ കിടന്ന് സഹായത്തിനായി കേണപേക്ഷിക്കുന്ന അവളുടെ നിലവിളിയും ഞരക്കങ്ങളും മൂളലും കേട്ട് അതിലെ കടന്നുപോയ ഒരു സ്കൂൾ വിദ്യാർത്ഥിനി അവളുടെ അടുത്ത് ചെന്ന് അവൾക്ക് സംഭവിച്ച കാര്യങ്ങളെപ്പറ്റി വിശദമായി അന്വേഷിക്കുന്നു. നാടോടി പെൺകുട്ടി പറഞ്ഞ കാര്യങ്ങൾ മുഴുവൻ ആ വിദ്യാർത്ഥിനി തന്റെ മൊബൈൽ ക്യാമറയിലെ വീഡിയോയിൽ പകർത്തുന്നു. അവസാനം തന്റെ പ്രൊജക്ടിന് ഈ കഥ ധാരാളം മതി എന്ന് ആത്മഗതം ചെയ്ത് അവൾ നടന്ന് മറയുന്നു. നാടോടി പെൺകുട്ടിയുടെ ദൈന്യതയോ സഹായാഭ്യർത്ഥനയോ ഒന്നും ആ വിദ്യാർത്ഥിനിയെ സ്പർശിക്കുന്നതേയില്ല. ആ വഴി വന്ന ഒരു സിസ്റ്റർ നാടോടി പെൺകുട്ടിയെ രക്ഷിക്കുന്നതോടെ കഥ അവസാനിക്കുന്നു.

നമ്മുടെ സഹജീവികളോട് പരിഗണനയും കരുതലും കാണിയ്ക്കാൻ നമ്മെ പഠിപ്പിക്കാത്ത വിദ്യാഭ്യാസം വിദ്യാഭ്യാസമേയല്ല. അതുപോലെ തന്നെ സഹജീവികളോടും സമൂഹത്തോടും യാതൊരു പരിഗണനയും കാണിക്കാത്തവർ സംസ്കാരമുള്ളവരാണ് എന്നു പറയാൻ പറ്റുകയില്ല. സിനിമയിലെ വിദ്യാർത്ഥിനി മുടിയെല്ലാം മിനുക്കി പിന്നിയിട്ട് നല്ല വസ്ത്രം ധരിച്ച് ഷൂസും ധരിച്ച് പുസ്തകസഞ്ചിയും പുറത്ത് തൂക്കിയാണ് പോകുന്നത്. ഒരു പക്ഷേ അവൾ നന്നായി പഠിച്ച് ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുന്ന വ്യക്തിയുമാകാം. എന്നാൽ ഇതിലൂടെയൊന്നും അവൾക്ക് യഥാർത്ഥ വിദ്യാഭ്യാസം കിട്ടുകയോ അവ അവളെ സംസ്കാരസമ്പന്നയാക്കുകയോ ചെയ്തില്ല എന്ന് അവളുടെ പ്രവർത്തി തെളിയിക്കുന്നു. അവളെ സംബന്ധിച്ച് അവളുടെ പ്രൊജക്ട് ആയിരുന്നു ഏറ്റവും പ്രധാനം. അത് നന്നായി ചെയ്തില്ലെങ്കിൽ അവൾക്ക് മാർക്ക് കുറയും. ഒരു പക്ഷേ പിന്നീട് ഉന്നത വിദ്യാഭ്യാസത്തിന് താഴ്ന്ന മാർക്ക് തടസ്സമായി നിൽക്കും. ഉന്നത വിദ്യാഭ്യാസം കിട്ടിയില്ലെങ്കിൽ അവൾക്ക് നല്ലൊരു ജോലി കിട്ടുകയില്ല. നല്ല ജോലി കിട്ടിയില്ലെങ്കിൽ അവളെ വിവാഹം ചെയ്യാൻ വിദ്യാഭ്യാസവും ജോലിയും ഉള്ള ആൺകുട്ടികൾ തയ്യാറായി എന്ന് വരുകയില്ല. ഇതെല്ലാമായിരിക്കാം അവളുടെ ചിന്തയിലൂടെ കടന്നുപോയ കാര്യങ്ങൾ. ചുരുക്കത്തിൽ അവളുടെ സ്വന്തം താല്പര്യങ്ങൾക്ക് മാത്രമാണ് അവൾ പരിഗണന കൊടുത്തത്. ആ വിദ്യാർത്ഥിനി എഴുത്തും വായനയും പഠിച്ചെങ്കിലും അവൾക്ക് വിദ്യാഭ്യാസം കിട്ടിയില്ല എന്ന് തന്നെ പറയണം. അവൾ സംസ്കാര സമ്പന്നയുമായില്ല.

നല്ല മനുഷ്യരായി നമ്മളെ മാറ്റുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നല്ല മനുഷ്യരാകുക എന്ന് പറഞ്ഞാൽ ദൈവം നമ്മളെ സൃഷ്ടിച്ചപ്പോൾ നമ്മളിലുണ്ടായിരുന്ന ഗുണഗണങ്ങൾ ഉണ്ടാകുക എന്നർത്ഥം. വിശുദ്ധ ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു: *അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു... ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു (ഉല്പ്പത്തി 1:27).* അപ്പോൾ നല്ല മനുഷ്യർ ദൈവത്തെപ്പോലെ ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും പ്രതികരിക്കുകയും എല്ലാം ചെയ്യുന്നവരാണ്. എന്നാൽ ഇന്ന് അഭ്യസ്ഥവിദ്യരെന്ന് അഭിമാനിയ്ക്കുന്ന പലരും ചെയ്യുന്ന കാര്യങ്ങൾ ദൈവത്തിന് ഒരിക്കലും ചെയ്യാൻ പറ്റാത്ത കാര്യങ്ങളല്ലേ? കൈക്കൂലി, അഴിമതി, അക്രമം, പൊതുമുതൽ മോഷ്ടിക്കൽ, ലൈംഗിക

പീഢനങ്ങൾ തുടങ്ങിയവയൊന്നും ദൈവത്തിന്റെ ഛായയിൽ ഉള്ളവർക്ക് ചെയ്യാൻ പറ്റില്ലല്ലോ. അതായത് നമ്മുടെ വിദ്യാഭ്യാസം അതിന്റെ ലക്ഷ്യം നേടുന്നില്ല എന്ന് തന്നെയാണ് അർത്ഥം.

അതേസമയം നമ്മുടെ ദൃഷ്ടിയിൽ വിദ്യാഭ്യാസമില്ലാത്തവരും സംസ്കാരശൂന്യരുമായ എത്രയോ മനുഷ്യർ സത്യസന്ധമായി പെരുമാറുന്നതിലും മറ്റുള്ളവരോട് പരിഗണന കാണിക്കുന്നതിലും നമ്മളേക്കാൾ എത്രയോ മുമ്പിലാണ്! അതുകൊണ്ട് പ്രിയപ്പെട്ട കുട്ടികളേ, കേവലം കുറേക്കാര്യങ്ങൾ അറിയാം എന്നതുകൊണ്ട് നിങ്ങൾ വിദ്യാഭ്യാസമുള്ളവരാകുന്നില്ല എന്ന വസ്തുത മറക്കാതിരിയ്ക്കുക. ദൈവത്തെപ്പോലെ പെരുമാറാൻ നിങ്ങളെ നിങ്ങളുടെ വിദ്യാഭ്യാസം കഴിവുറ്റവരാക്കുമ്പോഴാണ് നിങ്ങൾ വിദ്യാഭ്യാസമുള്ളവരാകുന്നത്. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുന്നവരാകണം. സത്യം, നീതി, ആത്മാർത്ഥത, സഹജീവികളോടും ഈ പ്രകൃതിയോടും എല്ലാം ഉള്ള സ്നേഹവും കരുതലും നിയമങ്ങളോടുള്ള വിധേയത്വം, ഈ മൂല്യങ്ങൾ അനുസരിച്ചുള്ള ജീവിതം ഇതെല്ലാമാണ് ആ രാജ്യത്തിന്റെ മൂല്യങ്ങൾ. അവ നിങ്ങൾ സ്വന്തമാക്കുമ്പോൾ നിങ്ങൾ വിദ്യാഭ്യാസവും സംസ്കാരവും ഉള്ളവരാകും. *ദൈവഭക്തിയാണ് അറിവിന്റെ ആരംഭം (സുഭാ. 1:7)* എന്ന ദൈവവചനം നിങ്ങൾ എപ്പോഴും അനുസ്മരിക്കണം.

ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് യഥാർത്ഥ വിദ്യാഭ്യാസം. അത് നിങ്ങളുടെ കുടുംബങ്ങളിലാണ് ആരംഭിക്കേണ്ടത്. നമ്മുടെ ജീവിതത്തിലെ തെറ്റും ശരിയും ആദ്യമായി നമുക്ക് പറഞ്ഞുതരുന്നതും തരേണ്ടവരും നമ്മുടെ മാതാപിതാക്കന്മാരാണ്. അതുകൊണ്ട് അവരുടെ വാക്കുകൾക്കായി നിങ്ങൾ കാതോർക്കുകയും അവ നിങ്ങൾക്ക് വഴികാട്ടിയാകുകയും ചെയ്യണം. സുഭാഷിതങ്ങളിലൂടെ കർത്താവായ ദൈവം നമ്മോട് ഇപ്രകാരം അരുളിച്ചെയ്യുന്നു: *മക്കളെ പിതാവിന്റെ പ്രബോധനം കേൾക്കുവിൻ. അതിൽ ശ്രദ്ധിച്ച് അറിവ് നേടുവിൻ. ഞാൻ നിങ്ങൾക്ക് സദുപദേശങ്ങൾ നൽകുന്നു. അവ തള്ളിക്കളയരുത്. ഞാൻ അമ്മയ്ക്ക് ഏക സന്താനമായി ഇളം പ്രായത്തിൽ പിതാവിനോടൊപ്പം കഴിയവേ അവൻ എന്നെ ഇപ്രകാരം പഠിപ്പിച്ചു: നിന്റെ ഹൃദയം എന്റെ വാക്കുകൾ മുറുകെപ്പിടിയ്ക്കട്ടെ. എന്റെ കല്പനകൾ പാലിച്ചാൽ നീ ജീവിയ്ക്കും (സുഭാ.1:1-4).* വീണ്ടും വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു: കുടുംബദ്രോഹിയ്ക്ക് ഒന്നും ബാക്കിയുണ്ടാവുകയില്ല (സുഭാ.11:29)

ഇന്ന് സാധാരണ മാതാപിതാക്കൾ പറഞ്ഞ് കേൾക്കുന്ന ഒരു കാര്യമാണ് മക്കൾ ഒന്നോ രണ്ടോ മാത്രമേ ഉള്ളൂ. അതുകൊണ്ട് അവർ എന്തു ചോദിച്ചാലും ചെയ്തുകൊടുക്കാൻ തയ്യാറാണെന്നും അതു പോലെ ചോദിച്ചത് കിട്ടിയില്ലെങ്കിൽ മക്കൾ ആത്മഹത്യ പോലെയുള്ള കടുംകൈകൾ ചെയ്യുമെന്നും. ഇപ്രകാരം മാതാപിതാക്കളെ ഭയപ്പെടു ത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന മക്കൾ ദൈവം മാതാപി താക്കളിലൂടെ തരുന്ന വലിയൊരു ദാനമാണ് പാഴാക്കുന്നത് എന്ന് തിരി ച്ചറിയുന്നില്ല. *ശാസന വെറുക്കുന്നവർ മൂഢനാണ് (സുഭാ. 12:1), വിവേക മുള്ള മകൻ പിതാവിന്റെ ഉപദേശം കേൾക്കുന്നു (സുഭാ. 13:1)* എന്നീ തിരുവചനങ്ങൾ നിങ്ങളുടെ മനസിൽ എന്നും ഉണ്ടായിരിക്കട്ടെ. പുതിയ വിദ്യാഭ്യാസവർഷം നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ വർഷമാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കുകയും ചെയ്യട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ജൂൺ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ജൂലൈ മാസം 14–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

## സീറോ മലബാർ സഭാദിനം

ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3-ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മധ്യേ ഈ നിയോഗത്തിനുവേണ്ടി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

## യുവജനദിനം

കേരളസഭ ജൂലൈ 7-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവിവാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജന ദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താത്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അനുമോദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജന പ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## വൈദിക സമ്മേളനം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2013 ആഗസ്റ്റ് 14 ബുധനാഴ്ച രാവിലെ 10.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ആ ദിവസത്തെ പരിപാടികളെല്ലാം മുൻകൂട്ടി ക്രമീകരിച്ച് വൈദിക സമ്മേളനത്തിൽ സംബന്ധിക്കുവാൻ ബഹു. അച്ചൻമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു.

## Appointments

Rev. Fr. Thomas Ponthottiyil - Director, Nilgiri Region
Rev. Fr. John Ponparackal - Director, Vianney Bhavan (Add.Charge)
Rev. Fr. Jose Kulangara TOR - Vicar, Panamchira

## New Address & Phone Numbers

1. Rev. Fr. Gervasis Mattam
   Mob: 09480053135
2. Rev. Fr. Thomas Kattuthuruthiyil
   Mob: 09489631358
3. Rev. Fr. Thomas Mangalam
   Mob: 09482612494
4. Rev. Fr. Jerry Onampally
   St. Francis of Assisi Church,
   Assisi Nagar, P.L. Lokhande Marg,
   Chembur West, Mumbai - 400 043
   Ph: 022 2555 8585
   Mob: 09769062452; 0994616220

## Members of the newly constituted Consultors Body (June 2013)

1. Rev. Fr. Mathew Madapallikunnel
2. Rev. Fr. James Kuttimakkal
3. Rev. Fr. Joseph Muthirakalayil
4. Rev. Fr. Joseph Paruvummel
5. Rev. Fr. George Myladoor
6. Rev. Fr. Thomas Kachirayil
7. Rev. Fr. Mathew Periappuram
8. Rev. Fr. John Choorapuzhayil
9. Rev. Fr. John Ponparackal
10. Rev. Fr. Varghese Mulakodiyankal
11. Rev. Fr. Lukose Maplassery

## Members of the newly constituted Finance Council (June 2013)

1. Rev. Fr. Mathew Madappallikunnel
2. Rev. Fr. Joseph Muthirakalayil

3. Rev. Fr. Jose Kocharackal
4. Rev. Fr. Chandy Punakkatt
5. Mr. T.P Paul Thuruthiyil

**Members of the newly constituted Building Committee (June 2013)**

1. Rev. Fr. Mathew Madappallikunnel (Convenor)
2. Rev. Fr. Joseph Muthirakalayil
3. Rev. Fr. Varghese Mulakudiyankal
4. Rev. Fr. Joy Thuruthel
5. Mr. Promod

**മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ**

മാനന്തവാടി രൂപതയിൽ മരണവീടുകളിൽ അവൈദികരുടെ ഉപയോഗത്തിനായി ഒരു പ്രാർത്ഥനാ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നു. ബഹു. ബെന്നി മുതിരക്കാലായിൽ അച്ചൻ തയ്യാറാക്കിയ ഈ പുസ്തകം മാനന്തവാടി രൂപതയുടെ വിശ്വാസ പരിശീലന വിഭാഗമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ദ്വാരക ജൂബിലി ബുക്ക് സ്റ്റാൾ, സെന്റ് ജോസഫ് ബുക്ക് സ്റ്റാൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. വില 15 രൂപ.

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 8–ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 13–ാം തീയതി വെള്ളിയാഴ്ചവരെയും സെപ്റ്റംബർ 22 ഞായർ മുതൽ 27–ാം തീയതി വെള്ളിയാഴ്ച വരെയുമായിരിക്കും. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ അക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഡിസംബർ 31–ന് മുമ്പായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹു. ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്. വാർഷിക ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് കൊണ്ടുവരുന്ന കാര്യം ഓർക്കുമല്ലോ. ഏതെങ്കിലും തക്കതായ കാരണത്താൽ ധ്യാനത്തിന്റെ ബാച്ച് മാറ്റുന്ന വൈദികർ പകരക്കാരെ സ്വന്തമായി കണ്ടെത്തി വിവരം ബഹു. ജനറാളച്ചനെ അറിയിക്കേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## I[st] Batch - 2013 September 8 Sunday to 13 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 31 | Kulirany Jose |
| 2 | Athickal Mathew | 32 | Kunnath Johny |
| 3 | Chelackapallil Thomas | 33 | Kuttikattukunnel Thomas |
| 4 | Chembakkara James | 34 | Madathil Abraham |
| 5 | Chettaniyil Thomas | 35 | Madathinakam Leopold |
| 6 | Chettiyassery Joseph | 36 | Mampallil Anto |
| 7 | Choorapuzhayil John | 37 | Mampallil George |
| 8 | Chozhenparambil John | 38 | Manakkunnel Thomas |
| 9 | Edakkudiyil Mathew | 39 | Manchuvally Joseph |
| 10 | Edayakondattu Paul | 40 | Mankottil James |
| 11 | Elayidathu Mani | 41 | Memana George |
| 12 | Elemkunnel Sebastian | 42 | Moloparambil Jose |
| 13 | Kachirayil Thomas | 43 | Moonnanal Justin |
| 14 | Kakkattikalayil Sebastian | 44 | Moothedath Thomas |
| 15 | Kalambukattu Joseph | 45 | Mukkattukavunkal Thomas |
| 16 | Kalappura Alex | 46 | Mulakudiyankal Varghese |
| 17 | Kallumgatharayil Agustine | 47 | Mulavelikunnel Jacob |
| 18 | Kappiarumalayil John | 48 | Mundackal Jose |
| 19 | Karuthedath Mathew | 49 | Muthirakalayil Joseph |
| 20 | Kattamkottil Thomas | 50 | Muthukattil Shantidas |
| 21 | Keezheth Sebastian | 51 | Myladoor George |
| 22 | Kocharackal Jose | 52 | Nanthikatt Joseph |
| 23 | Kochuparackal Mathew | 53 | Narikuzhy Jacob |
| 24 | Koipuram Sebastian | 54 | Nellikunnel Francis |
| 25 | Kokkandathil John | 55 | Nilackappillil Augustine |
| 26 | Korandiyarkunnel Paul | 56 | Olickal Thomas |
| 27 | Korattiparambil Vincent | 57 | Padinjarayil Mathew |
| 28 | Kottackal Stephen | 58 | Paikkatt Mathew |
| 29 | Kottaram Jose | 59 | Painumkal George |
| 30 | Kottayil Joseph | 60 | Palakatt Augustine |

61 Palath Joseph
62 Pariyappanal Thomas
63 Parunthanolil Thomas
64 Paruvummel Joseph
65 Periappuram Mathew
66 Perumattikunnel Mathew
67 Perumattikunnel Thomas
68 Ponparackal John
69 Ponthottiyil Thomas
70 Poovathinkal Peter
71 Pulinthanam Jose
72 Pullankunnel Chacko
73 Pulpayil Joseph
74 Punchayil Lucka
75 Puthenpura John
76 Puthukattil Mathew
77 Puthukulathil John
78 Thekkepera Mathew
79 Thondiparambil Joseph
80 Thondiparambil Sebastian
81 Thuruthel Kuriakose
82 Thuruthel Thomas
83 Vadakkel Emmanuel
84 Vadakkemulanjanal Michael
85 Valakodiyil Dominic
86 Vathelil Abraham
87 Vattakkatt Paul (Roy)
88 Vazhachalil Thomas
89 Vazhakatt Joseph
90 Vazhakkala Chackochan
91 Vazhayil Kurian

**Religious Priests**

1 Chembukettickal Jose O.Praem
2 Kanjiramparambil Johny MSFS
3 Kizhakkelamthottam Cyriac CMF
4 Mangalath Antony VC
5 Mullasseril Joy CSs R
6 Parakattukuzhiyil Chacko CMI
7 Pathazhathinkal Biju PSDP
8 Punchathalackal Rajeesh S J
9 Puthumanakunnath Thomas MCBS
10 Vadakkedath Saji MSFS
11 Vattakatt Thomas CMI

## IInd Batch - 2013 September 22 Sunday to 27 Friday

**SN Rev.Frs. Housename & Name**

1 Ambalathinkal Sebastian
2 Chakkittakudiyil James
3 Chakkittukudy Jose
4 Changanamthundathil George
5 Chempalayil Augustine
6 Elavanappara Sebastian
7 Elavunkal Johny
8 Iykkarakkanayil Thomas

**SN Rev.Frs. Housename & Name**

9 Kalappura Jose
10 Kalliyatt Devassia
11 Kallupura Johny
12 Kaniamattam Joseph
13 Kappiarumalayil Jose
14 Karukapally Joseph
15 Kassamkuttiyil Sebastian
16 Kattamkottil Joseph

17 Kattarath Mathew
18 Kattuthuruthiyil Thomas
19 Kavalakkadan Varghese
20 Kavumkal Joseph
21 Kazhuthadiyil Mathew
22 Kizhakkanputhupally Varghese
23 Kizhakkumpuram George
24 Kochuparackal Kurian
25 Kollarthottam Mathew
26 Koottala Paul
27 Koyikattil Thomas
28 Kulathinal James
29 Kumbukal James
30 Kunnathett James
31 Kuthukallunkal Francis
32 Kuttimakkal James
33 Kuzhikandathil Joseph
34 Madapallikunnel Mathew
35 Madathil Sebastian
36 Malayil Mathew
37 Manakkattumattam Paul
38 Manjakunnel Mathew
39 Mannoor Thomas
40 Maplassery Lukose
41 Mavara Stanislaus
42 Mecheril Joseph
43 Meppurath Chacko
44 Moolayil George
45 Moolayil Thomas
46 Moothedath Mathew
47 Mundackamattam Jose
48 Munjanattu Mathew
49 Muthukathaniyil Varghese
50 Muttathukunnel Joseph
51 Nadukunnel Abraham
52 Nechikatt Joseph
53 Nedumkallel Joseph
54 Ottaplackal Thomas
55 Ousepparampil Joseph
56 Padinjarayil George
57 Painumkal Kuriakose
58 Palackeel Sebastian
59 Palathadathil George
60 Pallichankudiyil Mathai
61 Parambil Kuriakose
62 Parayil Sebastian
63 Peedikappara James
64 Perumattikunnel John
65 Pinakkatt Joseph
66 Plassanal Thomas
67 Poothakkuzhy Jacob
68 Pudussery Martin
69 Pudussery Vincent
70 Pullamkunnel Joy
71 Punakkatt Chandy
72 Punnakkapadavil Sebastian
73 Puthanapra Kurian
74 Puthenpurackal Mathew
75 Puthenpurayil Joseph (Sineesh)
76 Puthukulangara Thomas
77 Thamarasseril Vincent
78 Thanniyil Augustine
79 Thekkanady Jose
80 Therakam George
81 Therakam Thomas Joseph
82 Thuruthel Joseph
83 Thykunnumpuram Thomas
84 Unnippally Sebastian
85 Urumbil Joseph

86 Vadakkancheril Mathew
87 Vadayaparambil Jose
88 Vadayaparambil Sony
89 Valachanath Cyriac
90 Valloppilly Joseph
91 Vattukunnel Issac
92 Vazhakkalayil Jose

**Religious Priests**

1 Chalil Mathew CMI
2 Ellickal Chacko OFM
3 Illiparambil Chacko CMI
4 Kulangara Jose TOR
5 Njavarakkatt Augustine CST
6 Palackathadathil Jose Mariadas, O.Praem
7 Parackal Antony SDV
8 Parekattil Baby TOR
9 Pattathilchira Thomas CMF
10 Poovakulath Jose SAC
11 Poriamvelil Thomas M.S
12 Thalachira Thomas Michael O'Carm

---

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 13824/2013***

## മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം പനമരത്ത് സെന്റ് ജൂഡ്സ് ഇടവക സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി

1955–ൽ അവിഭക്ത തലശ്ശേരി രൂപതയുടെ കീഴിൽ അരിഞ്ചേർമലയിൽ ഒരു ദേവാലയം നിർമ്മിക്കുകയും 1957–ൽ അരിഞ്ചേർമല സെന്റ് തോമസ് ഇടവക സ്ഥാപിക്കുകയും ചെയ്തു. അരിഞ്ചേർമല, ഏച്ചോം, കൈപ്പാട്ടുകുന്ന്, ചുണ്ടക്കുന്ന്, പുഷ്പഗിരി, പച്ചിലക്കാട്ട് എന്നീ പ്രദേശങ്ങളിൽ വ്യാപിച്ച് കിടക്കുന്നതും ഭൂമിശാസ്ത്രപരമായി വളരെയേറെ വിസ്തീർണ്ണമുള്ളതുമായ ഇടവകയായിരുന്നു അരിഞ്ചേർമല. ഈ പ്രദേശങ്ങളിൽ കൈപ്പാട്ടുകുന്ന്, പുഷ്പഗിരി, പച്ചിലക്കാട്ട് എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ ഇടവക ദേവാലയത്തിൽ നിന്നും 4 കിലോമീറ്റർ ദൂരത്താണ് താമസിക്കുന്നത്. അതിനാൽ അരിഞ്ചേർമല സെന്റ് തോമസ് ഇടവകയുടെ സെന്റ് സെബാസ്റ്റ്യൻ, ഇൻഫന്റ് ജീസസ്, സെന്റ് ജോസഫ്, സെന്റ് തെരേസാസ് എന്നീ വാർഡുകളിൽപ്പെട്ട 100 കുടുംബങ്ങൾ തങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ ഏതാനും വർഷങ്ങളായി നിർവ്വഹിച്ച് വന്നിരുന്നത് പനമരത്തിനടുത്തുള്ള പുഷ്പഗിരി കർമ്മലീത്താ വൈദികരുടെ ആശ്രമ ദേവാലയത്തിലാണ്. നാലാം ക്ലാസുവരെ കുട്ടികൾക്ക് വിശ്വാസപരിശീലനവും അവിടെത്തന്നെയാണ് നടത്തപ്പെട്ടിരുന്നത്. എന്റെ മുൻഗാമി യശ്ശഃശരീരനായ അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമുഴിപ്പിതാവ് ആശ്രമത്തിന്റെ ബഹുമാനപ്പെട്ട മേലധികാരികളുമായി ഉണ്ടാക്കിയ ഒരു ധാരണപ്രകാരം അവിടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചിരുന്ന അരിഞ്ചേർമല ഇടവകാംഗങ്ങൾക്ക് അപ്രകാരം ചെയ്തുകൊടുക്കാൻ ആശ്രമത്തിലെ ബഹുമാനപ്പെട്ട വൈദികർ സന്നദ്ധത പ്രകടിപ്പിച്ചതിനേത്തുടർന്നാണ് ആ ശുശ്രൂഷ

നടന്നു വന്നിരുന്നത്. അരിഞ്ചേർമല ഇടവകദേവാലയത്തിൽനിന്ന് മേൽപ്പറഞ്ഞ വാർഡുകാർക്കുള്ള ദൂരമാണ് അപ്രകാരം ഒരു ധാരണയ്ക്ക് നിദാനമായത്.

ആശ്രമദേവാലയത്തിലെ ശുശ്രൂഷകൾ ഒരു താത്ക്കാലിക സംവിധാനമായിരുന്നതിനാലും എന്നാൽ ദീർഘകാലം അങ്ങനെ തുടരുമ്പോൾ മാതൃ ഇടവകയിൽനിന്ന് വിശ്വാസികൾ അന്യവത്ക്കരിക്കപ്പെടും എന്നതിനാലും ആശ്രമദേവാലയത്തെ ഒരു ഇടവക ദേവാലയമാക്കുന്നതിനും അത് ആശ്രമവൈദികരെ തന്നെ ഏൽപ്പിക്കുന്നതിനും അവിടെ ആദ്ധ്യാത്മിക ശുശ്രൂഷ തേടിയിരുന്നവർ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. ഇക്കാര്യം ഞാൻ ആശ്രമത്തിന്റെ ബഹുമാനപ്പെട്ട മേലധികാരികളുമായി ചർച്ച ചെയ്തെങ്കിലും അവർക്ക് അതിന് ബുദ്ധിമുട്ടുണ്ട് എന്നറിയിച്ചതിനാൽ ആ ശ്രമത്തിൽനിന്ന് ഞാൻ പിന്മാറി.

ഏതാനും വർഷങ്ങളായി പനമരത്ത് നിന്ന് നടവയലിന് പോകുന്ന റോഡിനടുത്തായി കപ്പുച്ചിൻ സമൂഹത്തിന്റെ ഒരു ആശ്രമവും ദേവാലയവും അവിടെ പൊതുജനങ്ങൾക്കായി ഒരു കുർബാനകേന്ദ്രവും നിലവിലുണ്ട്. അവർ അവിടെ ആ ആശ്രമം തുടങ്ങുന്ന സന്ദർഭത്തിൽ ആശ്രമാധികാരികൾ രൂപതാധികാരികളുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ച് പനമരംഭാഗത്ത് ഒരു ഇടവക സ്ഥാപിക്കാൻ സാധ്യത തെളിയുകയാണെങ്കിൽ ആ ആശ്രമദേവാലയത്തെ ഇടവക ദേവാലയമായി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാനും സാധ്യത ഉണ്ടായിരുന്നു. എന്നാൽ അരിഞ്ചേർമല ഇടവകയിൽനിന്ന് പുതിയ ഇടവകയ്ക്കായി ആവശ്യപ്പെട്ട വാർഡുകാരെ സംബന്ധിച്ചിടത്തോളം കപ്പുച്ചിൻ ആശ്രമ ദേവാലയം ഏറെ അകലെയായിരുന്നതിനാൽ അവിടെ ഇടവക സ്ഥാപിക്കുന്നതിനോട് അവർക്ക് യോജിപ്പില്ലായിരുന്നു. അതേ സമയം കപ്പുച്ചിൻ ആശ്രമ ദേവാലയത്തിൽ ഇടയ്ക്കെങ്കിലും ആദ്ധ്യാത്മിക ശുശ്രൂഷകൾ തേടിയിരുന്ന ചെറുകാട്ടൂർ, നടവയൽ എന്നീ ഇടവകകളിൽപ്പെട്ട കുടുംബങ്ങളിൽ ഏറെപ്പേരൊന്നും ആശ്രമദേവാലയം ഇടവകയാക്കുന്നതിന് താത്പര്യം കാണിച്ചതുമില്ല. അതുകൊണ്ട് കപ്പുച്ചിൻ ആശ്രമ ദേവാലയത്തിൽ ഇടവക സ്ഥാപിക്കുക എന്ന സാധ്യതയ്ക്കും പ്രസക്തിയില്ലാതെയായി.

ഈ സാഹചര്യത്തിലാണ് പുഷ്പഗിരിയോടടുത്ത് പ്രധാന റോഡരുകിൽ ഒരു പുതിയസ്ഥലം കണ്ടെത്തുക എന്ന നിർദ്ദേശം ഉയർന്ന് വന്നത്. ഇക്കാര്യം രൂപതയിലെ എല്ലാ ആലോചനാസമിതികളിലും ചർച്ച ചെയ്യുകയും അവരെല്ലാം ആ നിർദ്ദേശം സർവ്വാത്മനാ അംഗീകരിക്കുകയും ചെയ്തു. അരിഞ്ചേർമല ഇടവകയിൽനിന്ന് പുഷ്പഗിരി ആശ്രമ

ത്തിൽ ആദ്ധ്യാത്മികശുശ്രൂഷകൾ സ്വീകരിച്ചിരുന്നവർക്കും ഈ നിർദ്ദേശം ഏറെ സ്വീകാര്യമായിരുന്നു. അക്കാര്യം അവർ അരിഞ്ചേർമല ഇടവക വികാരിയേയും ഇടവക പൊതുയോഗത്തേയും അറിയിക്കുകയും അവരും അക്കാര്യം സമ്മതിച്ച് അപ്രകാരം ചെയ്യുന്നതിന് തടസ്സമില്ല എന്ന് എന്നെ രേഖാമൂലം അറിയിക്കുകയും ചെയ്തു.

ഇക്കാര്യം അറിയിച്ചുകൊണ്ടും പുതിയ ഇടവകയിൽ ചേരാൻ താത്പര്യമുള്ളവരുടെ പേരുകൾ ക്ഷണിച്ചുകൊണ്ടും അരിഞ്ചേർമല, നടവയൽ, ചെറുകാട്ടൂർ, കണിയാമ്പറ്റ എന്നീ ഇടവകകളിലേയ്ക്ക് ഞാൻ കത്തുകൾ അയച്ചിരുന്നു. കാരണം ഈ ഇടവകകളുടെ അതിർത്തി പ്രദേശങ്ങൾ കുറേയെങ്കിലും എടുത്തെങ്കിലേ പുതിയ ഇടവകസ്ഥാപിക്കാൻ സാധിക്കുമായിരുന്നുള്ളൂ. അക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കുകയും താത്പര്യമുള്ളവരുടെ പേരുകൾ രൂപതാകേന്ദ്രത്തിൽ നൽകുകയും ചെയ്തു. നടവയൽ ഇടവകയിൽ നിന്ന് 5 ഉം ചെറുകാട്ടൂർ ഇടവകയിൽ നിന്ന് 10 ഉം കുടുംബങ്ങളാണ് ഇങ്ങനെ പുതിയ ഇടവകയിൽ ചേരാൻ ഇതുവരെ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്. അരിഞ്ചേർമല ഇടവകയിൽനിന്ന് നേരത്തെ പേര് തന്നിരുന്ന 100 കുടുംബങ്ങൾ അവരുടെ സമ്മതം ഒരിക്കൽകൂടി അറിയിക്കുകയും ചെയ്തു.

സാധ്യമായ എല്ലാ വേദികളിലും ചർച്ച ചെയ്ത് ഏതെല്ലാം ഇടവകകളുടെ ഏതെല്ലാം വാർഡുകളാണ് പുതിയ ഇടവകയിൽ ചേർക്കാൻ പറ്റുക എന്ന് തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് അരിഞ്ചേർമല ഇടവകയുടെ 4 വാർഡുകൾ, ചെറുകാട്ടൂർ ഇടവകയുടെ വാർഡ് 5, നടവയൽ ഇടവകയുടെ പരിയാരം - മാത്തൂർ - നെല്ലിയമ്പം - കാവടം റോഡിന് പടിഞ്ഞാറ്ഭാഗം, കണിയാമ്പറ്റ ഇടവകയുടെ പച്ചിലക്കാട് - കൂടോത്തുമ്മൽ ജംഗ്ഷൻ വരെയുള്ള പ്രദേശം എന്നിവയാണ് പുതിയ ഇടവകയിൽ ഉൾപ്പെടുത്തിയ സ്ഥലങ്ങൾ.

ഇപ്രകാരം ഒരു ഇടവക സ്ഥാപനത്തിന് ആവശ്യമായ നയ്യാമിക കാര്യങ്ങൾ പൂർത്തീകരിച്ചിരിക്കുന്നതിനാലും ഈ ഇടവകയുടെ അതിർത്തിയിൽ വരുന്ന ദൈവജനത്തിന്റെ താൽപര്യം പരിഗണിച്ചും 2012 മാർച്ച് 15-ന് അരിഞ്ചേർമല ഇടവകയിലെ പൊതുയോഗത്തിന്റെ തീരുമാനം കണക്കിലെടുത്തും 2013 ഫെബ്രുവരി 19-ന് ചേർന്ന വൈദിക സെനറ്റിന്റെ അഭിപ്രായവും സമ്മതവും പരിഗണിച്ചും രൂപതാ മെത്രാൻ എന്ന നിലയിൽ എനിക്കുള്ള അധികാരം ഉപയോഗിച്ചും 2013 മെയ് 16 മുതൽ പനമരത്ത് ഒരു ഇടവക സ്ഥാപിക്കുന്നു. സെന്റ് ജൂഡ്സ് ചർച്ച്, പനമരം എന്നതായിരിക്കും ഈ ഇടവകയുടെ ഔദ്യോഗിക നാമം.

ഈ രൂപതയിൽ ഉള്ള മറ്റ് ഇടവകകൾക്കുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നുമുതൽ പ്രസ്തുത ഇടവകയ്ക്കും ഉണ്ടായിരിക്കുന്നതാണ്. അന്നുമുതൽ പനമരം പാദ്രേ പിയോ ആശ്രമം, പുഷ്പഗിരി ആശ്രമം, പച്ചിലക്കാട് പ്രശാന്തി ആശ്രമം എന്നിവിടങ്ങളിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും പൊതുജനങ്ങൾക്കു വേണ്ടി വി.കുർബാന ഉണ്ടായിരിക്കുന്നതല്ല. പനമരം പാദ്രോപിയോ ആശ്രമത്തിന് ഉണ്ടായിരുന്ന Mass Centre എന്ന പദവിയും അതോടെ ഇല്ലാതാകുന്നതാണ്.

താഴെപറയുന്ന അതിർത്തിക്കുള്ളിൽ ഇപ്പോൾ താമസിക്കുന്ന 115 കുടുംബങ്ങളും ഇനി ഭാവിയിൽ ഈ അതിർത്തിയിൽ കുടിയേറി പാർക്കുന്നവരുമായ സീറോ മലബാർ സഭാംഗങ്ങൾ ഇനിമുതൽ മേൽ ഇടവകയുടെ അംഗങ്ങളായിരിക്കും. ഈ അതിർത്തിക്കുള്ളിലുള്ള സന്യാസഭവനങ്ങളും പുതിയ ഇടവകയുടെ കീഴിലായിരിക്കും.

**അതിർത്തികൾ**

**കിഴക്ക് :** പരിയാരം - മാത്തൂർ - നെല്ലിയമ്പം - കാവടം റോഡ്

**തെക്ക് :** മില്ലുമുക്ക് ജംഗ്ഷനും പച്ചിലക്കാട് - കൂടോത്തുമ്മൽ - പുത്തൻപുര കോളനി റോഡ്

**വടക്ക് :** ആര്യന്നൂർ വയൽ - കാപ്പിഡിപ്പോ - മുസ്ലീംപള്ളി - പരകുനി റോഡ്

**പടിഞ്ഞാറ് :** കൈപ്പാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻ വാർഡിന്റെ അതിർത്തിയിലുള്ള തേനേത്ത് ഉലഹന്നൻ, കൊട്ടാരമുകളേൽ ജോർജ് എന്നിവരുടെ വീടുകൾ ഉൾപ്പെടെ.

പുതിയ ഇടവകയിൽ സിമിത്തേരി ഇല്ലാത്തതിനാൽ അതാത് ഇടവകകളിൽനിന്ന് പുതിയ ഇടവകയിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെടുന്ന വാർഡുകളിൽ ഇപ്പോൾ താമസക്കാരായിട്ടുള്ളവരും പുതിയതായി ആ വാർഡുകളിൽ താമസക്കാരായി എത്തുന്നവരുമായ എല്ലാവരുടേയും മൃതസംസ്കാരം പുതിയ ഇടവകയിൽ സിമിത്തേരി ഉണ്ടാകുന്നതുവരെ ആ വാർഡുകൾ ഏതൊരു ഇടവകയുടെ ഭാഗമായിരുന്നോ ആ ഇടവകയിൽതന്നെ നടത്താൻ അനുവദിക്കുന്നു.


പനമരം സെന്റ് ജൂഡ്സ് ഇടവകയുടെ പ്രഥമ വികാരിയായി ബഹു. ജെയിംസ് ചക്കിട്ടുകുടി അച്ചനെ ഞാൻ നിയമിക്കുന്നു. അതുപോലെതന്നെ തങ്ങളുടെ ഇടയനും പിതാവുമായി അച്ചനെ സ്വീകരിച്ച് സ്നേഹിക്കുകയും ബഹുമാനിക്കുകയും എല്ലാ കാര്യങ്ങളിലും യഥായോഗ്യം അനുസരിക്കുകയും അദ്ദേഹത്തോട് സഹകരിക്കുകയും ഇടവകയുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്ന

കാര്യം അവിടുത്തെ പ്രിയപ്പെട്ട ദൈവജനത്തെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു. ഒരു ഇടവകയിലെ വിശ്വാസികളുടെ വിശ്വാസപരമായ വളർച്ചയ്ക്കും അജപാലനപരമായ പ്രവർത്തനങ്ങൾക്കും ആവശ്യമായ പരീഷ് കൗൺസിൽ പോലുള്ള സമിതികളും കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് ആവശ്യമായ കാര്യങ്ങളും ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളും ഉടൻതന്നെ ആരംഭിക്കേണ്ടതാണ്.


പുതിയ ഇടവകയുടെ സ്ഥാപനത്തിനായി യത്നിച്ചിട്ടുള്ള എല്ലാ വരേയും, പ്രത്യേകിച്ച് അരിഞ്ചേർമല, ചെറുകാട്ടൂർ, നടവയൽ, കണി യാമ്പറ്റ എന്നീ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും പുഷ്പഗിരി ആശ്രമത്തിലെയും പാദ്രേ പിയോ ആശ്രമത്തിലേയും പ്രശാന്തി ആശ്രമത്തിലെയും വൈദികരെയും ഈ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. സമർപ്പിത സഹോദരിമാരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. വളരെ പ്രത്യേകമായി, പനമരത്ത് ഇടവക സ്ഥാപിക്കാൻ എല്ലാവിധ സഹായ സഹകരണങ്ങളും നൽകുകയും ഏറെ ത്യാഗപൂർവ്വം അദ്ധ്വാനിക്കുകയും ചെയ്ത ബഹു. ചക്കിട്ടുകുടി യിൽ ജെയിംസ് അച്ചനെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും നന്ദി പറ യുകയും ചെയ്യുന്നു. പുതിയ ഇടവകയുടെ ബഹു. വികാരിയച്ചനെയും ഇടവക ജനത്തെയും നല്ല ഇടയനായ ഈശോ തന്റെ അപ്പസ്തോല നായ വി. യൂദാ തദ്ദേവൂസിന്റെ മദ്ധ്യസ്ഥതയിലൂടെ ധാരാളമായി അനു ഗ്രഹിക്കട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹ വാസവും + നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്നും 2013 മെയ് മാസം 24 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ




**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ



# സെമിനാരി വാർത്തകൾ

പൗരോഹിത്യ പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ പിന്നിട്ട് തങ്ങളുടെ ലക്ഷ്യം മനസ്സിൽ സൂക്ഷിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന ബ്രദേഴ്സിനെ എല്ലാവരെയും അഭിനന്ദിക്കുന്നു.

2013 മാർച്ച് 25-ാം തീയതി മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ കൈവയ്പുവഴി സാന്റോ അമ്പലത്തറ, അനീഷ് കാട്ടാത്ത്, ജിനോ മേക്കാട്ട് എന്നിവർ മ്ശംശാന പട്ടവും ആലുങ്കൽ അനീഷ്, ഇളംകുന്നപുഴ സിജോ, മാടപ്പള്ളിക്കുന്നേൽ സിബി, പാറയ്ക്കൽ നോബിൾ, പുലിക്കുഴിയിൽ ഷിന്റോ, വേനക്കുഴിയിൽ ഷിജോ എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, ചിറയ്ക്കത്തോട്ടത്തിൽ സിജേഷ്, ചിറ്ററയ്ക്കൽ സനോജ്, കൊല്ലംകുന്നേൽ അനൂപ്, പാലക്കാട്ട് നിധിൻ, പീച്ചാട്ട് ജിതിൻ, തേക്കിലക്കാട്ടിൽ ജോമേഷ്, തേവർകുന്നേൽ ബിവാൾഡിൻ, വെട്ടിക്കൽ പ്രകാശ് എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു. ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും ഇവർക്ക് ആശംസകളർപ്പിച്ചു.

### പുത്തൻവസ്ത്രം പുത്തനുണർവ്വ്

2013 മെയ് 13-ാം തീയതി രാവിലെ അഭിവന്ദ്യപിതാവ് അർപ്പിച്ച വി.ബലി മദ്ധ്യേ തട്ടുപറമ്പിൽ ജിന്റോ, വടാശ്ശേരിൽ സനീഷ്, വട്ടുകുളത്തിൽ ജിബിൻ എന്നിവരുടെ പൗരോഹിത്യ വസ്ത്ര സ്വീകരണവും നടത്തപ്പെട്ടു.

2 വർഷത്തെ PG പ്രോഗ്രാം പൂർത്തിയാക്കി ലക്ഷ്യം മറക്കാതെ തങ്ങളെ വിളിച്ചവനെ ആശ്രയിച്ച് മുന്നേറുന്ന ഇവർക്ക് ഒരായിരം മംഗളങ്ങൾ! ഇവർ യഥാക്രമം മംഗലപ്പുഴ, തൃശൂർ, വടവാതൂർ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപഠനമാരംഭിച്ചു. ഇവർക്ക് ദൈവശാസ്ത്രപഠനത്തിൽ എല്ലാവിധ ദൈവാനുഗ്രഹവും ആശംസിക്കുന്നു.

### ഫിലോസഫി പഠനത്തിനായി

മൈനർ സെമിനാരി പരിശീലനം യഥാവിധി പൂർത്തിയാക്കി വിവിധ മേജർ സെമിനാരികളിലേക്ക് പുറപ്പെട്ടവർ

പുലിക്കുന്നേൽ ക്ലിന്റോ - വടവാതൂർ

പന്തയ്ക്കൽ അലൻ, തൊണ്ടിപ്പറമ്പിൽ കിരൺ - മംഗലപ്പുഴ

നാക്കുഴിക്കാട്ട് ജോമിൻ, പന്നയ്ക്കൽ അമൽ - കുന്നോത്ത്

കാരാമയിൽ ഷാന്റോ, വളയത്തിൽ ആൽബിൻ - പൂന

## ദൈവത്തിന്റെ തിരഞ്ഞെടുപ്പ് (MMC)

തങ്ങളുടേതല്ല, ദൈവത്തിന്റെ തിരഞ്ഞെടുപ്പാണ് പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിയെന്ന് തിരിച്ചറിഞ്ഞ് മൈനർ സെമിനാരിയുടെ പടിവാതിൽ കടന്ന് വന്നവർ

1. അയ്യാനിക്കാട്ട് എബിൻ - തവിഞ്ഞാൽ
2. ചേറാടിയിൽ ജെസിൻ - തോമാട്ടുചാൽ
3. കടകേലിൽ ടോംലിൻ - റിപ്പൺ
4. കടിയിങ്കൽ ജിലിൻ - മാർട്ടിൻ നഗർ
5. കല്ലടയിൽ മെൽബിൻ - അമ്പായത്തോട്
6. കളപ്പുര ജോമിറ്റ് - ശാന്തിഗിരി
7. കണംകൊമ്പിൽ അനൂപ് - കല്ലോടി
8. കാട്ടാംകോട്ടിൽ ലിജോ - പുതിയിടം
9. കീച്ചേരിയിൽ അമൽ - ശാന്തിഗിരി
10. കൊറ്റാലിക്കരോട്ട് മൃദുൽ - ചെന്നലോട്
11. കൊട്ടാരത്തിൽ ആൽബിൻ - കല്ലോടി
12. കൂരീക്കാട്ടിൽ ജിതിൻ - കല്ലോടി
13. നാടികുന്നേൽ ജോജിറ്റ് - മരകാവ്
14. പാലക്കുഴ ബോബി - ധർമ്മഗിരി
15. പനച്ചേപ്പള്ളിൽ ഫെബിൻ - മണിമൂളി
16. പെരുമായൻ സിജോ - മരുത
17. പ്ലാത്തോട്ടത്തിൽ ജോർജ് - മണിമൂളി
18. പുലിക്കുട്ടിനാൽ ജോജോ - ദീപ്തിഗിരി
19. താണിപ്പള്ളിൽ ബിനക്സ് - വെള്ളൂന്നി
20. തോന്നാംകുഴിയിൽ അബിൻ - ദ്വാരക
21. തുറുവേലിക്കുന്നേൽ നിഖിൽ - ചെന്നലോട്
22. വടക്കേടത്ത് ജിതിൻ - പൂളപ്പാടം
23. വടക്കൻ അനൂപ് - പുതിയിടംകുന്ന്
24. മുടക്കൽ സാംസൺ - മരുത
25. വേളീപറമ്പിൽ ബിനോയി - മണ്ഡ്യ രൂപത
26. ഏഴേക്കുന്നേൽ അരുൺ - ഭദ്രാവതി രൂപത
27. കണ്ടംകേരി ജസ്റ്റിൻ - ഭദ്രാവതി രൂപത
28. അരീക്കാട്ട് അഖിൽ - ഭദ്രാവതി രൂപത

**ഫാ. തോമസ് കച്ചിറയിൽ**

റെക്ടർ മൈനർ സെമിനാരി, മാനന്തവാടി

# മതബോധനരംഗം

മെയ് 25-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട പ്രധാനാ ധ്യാപകരുടെയും ബഹു. വികാരിയച്ചൻമാരുടെയും സംയുക്ത സമ്മേ ളനത്തോടെ 2013-14 അധ്യയനവർഷം ആരംഭിച്ചു. പുതിയ അധ്യയന വർഷത്തിൽ കൂടുതൽ തീഷ്ണതയോടെ, മതബോധനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വിശ്വാസ പരിശീലന പ്രവർത്തനങ്ങളിലേയ്ക്ക് പ്രവേശിക്കാം എന്ന സന്ദേശത്തോടെ ഡയറക്ടർ ഫാ. റോയി വട്ടക്കാട്ട് ഏവരേയും സ്വാഗതം ചെയ്തു.

കാലത്തിന്റെ മാറ്റങ്ങളനുസരിച്ച് മാറേണ്ട മതബോധന രീതികൾ, ഇന്നത്തെ വിദ്യാർത്ഥികളുടെ സഞ്ചാരപഥങ്ങൾ, അവരുടെ അഭിരുചി കൾ എന്നിവ ഏതൊക്കെയാണെന്ന് തിരിച്ചറിയേണ്ടതിന്റെ പ്രസക്തി, വിശ്വാസ വർഷത്തിൽ വിശ്വാസ പരിശീലനത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും തുടർവിശ്വാസ പരിശീല നത്തിന്റെ പ്രസക്തി മുതലായ കാര്യങ്ങൾ അവതരിപ്പിച്ച് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം നൽകിയ അദ്ധ്യക്ഷ പ്രസംഗം ഏറെ ഉപകാരപ്രദവും പ്രചോദനാത്മകവും ആയിരുന്നു.

കഴിഞ്ഞ 9 വർഷക്കാലം മാനന്തവാടി രൂപതയുടെ മതബോധന ഡയറക്ടർ ആയി സേവനം ചെയ്ത്, ഇപ്പോൾ 'രൂപത പ്രൊക്യുറേറ്റർ' എന്ന സേവന രംഗത്തേക്ക് സ്ഥലം മാറിയ ബഹു. ബെന്നി മുതിരക്കാ ലയച്ചന് കൃതജ്ഞതയും അഭിനന്ദനങ്ങളും ആശംസകളും അർപ്പിച്ചു കൊണ്ട് രൂപതാ ടീം അംഗം ശ്രീ. ജോർജ് നാക്കുഴിക്കാട്ട് സംസാരിച്ചു. തുടർന്ന് വിശ്വാസ പരിശീലനരംഗത്ത് 50 വർഷങ്ങൾ പൂർത്തിയാക്കി സുവർണ്ണജൂബിലി ആഘോഷിക്കുന്ന ശ്രീ. ജോസഫ് ആലുങ്കൽ (പാലാങ്കര), റവ.സി. പെലാജിയ എഫ്.സി.സി. (പറളികുന്ന്), റവ.സി. സിസിലി സി.എം.സി. (കബനിഗിരി) എന്നിവർക്കും 25 വർഷങ്ങൾ പൂർത്തിയാക്കി സിൽവൽ ജൂബിലി ആഘോഷിക്കുന്ന രൂപതാ ടീം അംഗം ശ്രീ. ജോൺ തോട്ടത്തിൽ (അമ്പായത്തോട്), ശ്രീ. ജയിംസ്

മങ്ങാട്ടുകുന്നേൽ (പാടിച്ചിറ), ശ്രീ. ഔസേപ്പച്ചൻ തേക്കാനത്ത് (ബത്തേരി), ശ്രീ. ബിനോയ് പാറക്കാടൻ (കൽപ്പറ്റ), ശ്രീമതി വൽസ അമ്പാട്ട് (അമ്പായത്തോട്), ശ്രീമതി ത്രേസ്യാമ്മ ജോസ് (ഞാറപ്പാടം), റവ.സി. സ്റ്റാർലി എഫ്.സി.സി (കല്ലുമുക്ക്), റവ.സി. സിസി സി.എം. സി. (പാടിച്ചിറ), റവ.സി. ആൻസി കുഴിപ്പിള്ളിൽ എസ്.എച്ച് (വൈത്തിരി), റവ.സി. ലൂസി കുര്യൻ എസ്.എച്ച് (ചുങ്കക്കുന്ന്) എന്നിവർക്ക് അഭിന ന്ദനങ്ങളും പ്രാർത്ഥനാ മംഗളങ്ങളും രൂപതാ ടീം അംഗം ശ്രീ. ബെന്നി ആന്റണി വട്ടക്കാമുളയിൽ ആശംസിച്ചു. കഴിഞ്ഞ അൻപതും ഇരു പത്തിഅഞ്ചും വർഷങ്ങളിലൂടെ വിശ്വാസപരിശീലന രംഗത്ത് പ്രവർത്തിച്ച് സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായി മാറിയ ഇവ രുടെ സന്മനസ്സിന് ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

കഴിഞ്ഞ അധ്യയനവർഷം IV, VII, X, XII ക്ലാസുകളിലും DCC, HDC കോഴ്സുകളിലും ഉന്നതവിജയം നേടിയവരേയും SELOC രൂപത പ്രതിഭകളെയും അനുമോദിച്ച് രൂപത ടീം അംഗം റവ.സി. അനിത സി. എം.സി. സംസാരിച്ചു. അവരെ പരിശീലിപ്പിച്ച അധ്യാപകർ, മാതാപി താക്കൾ നേതൃത്വം നൽകുന്ന വികാരിയച്ചന്മാർ..... എല്ലാവർക്കും അഭി നന്ദനങ്ങളും അനുമോദനങ്ങളും നേരുന്നു.

ദൈവം തങ്ങൾക്കു നൽകിയ അനുഗ്രഹങ്ങൾ നന്ദിപൂർവ്വം അനു സ്മരിച്ചുകൊണ്ട് ജൂബിലേറിയൻസിന്റെ പ്രതിനിധികളായി ശ്രീ. ജോസഫ് ആലുങ്കൽ, ശ്രീ. ജോൺ തോട്ടത്തിൽ, കുട്ടികളുടെ പ്രതിനി ധിയായി ജാസ്മിൻ ജോസ് കുര്യൻപറമ്പിൽ, HDC പ്രതിനിധി ശ്രീമതി ഷീജ സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ട് എന്നിവർ സംസാരിച്ചു.

തുടർന്ന് ബഹു. ബെന്നി മുതിരക്കാലായച്ചൻ തന്റെ മറുപടി പ്രസം ഗത്തിലൂടെ എല്ലാവർക്കും കൃതജ്ഞതയർപ്പിക്കുകയും വിശ്വാസ പരി ശീലനത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകളും അനുഭവങ്ങളും പങ്കു വെക്കുകയും ചെയ്തു.

2013 – 14 വർഷത്തെ മതബോധന കലണ്ടർ, പ്രധാനപ്പെട്ട കാര്യ ങ്ങൾ, പ്രധാനാധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം രൂപത മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ വിശ്വാസ പരിശീലന രംഗത്ത് ഈ അധ്യയനവർഷം പ്രത്യേക ശ്രദ്ധ വേണ്ട കാര്യങ്ങൾ പങ്കുവച്ചു. തുടർന്ന് രൂപത മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാ ലയ്ക്കൽ നന്ദി പ്രകാശിപ്പിച്ചു. രൂപതാ ഗാനത്തോടെ സമ്മേളനം അവ സാനിച്ചു.

**ശ്രീ. തോമസ് ഏറണാട്ട് സാറിന് നന്ദി... ശ്രീ. ബേബി ജോസഫ് സാറിന് സ്വാഗതം.**

ദീർഘവർഷങ്ങൾ രൂപതാ മതബോധന ടീം അംഗമായും കഴിഞ്ഞ 9 വർഷങ്ങൾ മതബോധന സെക്രട്ടറിയായും നിസ്തുലമായ സേവനം മതബോധന കേന്ദ്രത്തിനും മാനന്തവാടി രൂപതയ്ക്കും നൽകി, ബഹു. ഡയറക്ടർമാരോടൊപ്പം രൂപതാ മതബോധന ടീമിന് നേതൃത്വം നൽകിയ ശ്രീ. തോമസ് ഏറണാട്ട് സാറിന് രൂപത മതബോധന കേന്ദ്ര ത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി. ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ സാറാണ് പുതിയ രൂപതാമതബോധന സെക്രട്ടറിയായി തെരഞ്ഞെടു ക്കപ്പെട്ടിരിക്കുന്നത്. പുതിയ ഉത്തരവാദിത്വത്തിൽ ബേബിസാറിന് അഭി നന്ദനങ്ങളും ആശംസകളും നേരുന്നു.

**അധ്യാപക പരിശീലനം**

2 മുതൽ 12 വരെയുള്ള ക്ലാസുകളിലെ അധ്യാപകർക്കുള്ള പഠന പരിശീലനത്തിൽ സംബന്ധിച്ച എല്ലാ അധ്യാപകർക്കും അവർക്ക് പരിശീലനം നൽകിയ ടീം അംഗങ്ങളായ ശ്രീ. ബേബി ജോസഫ്, ശ്രീ.ബെന്നി ആന്റണി, ശ്രീ. ഫ്രാൻസീസ് മാടപ്പള്ളിക്കുന്നേൽ, ശ്രീ.ജോൺ തോട്ടം, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ജോൺസൺ വടക്കേക്കരയിൽ, ശ്രീ. ഔസേപ്പ് ഇണ്ടിക്കുഴ, ശ്രീ. സജി നരിവേലിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. അലക്സ് കുഴി കണ്ടത്തിൽ, സി. ആൻമരിയ എസ്. എ. ബി. എസ്., സി. മെർലിൻ എസ്. കെ. ഡി., സി. ജ്യോതി എഫ്.സി.സി., സി. അനിത സി.എം.സി. എന്നിവർക്കും അധ്യാപകരെ പറഞ്ഞയച്ച വികാരിയച്ചൻമാർ, പ്രധാ നാധ്യാപകർ എന്നിവർക്കും നന്ദി.

**ആമുഖ സെമിനാർ**

ജൂൺ 21-23 ദിവസങ്ങളിൽ നടത്തിയ ആമുഖസെമിനാറിൽ പങ്കെ ടുത്ത എല്ലാ പുതിയ അധ്യാപകർക്കും ആശംസകളും പ്രാർത്ഥനകളും. അടുത്ത ബാച്ചിന്റെ ആമുഖ സെമിനാർ ജൂലൈ 19-21 തീയതികളിലാണ്. അധ്യാപകരുടെ പേര് വിവരം മുൻകൂട്ടി അറിയിക്കണം.

**HCC Private Registration വിദ്യാർത്ഥികളുടെ സംഗമം**

എൻട്രൻസ് കോച്ചിംഗ്, വീട്ടിൽനിന്ന് മാറി ദൂരസ്ഥലങ്ങളിലുള്ള പഠനം, നവോദയ വിദ്യാർത്ഥികൾ ഈ കാരണങ്ങളാൽ ഞായറാഴ്ച കളിൽ മതബോധനക്ലാസിൽ പങ്കെടുക്കുവാൻ സാധ്യമല്ലാത്ത HCC (+1, +2) വിദ്യാർത്ഥികൾ, അവരുടെ മാതാപിതാക്കളിൽ ഒരാളോടൊപ്പം

ജൂലൈ 13 ശനിയാഴ്ച 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ എത്തേണ്ടതാണ്. മണിമൂളി, നിലമ്പൂർ ഫൊറോനകളിലും നീലഗിരി റീജിയണിലുമുള്ള കുട്ടികൾ ജൂലൈ 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മണിമൂളി പാസ്റ്ററൽ സെന്ററിൽ ആണ് എത്തേണ്ടത്. ഈ മീറ്റിംഗിൽ പങ്കെടുക്കുന്ന കുട്ടികളെ മാത്രമേ രജിസ്ട്രേഷന് അനുവദിക്കുകയുള്ളു എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. പ്രൈവറ്റ് രജിസ്ട്രേഷന്റെ നിബന്ധനകളും വിശദാംശങ്ങളും അന്നേദിവസം നൽകുന്നതായിരിക്കും. HCC പ്രൈവറ്റ് രജിസ്ട്രേഷൻ ഫീസ് 100/-

## HCC Registration

അടുത്ത അധ്യയനവർഷത്തേക്കുള്ള HCC (+1, +2) കോഴ്സിലേക്കുള്ള അപേക്ഷകൾ ജൂലൈ 31-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## നേഴ്സറി അധ്യാപക പരിശീലനം

ബൈബിൾ നേഴ്സറി അധ്യാപകർക്കായുള്ള പരിശീലനം ആഗസ്റ്റ് 3-ാം തീയതി 4 p.m. ന് ആരംഭിച്ച് 4-ാം തീയതി 4 p.m.ന് അവസാനിക്കും. ഫീസ് 125/- പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

## ഫൊറോന ഡയറക്ടർമാർക്ക് സ്വാഗതം

വിവിധ ഫൊറോനകളിൽ മതബോധന ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ബഹു. അച്ചൻമാർക്ക് ഹൃദയപൂർവ്വം സ്വാഗതമോതുന്നു. ബഹു. ജോസ് തേക്കനാടിയച്ചൻ (ചുങ്കക്കുന്ന്), ബഹു. സെബാസ്റ്റ്യൻ പാറയിലച്ചൻ (നിലമ്പൂർ), ബഹു. തോമസ് പൊൻതൊട്ടിയച്ചൻ (നീലഗിരി റീജിയൺ)

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2013**

ലോഗോസ് ക്വിസ്സിന് ഇടവകകളിൽ ആവേശകരമായ പ്രതികരണം നൽകുന്നതിന് എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ലോഗോസ് ക്വിസിന്റെ 2013 വർഷത്തെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ 2013 ജൂൺ 20-ാം തീയതി ഇടവകയിൽ ആരംഭിക്കുന്നു. രൂപതാതലത്തിൽ ജൂലൈ 31-ാം തീയതി രജിസ്ട്രേഷൻ അവസാനിക്കും.

ജൂലൈ 01-ാം തീയതി മുതൽ രജിസ്ട്രേഷൻ രൂപതാ ഓഫീസിൽ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്. രജിസ്ട്രേഷൻ ഫീസിൽ ഒരു രൂപാ ഇടവകാതലത്തിൽ സമ്മാനങ്ങൾ ക്രമീകരിക്കാൻ വിനിയോഗിക്കാവുന്നതാണ്.

A (01-01-2002 നു ശേഷം ജനിച്ചവർ)
B (01-01-1997നും 31-12-2001 നും ഇടയിൽ ജനിച്ചവർ)
C (01-01-1982 നും 31-12-1996 നും ഇടയിൽ ജനിച്ചവർ)
D (01-01-1962 നും 31-12-1981 നും ഇടയിൽ ജനിച്ചവർ)
E (01-01-1949 നും 31-12-1961 നും ഇടയിൽ ജനിച്ചവർ)
F (31-12-1948 ന് മുമ്പ് ജനിച്ചവർ)

എന്നിങ്ങനെ 6 വിഭാഗങ്ങളിലായിരിക്കും മത്സരം. മത്സരത്തിനുള്ള പാഠഭാഗങ്ങൾ.

(1) ലേവ്യർ 1-14, (2) വി. ലൂക്ക 1-12, (3) വി. യോഹന്നാന്റെ ഒന്നാം ലേഖനം. (പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിൾ / ഇംഗ്ലീഷിൽ NRSV ബൈബിൾ)

(01) രജിസ്ട്രേഷൻ ഫോറം പൂരിപ്പിക്കുമ്പോൾ ജനന തീയതി നിർബന്ധമായും എഴുതണം (02) കഴിഞ്ഞ വർഷത്തേത് പോലെ ഈ വർഷവും ഓൺ - ലൈൻ രജിസ്ട്രേഷൻ ആയതുകൊണ്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാത്ത ആർക്കും പരീക്ഷ എഴുതാൻ സാധിക്കുകയില്ല എന്ന കാര്യം പ്രത്യേകം ഓർമ്മിക്കണം. (03) ഓരോ ഇടവ

കയും പങ്കെടുക്കുന്നവരുടെ പേരുവിവരം www.logosquiz.org/ Mananthavady/ എന്ന Site - ൽ Centre Login എന്ന Link ലൂടെ പ്രവേശിച്ച്; ലഭിച്ചിരിക്കുന്ന User ID യും Pass Word ഉം ഉപയോഗിച്ച് Centre- ന്റെ Site Open ചെയുക; എന്നിട്ട് പങ്കെടുക്കുന്നവരുടെ പേരുവിവരം – ജനനതീയതി ഉൾപ്പെടെ – ചേർക്കുക, (04) കഴിഞ്ഞ വർഷം പങ്കെടുത്തവരുടെ ലിസ്റ്റ് Edit ചെയ്യാവുന്നതാണ്. (05) ലഭിച്ചിരിക്കുന്ന Pass Word ഉപയോഗിച്ച് Centre - ന്റെ Site Open ചെയ്താൽ ഉടനെ മാറ്റി പുതിയ Pass Word ആക്കുക. (06) ഏതെങ്കിലും സാങ്കേതിക കാരണത്താൽ Site-ൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർ ഫൊറോന ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടേഴ്സിനെ സമീപിക്കുക. (07) Site ൽ രജിസ്ട്രർ ചെയ്തതിന്റെ ഒരു കോപ്പികൂടി (Print out) രജിസ്ട്രേഷൻ ഫോമിന്റെ കൂടെ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

ലോഗോസ് 2013 ന്റെ ഇടവകാതല ക്രമീകരണങ്ങൾക്കായി മാതൃസംഘാംഗങ്ങളുടേയും, ആനിമേറ്ററുടേയും സേവനം ഉപയോഗപ്പെടുത്തുന്നത് നന്നായിരിക്കും. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ബൈബിൾ പഠനം തീക്ഷ്ണതയോടെ നടക്കുന്നുവെന്ന് കരുതുന്നു. എല്ലാ ആശംസകളും.

കഴിഞ്ഞ വർഷത്തേതുപോലെ ലോഗോസ് 2013 പഠനം എളുപ്പമാക്കാൻ മാർച്ച് മുതൽ നമ്മുടെ രൂപതാ ബുള്ളറ്റിനിലൂടെ നൽകിയിരുന്ന ചോദ്യങ്ങളും പ്രസ്തുത ഭാഗത്തിൽ നിന്നുള്ള മറ്റ് ചോദ്യങ്ങളും ഉൾക്കൊള്ളുന്ന ഒരു പഠന സഹായി ജൂലൈ അവസാനം തയ്യാറാകും എന്ന സന്തോഷ വാർത്ത അറിയിക്കട്ടെ. ആവശ്യമുള്ളവർ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ അന്വേഷിക്കുമല്ലോ.

**ലോഗോസ് 2013 : ലൂക്കാ 01–12**

(01) പുതിയ നിയമത്തിലെ മൂന്നാമത്തെ പുസ്തകമേത് ?
(a) മർക്കോസിന്റെ സുവിശേഷം (b) ലൂക്കായുടെ സുവിശേഷം

(02) വി.ലൂക്കാ സുവിശേഷകൻ എവിടെയാണ് ജനിച്ചത് ?
(a) റോമിൽ (b) അന്ത്യോക്യയിൽ

(03) വി. ലൂക്കാ സുവിശേഷകൻ ആരുടെ സ്നേഹിതനായിരുന്നു. ?
(a) യോഹന്നാന്റെ (b) പൗലോസിന്റെ

(04) പൗലോസിന്റെ ഏതൊക്കെ പ്രേഷിതയാത്രകളിലാണ് ലൂക്കാ സുവിശേഷകൻ കൂടെയുണ്ടായിരുന്നത്?
(a) ഒന്നാമത്തെയും, രണ്ടാമത്തെയും (b) രണ്ടാമത്തെയും, മൂന്നാമത്തെയും

(05) വി. ലൂക്കായുടെ തിരുനാൾ എന്ന് ?
(a) Oct.05 (b) Oct.18

(06) വൈദ്യനും, അവിവാഹിതനും, ചരിത്രകാരനും ആയ ഏക സുവിശേഷകൻ ?
(a) മർക്കോസ് (b) ലൂക്കാ

(07) ആരുടെ സുവിശേഷമാണ് ഏറ്റവും സാഹിത്യപരം ?
(a) യോഹന്നാൻ (b) ലൂക്കാ

(08) വി. ലൂക്കായുടെ സുവിശേഷത്തിൽ എത്ര അധ്യായങ്ങൾ ?
(a) 26 (b) 24

(09) വി. ലൂക്കായുടെ സുവിശേഷം എഴുതപ്പെട്ട കാലഘട്ടം
(a) A.D 70 നു ശേഷം (b) A.D 75 നു ശേഷം

(10) വി. ലൂക്കാ സുവിശേഷ രചന നടത്തിയ ഭാഷ ?
(a) ഗ്രീക്ക് (b) ജർമ്മൻ

(11) മറിയത്തിന്റെ സ്തോത്രഗീതം രേഖപ്പെടുത്തിയിരിക്കുന്ന ഏക സുവിശേഷകൻ ആര് ?
(a) യോഹന്നാൻ (b) ലൂക്കാ

(12) ലൂക്കായുടെ സുവിശേഷത്തിന്റെ പ്രതീകം എന്താണ് ?
(a) കാള (b) ചെമ്മരിയാട്

(13) ലൂക്കാ സുവിശേഷം രചിച്ചത് എവിടെ വച്ച് ? (ആമുഖം)
(a) ഗ്രീസിൽ അക്കായിൽ (b) അന്ത്യോക്യയിൽ

(14) ആരെ അഭിസംബോധന ചെയ്താണ് ലൂക്കാ തന്റെ സുവിശേഷം എഴുതിയത് ? (01:03)
(a) പൗലോസിനെ (b) തെയോഫിലോസിനെ

(15) തെയോഫിലോസിനെ അഭിസംബോധന ചെയ്തു കൊണ്ട് സുവിശേഷം എഴുതിയത് എന്തുകൊണ്ട് ? (01:04)
(a) പഠിപ്പിച്ചിട്ടുള്ള വചനങ്ങളിൽ ആഴപ്പെടുവാൻ (b) നിന്നെ പഠിപ്പിച്ചിട്ടുള്ള വചനങ്ങളുടെ വിശ്വാസ്യതയെക്കുറിച്ചു നിനക്കു ബോധ്യം വരാനാണ്

(16) സഖറിയാ ഏതു പുരോഹിത ഗണത്തിൽപ്പെട്ടയാളാണ് ? (01:05)
(a) അസറിയ (b) അബിയാ

(17) സ്നാപകയോഹന്നാന്റെ മാതാപിതാക്കളുടെ പേരെന്ത് ?
(a) സഖറിയായും, മേരിയും (b) സഖറിയായും, എലിസബത്തും

(18) ലൂക്കായുടെ സുവിശേഷത്തിൽ ഏറ്റവും ആദ്യം രേഖപ്പെടുത്തിയ രാജാവിന്റെ പേര് എന്ത് ?(01:05)
(a) സോളമൻ (b) ഹേറോദേസ്

(19) സഖറിയായുടെ ഭാര്യ ആരുടെ പുത്രിയായിരുന്നു. ?(01:05)
(a) അഹറോൻ (b) ദാവീദ്

(20) ധൂപം അർപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ സമൂഹം വെളിയിൽ എന്തെടുക്കുകയായിരുന്നു. ? (01:10)
(a) സംസാരിക്കുകയായിരുന്നു. (b) പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു.

(21) ധൂപാർപ്പണം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ സഖറിയായ്ക്കു പ്രത്യക്ഷപ്പെട്ടത് ആര് ? (01:11)
(a) മാലാഖ (b) കർത്താവിന്റെ ദൂതൻ

(22) സഖറിയാ ധൂപാർപ്പണം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ കർത്താവിന്റെ ദൂതൻ എവിടെ നിൽക്കുന്നതായാണ് അവനു പ്രത്യക്ഷപ്പെട്ടത് ? (01:11)
(a) ധൂപപീഠത്തിന്റെ വലത്തു വശത്ത് (b) ധൂപപീഠത്തിന്റെ നടുവിൽ

(23) പുത്രന് എന്തു പേരിടണമെന്നാണ് സഖറിയായോട് കർത്താവിന്റെ ദൂതൻ ആവശ്യപ്പെട്ടത് ? (01:13)
(a) അഹറോൻ (b) യോഹന്നാൻ

(24) യോഹന്നാൻ എന്ന പദത്തിന്റെ അർത്ഥം ?
(a) ദൈവത്തിന്റെ കാരുണ്യം (b) ദൈവത്തിന്റെ ദാസൻ

(25) ജറുസലേം ദേവാലയത്തിൽ സഖറിയായ്ക്ക് പ്രത്യക്ഷപ്പെട്ട ദൈവദൂതന്റെ പേരെന്ത് ? (01:19)
(a) ഗബ്രിയേൽ (b) റെഫായേൽ

(26) യോഹന്നാന്റെ ജനനത്തിൽ അനേകർ എന്തുചെയ്യും എന്നാണ് കർത്താവിന്റെ ദൂതൻ സഖറിയായോട് പറഞ്ഞത് ? (01:14)
(a) അനേകർ സന്തോഷിക്കും (b) അനേകർ ആഹ്ലാദിക്കും

(27) ആരുടെ സന്നിധിയിൽ ആണ് യോഹന്നാൻ വലിയവനായിരിക്കുന്നത്? (01:15)
(a) കർത്താവിന്റെ സന്നിധിയിൽ (b) ജനങ്ങളുടെ സന്നിധിയിൽ

(28) കർത്താവിനു മുന്നോടിയായി വഴിയൊരുക്കിയ പ്രവാചകനാര് ? (01:17)
(a) ഹോസിയ (b) സ്നാപകയോഹാൻ

(29) മാലാഖയെ അവിശ്വസിച്ചതു കൊണ്ട് സഖറിയായ്ക്ക് എന്തു സംഭവിച്ചു. ? (01:20)
(a) മൂകനായിത്തീർന്നു (b) സംസാരശേഷി നഷ്ടമായി

(30) സഖറിയാ ദേവാലയത്തിൽ ദൂതനുമായി സംസാരിച്ചു കൊണ്ടിരുന്നപ്പോൾ ജനം എന്തു ചെയ്യുകയായിരുന്നു. ? (01:21)

(a) പ്രാർത്ഥിക്കുകയായിരുന്നു (b) കാത്തുനില്ക്കുകയായിരുന്നു

(31) ഗർഭംധരിച്ച എലിസബത്ത് എത്രമാസമാണ് മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാതെ കഴിഞ്ഞുകൂടിയത്. ? (01:25)

(a) രണ്ടുമാസം (b) അഞ്ചുമാസം

(32) ദൈവദൂതൻ മറിയത്തോട് ആദ്യമായി പറഞ്ഞ വചനം എന്തായിരുന്നു. ? (01:28)

(a) 'നീ സ്ത്രീകളിൽ അനുഗൃഹീതയാണ്; (b) 'ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി, കർത്താവു നിന്നോടുകൂടെ;

(33) യേശുവിന്റെ വളർത്തുപിതാവ് ഏതു വംശത്തിൽപ്പെട്ടവനായിരുന്നു ? (01:27)

(a) അഹറോന്റെ (b) ദാവീദിന്റെ

(34) കന്യകയുടെ അടുത്തേക്ക് ഗബ്രിയേൽ ദൂതനെ അയച്ചത് ആരാണ് ? (01:27)

(a) ദൈവം (b) മോശ

(35) മറിയത്തിന്റെമേൽ ആവസിക്കുന്ന ശക്തി ആരുടേതായിരിക്കും എന്നാണ് മാലാഖ വെളിപ്പെടുത്തിയത് ? (01:35)

(a) അത്യുതന്റെ ശക്തി (b) ദൈവത്തിന്റെ ശക്തി

(36) മറിയത്തിന്റെ ചാർച്ചക്കാരിയായി മാലാഖ അവതരിപ്പിക്കുന്ന വൃദ്ധയായ സ്ത്രീ ആരാണ് ? (01:36)

(a) എലിസബത്ത് (b) മഗ്ദലേനമറിയം

(37) എലിസബത്തിനെ സന്ദർശിക്കാനായി മറിയം പുറപ്പെട്ട പട്ടണം സ്ഥിതി ചെയ്തിരുന്നത് എവിടെയാണ് ? (01:39)

(a) യൂദായായിൽ (b) യൂദായായിലെ മലമ്പ്രദേശത്ത്

(38) ഇപ്പോൾ മുതൽ സകല തലമുറകളും തന്നെ എപ്രകാരം പ്രകീർത്തിക്കും എന്നാണ് മറിയം സ്ത്രോത്രഗീതത്തിൽ പറയുന്നത് ? (01:48)

(a) അനുഗ്രഹിത (b) ഭാഗ്യവതി

(39) കർത്താവ് ആരുടെമേലാണ് തലമുറകൾതോറും കരുണവർഷിക്കുന്നത്? (01:50)

(a) ശിഷ്യരുടെമേൽ (b) ഭക്തരുടെമേൽ

(40) കർത്താവ് ആരെയാണ് വെറും കൈയോടെ പറഞ്ഞയച്ചത് ? (01:53)

(a) സമ്പന്നരെ (b) എളിയവരെ

(41) മറിയം എലിസബത്തിനോടുകൂടി എത്രനാൾ താമസിച്ചതിനുശേഷമാണ് വീട്ടിലേക്ക് തിരിച്ചു പോയത് ? (01:56)

(a) രണ്ടു മാസം (b) മൂന്നു മാസം

(42) എലിസബത്തിനു ജനിച്ച പുത്രനെ എത്രാം ദിവസമാണ് പരിച്ഛേദനം നടത്തിയത് ? (01:59)

(a) എട്ടാംദിവസം (b) മൂന്നു മാസം

(43) ശിശുവിന് യോഹന്നാൻ എന്ന പേരിടണമെന്ന നിർദ്ദേശം ആരിൽ നിന്നാണ് ആദ്യം ഉണ്ടായത് ? (01:60)

(a) എലിസബത്തിൽ നിന്ന് (b) ശിശുവിന്റെ അമ്മയിൽ നിന്ന്

(44) യോഹന്നാൻ എന്ന പേരു നല്കണമെന്ന് സഖറിയാ എന്തിലാണ് എഴുതിക്കാണിച്ചത് ? (01:63)

(a) പലകയിൽ (b) എഴുത്തുപലകയിൽ

(45) മാതാവിന്റെ സ്തോത്രഗീതത്തിനു സമാനമായി പഴയനിയമത്തിലുള്ള സ്തോത്രഗീതം ആരുടെതാണ് ?

(a) ദാനിയേലിന്റെ (b) സാമുവേലിന്റെ അമ്മ ഹന്നായുടെ

(46) 'നീയോ, കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകനെന്നു വിളിക്കപ്പെടും. ഇത് ആര് ആരെക്കുറിച്ചു പറഞ്ഞതാണ് ? (01:76)

(a) എലിസബത്ത്, യോഹന്നാനെക്കുറിച്ച് (b) സഖറിയാ, യോഹന്നാനെക്കുറിച്ച്

(47) 'നീയോ, കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകനെന്നു വിളിക്കപ്പെടും. കർത്താവിന് വഴിയൊരുക്കുവാനായി അവിടുത്തെ മുമ്പേ നീ പോകും; ഇപ്രകാരം പ്രവചിച്ച പഴയനിയമ പ്രവാചകനാര് ? (01:78)

(a) ഹോസിയ (b) ഏശയ്യ

(48) ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്ന ദേശാധിപതിയുടെ പേര്? (02:01)

(a) തിബേരിയൂസ് (b) ക്വിരിനിയോസ്

(49) ദാവീദിന്റെ പട്ടണം എന്നു വിളിക്കപ്പെടുന്ന ദേശമേത് ? (02:05)

(a) യൂദയാ (b) ബേത്‌ലെഹെം

(50) 'ബേത്‌ലെഹെം; എന്ന പദത്തിന്റെ അർത്ഥം?

(a) അപ്പത്തിന്റെ ഭവനം (b) നഗരം

(51) മറിയത്തിന് പ്രസവസമയമടുത്തു. അവൾ ആരെ പ്രസവിച്ചു എന്നാണ് എഴുതിയിരിക്കുന്നത് ? (02:06)

(a) യേശുവിനെ (b) കടിഞ്ഞൂൽ പുത്രനെ

(52) ആദ്യമായി രക്ഷകനെ സ്തുതിച്ചു കൊണ്ടു ഗാനം പാടിയതാര്? (02:13)

(a) ആട്ടിയന്മാർ (b) സ്വർഗ്ഗീയ സൈന്യവ്യൂഹം

(53) മാലാഖായുടെ അറിയിപ്പിനെത്തുടർന്ന് ഉണ്ണിയേശുവിനെ

കാണാൻ ആട്ടിടയന്മാർ പോയത് എങ്ങനെയാണ് ? (02:16)
(a) വേഗത്തിൽ (b) അതിവേഗം പോയി

(54) മറിയവും ജോസഫും ജറുസലേമിലേക്കുപോയത് ആരുടെ നിയമമനുസരിച്ചായിരുന്നു ? (02:22)
(a) ഹേറോദേസിന്റെ നിയമം (b) മോശയുടെ നിയമം

(55) കടിഞ്ഞൂൽ പുത്രനെ സമർപ്പിക്കുമ്പോൾ എന്തുബലി നല്കണമെന്നാണ് കർത്താവിന്റെ നിയമത്തിൽ പറഞ്ഞിട്ടുള്ളത് ? (02:24)
(a) രണ്ടു ജോഡി ചെങ്ങാലികളെയോ ഒരു പ്രാവിൻ കുഞ്ഞുങ്ങളെയോ (b) ഒരു ജോഡി ചെങ്ങാലികളെയോ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെയോ

(56) ജറുസലെമിന്റെ രക്ഷ പ്രതീക്ഷിച്ചു കഴിഞ്ഞിരുന്ന എല്ലാവരോടും ഈശോയെപ്പറ്റി പറയുന്ന സ്ത്രീ ആര്? (02:38)
(a) അന്ന (b) എലിസബത്ത്

(57) 'കർത്താവേ, അവിടുത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമെ; ഇപ്രകാരം പ്രാർത്ഥിച്ചതാര് ? (02:29)
(a) യോഹന്നാൻ (b) ശിമയോൻ

(58) ഉണ്ണിയേശുവിനെ കൈയിലെടുത്ത ശിമയോൻ ഇവൻ വിവാദ വിഷയമായ അടയാളമായിരിക്കുന്നതിലൂടെ അനേകരുടെ എന്തു വെളിപ്പെടുത്തുമെന്നാണ് പ്രവചിച്ചത് ? (02:35)
(a) ഹൃദയരഹസ്യങ്ങൾ (b) ഹൃദയവിചാരങ്ങൾ

(59) 'നിന്റെ ആത്മാവിലൂടെ ഒരു വാൾതുളച്ചുകയറും; ആര് ആരോട് പറഞ്ഞു? (02:35)
(a) യോഹന്നാൻ മറിയത്തോട് (b) ശിമയോൻ മറിയത്തോട്

(60) അന്നാ പ്രവാചികയുടെ പിതാവിന്റെ പേര് ? (02:36)
(a) അഹറോൻ (b) ഫനുവേൽ

(61) അന്നാ പ്രവാചിക എത്രനാൾ ഭർത്താവിനോടൊത്ത് ജീവിച്ച ശേഷമാണ് വിധവയായത് ? (02:36)
(a) ഏഴുവർഷം (b) കന്യകാപ്രായം മുതൽ ഏഴുവർഷം

(62) ഉണ്ണിയേശുവിനെകണ്ട അന്നാ പ്രവാചികയ്ക്ക് എത്ര വയസ്സ് പ്രായമുണ്ടായിരുന്നു. ? (02:37)
(a) 84 (b) 75

(63) ലൂക്കാ സുവിശേഷമനുസരിച്ച് യേശു പങ്കെടുത്ത ആദ്യത്തെ തിരുനാൾ? (02:42)
(a) പുത്തിരിതിരുനാൾ (b) പെസഹാതിരുനാൾ

(64) 'മകനേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്; ആര് ആരോട് പറഞ്ഞു? (02:48)

(a) ജോസഫ് യേശുവിനോട് (b) അമ്മ യേശുവിനോട്

(65) യേശു സംസാരിച്ച ആദ്യവചനം എന്താണ് ? (02:49)
(a) എന്നെ അന്വേഷിച്ചത് (b) നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്

(66) യേശു മാതാപിതാക്കൾക്ക് വിധേയനായി തന്റെ ബാല്യകാലം ചെലവഴിച്ചതെവിടെ ? (02:51)
(a) ഗലീലി (b) നസറത്തിൽ

(67) സ്നാപകയോഹന്നാൻ പ്രസംഗമാരംഭിച്ച കാലത്ത് റോമൻ ചക്രവർത്തി ആരായിരുന്നു. ? (03:01)
(a) അന്നാസ് (b) പീലാത്തോസ്

(68) യോഹന്നാനു ദൈവത്തിന്റെ അരുളപ്പാടുണ്ടായത് ഏതു വർഷം? (03:01)
(a) പതിനാറാം വർഷം (b) പതിനഞ്ചാം വർഷം

(69) ഹേറോദേസിന്റെ സഹോദരന്റെ പേര് ? (03:01)
(a) പീലാത്തോസ് (b) പീലിപ്പോസ്

(70) സ്നാപകയോഹന്നാൻ പ്രസംഗിച്ച് നടന്ന പ്രദേശമേത് ? (03:03)
(a) ഗലീലിയുടെ സമീപപ്രദേശങ്ങൾ (b) ജോർദ്ദാന്റെ സമീപ പ്രദേശങ്ങൾ

(71) ഏത് പഴയനിയമ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ടാണ് സ്നാപകയോഹന്നാൻ പ്രസംഗം ആരംഭിച്ചത് ? (03:04)
(a) ഹോസിയ (b) ഏശയ്യ

(72) വൃക്ഷങ്ങളുടെ വേരിന് എന്തു വയ്ക്കപ്പെട്ടുകഴിഞ്ഞു എന്നാണ് സ്നാപകൻ ജനക്കൂട്ടത്തോടു പ്രസംഗിച്ചത് ? (03:09)
(a) മഴു (b) കോടാലി

(73) ഞങ്ങൾ എന്തു ചെയ്യണം എന്നു ചോദിച്ചുകൊണ്ട് എത്ര തരത്തിലുള്ള ആളുകളാണ് സ്നാപകന്റെ അടുക്കൽ വന്നത് ? (03:12–14)
(a) രണ്ടു തരത്തിലുള്ളവർ (b) അഞ്ച് തരത്തിലുള്ളവർ

(74) ചുങ്കക്കാർ സ്നാനം സ്വീകരിക്കാനായി വന്നപ്പോൾ യോഹന്നാനെ അഭിസംബോധന ചെയ്തതെങ്ങനെ? (03:12)
(a) സ്നേഹിത (b) ഗുരോ

(75) യോഹന്നാന്റെ പിന്നാലെ വരുന്ന ഈശോ സ്നാനം നൽകുന്നത് എന്തുകൊണ്ട് ? (03:16)
(a) അഗ്നി (b) പരിശുദ്ധാത്മാവിനാലും, അഗ്നിയാലും

(76) യോഹന്നാൻ ജനത്തെ അറിയിച്ചത് എന്തായിരുന്നു. ? (03:18)
(a) സുവാർത്ത (b) സദ്വാർത്ത

(77) ആര് സ്നാനം സ്വീകരിച്ചുകൊണ്ടിരുന്നപ്പോഴാണ് യേശുവും സ്നാനമേറ്റത് . ? (03:21)
(a) ജനം (b) സ്നാപക യോഹന്നാൻ

(78) യേശു പരസ്യജീവിതം ആരംഭിക്കുമ്പോൾ ഏകദേശം എത്ര വയസ്സുപ്രായമായിരുന്നു. ? (03:23)
(a) ഏകദേശം ഇരുപത് (b) ഏകദേശം മുപ്പത്

(79) യേശുവിന്റെ വളർത്തു പിതാവായ ജോസഫ് ആരുടെ മകനായിരുന്നു ? (03:23)
(a) ആമോസ് (b) ഹേലി

(80) സെറുബാബേലിന്റെ പിതാവിന്റെ പേരെന്ത് ? (03:27)
(a) ആമോസ് (b) സലാത്തി

(81) സേത്തിന്റെ പുത്രന്റെ പേരെന്ത് ? (03:38)
(a) ആദാം (b) ലാമെക്ക്

(82) സ്നാനശേഷം യേശു ജോർദ്ദാനിൽ നിന്നു മടങ്ങിയത് എന്ത് നിറഞ്ഞവനായിട്ടാണ് ? (04:01)
(a) കൃപ (b) പരിശുദ്ധാത്മാവ്

(83) സ്നാനശേഷം യേശു എത്ര ദിവസം മരുഭൂമിയിൽ കഴിച്ചുകൂടി? (04:02)
(a) 30 ദിവസം (b)) 40 ദിവസം

(84) അപ്പം കൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്ന പഴയനിയമഗ്രന്ഥമേത് ? (04:04)
(a) സംഖ്യ (b) നിയമാവർത്തനം

(85) നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം അവനെ മാത്രമേ പൂജിക്കാവൂ എന്നെഴുതപ്പെട്ടിരിക്കുന്ന പഴയനിയമഗ്രന്ഥമേത് ? (04:08)
(a) നിയമാവർത്തനം (b) ഉൽപത്തി

(86) പരീക്ഷകളിൽ വിജയിച്ചശേഷം യേശു എങ്ങോട്ടാണ് പോയത്? (04:14)
(a) നസറത്ത് (b) ഗലീലിയിലേക്ക്

(87) സിനഗോഗിൽ വി.ഗ്രന്ഥം വായിക്കുവാനെഴുന്നേറ്റ യേശുവിന് ലഭിച്ച പുസ്തകമേത് ? (04:17)
(a) നിയമാവർത്തനം (b) ഏശയ്യ

(88) സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ലാത്തത് ആരെയാണ്? (04:24)
(a) യേശുവിനെ (b) പ്രവാചകനെ

(89) ആരുടെ കാലത്താണ് ഇസ്രായേലിൽ അനേകം വിധവകൾ ഉണ്ടായിരുന്നത് ? (04 :25)

(a) നാഥാൻ (b) ഏലിയാ

(90) ഏലീശാപ്രവാചകന്റെ കാലത്ത് ഇസ്രായേലിൽ സുഖമാക്കപ്പെട്ട ഏക കുഷ്ഠരോഗിയുടെ പേരെന്ത് ? (04:27)

(a) നാമാൻ (b) ശിമയോൻ

(91) സുഖമാക്കപ്പെട്ട കുഷ്ഠരോഗിയുടെ നാടേതാണ് ? (04:27)

(a) ഗലീലി (b) സിറിയാ

(92) യേശു പുറത്താക്കപ്പെട്ട പട്ടണമേതായിരുന്നു. ? (04:29)

(a) ഗലീലി (b) നസറത്ത്

(93) കഫർണാമിലെ സിനഗോഗിൽനിന്ന് യേശു എങ്ങോട്ടാണ് പോയത് ? (04:38)

(a) പുറത്തേക്ക് (b) ശിമയോന്റെ വീട്ടിലേക്ക്

(94) ശിമയോന്റെ അമ്മായിയമ്മയെ ബാധിച്ച അസുഖമെന്തായിരുന്നു? (04:38)

(a) പനി (b) കലശലായപനി

(95) പത്രോസിന്റെ അമ്മായിയമ്മയുടെ അസുഖം ഭേദമാക്കുന്നതിന് യേശുവിനോട് സഹായം അപേക്ഷിച്ചതാര് ? (04:38)

(a) വീട്ടുകാർ (b) ആളുകൾ

(96) യേശു സുഖപ്പെടുത്തിയതിനെത്തുടർന്ന് പത്രോസിന്റെ അമ്മായിയമ്മ എന്തു ചെയ്തു. ? (04:39)

(a) ഓടിനടന്നു (b) അവരെ ശുശ്രൂഷിച്ചു

(97) പിശാചുക്കളെ ബഹിഷ്ക്കരിച്ചപ്പോൾ അവ ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടു പോയത് എന്താണ് ? (04:41)

(a) നീ ക്രിസ്തുവാണ് (b) നീ ദൈവപുത്രനാണ്

(98) പത്രോസിന്റെ ഭവനത്തിൽ നിന്നു പിറ്റേ ദിവസം പ്രഭാതമായപ്പോൾ യേശു എവിടേക്കുപോയി ? (04:42)

(a) നഗരത്തിലേക്ക് (b) വിജനസ്ഥലത്തേക്ക്

(99) യേശുവിനെ അന്വേഷിച്ചു ചെന്ന ജനക്കൂട്ടം എന്തു പറഞ്ഞാണ് അവനെ നിർബന്ധിച്ചത് ? (04:42)

(a) ഞങ്ങളുടെ ഭവനത്തിൽ വരണം (b) തങ്ങളെ വിട്ടുപോകരുതെന്ന്

(100) തങ്ങളെ വിട്ടുപോകരുതെന്ന നിർബന്ധവുമായി ജനക്കൂട്ടം യേശുവിന്റെ അടുത്ത് ചെല്ലുന്നത് യേശു എവിടെയായിരുന്നപ്പോഴാണ്.? (04:42)

(a) വിജനസ്ഥലത്ത് (b) സിനഗോഗിൽ

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ അച്ചന്മാരെ, സിസ്റ്റേഴ്സ്, മിഷൻലീഗ് അംഗങ്ങളേ,

ഈ പ്രവർത്തനമാസം നമ്മൾ ആരംഭിക്കുന്നത് ദുക്റാന തിരുനാളോടുകൂടിയാണല്ലോ. വി. തോമാശ്ലീഹായുടെ പ്രേഷിത തീഷ്ണത നമുക്കും സ്വീകരിക്കാം. കൂടുതൽ തീഷ്ണതയോടെ മിഷൻലീഗിന്റെ ഈ മാസത്തെ പ്രവർത്തനങ്ങളിൽ നമുക്ക് പങ്കുചേരാം. ഏവർക്കും ഒത്തിരി സ്നേഹത്തോടെ തിരുനാൾ മംഗളങ്ങൾ നേരുന്നു.

വി. തോമശ്ലീഹാ നമുക്കു പകർന്നു നൽകിയ വിശ്വാസം നമ്മുടെ ജീവിതത്തിൽ സൂക്ഷിക്കാനും ഒപ്പം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാനുമുള്ള കടമ ഓരോ മിഷൻലീഗ് അംഗത്വത്തിനും ഉണ്ട്. നമ്മുടെ വിശ്വാസവും, ഭക്തകൃത്യങ്ങളുമെല്ലാം അതിൽ തന്നെ ലക്ഷ്യങ്ങളായി നാം കരുതരുത്. അവയൊക്കെ കറയറ്റതാണോ എന്ന് പരിശോധിക്കാനുള്ള ഉരകല്ല് സ്നേഹമാണ്. വിശ്വസിക്കുന്ന ഒരുവന് സ്നേഹിക്കാതിരിക്കാനാവില്ല. സ്നേഹം ത്യാഗവും, സഹനവും, സേവനവും ആവശ്യപ്പെടുന്നു. സ്നേഹിക്കാത്തവൻ ആർക്കുവേണ്ടിയും ത്യാഗം സഹിക്കുവാനോ, സേവനം ചെയ്യുവാനോ തയ്യാറാവില്ല. സ്നേഹമില്ലെങ്കിൽ നമ്മുടെ വിശ്വാസജീവിതം അർത്ഥരഹിതമാണ്.

താൻ ക്രിസ്തുവാണ് എന്ന് തെളിയിക്കുവാൻ ഈശോ തോമശ്ലീഹായെ കാണിക്കുന്നത് തന്റെ മുറിവുകളാണ്. മുറിവേറ്റ മനുഷ്യരിൽ ക്രിസ്തുവിനെ തിരിച്ചറിയുമ്പോഴാണ് വിശ്വാസ ജീവിതം അതിന്റെ തികവിലെത്തുക. മുറിവുകളാണ് ക്രിസ്തുവിനെ തിരിച്ചറിയുവാനുള്ള അടയാളം. അപ്പം മുറിച്ചപ്പോഴാണ് എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ ക്രിസ്തുവിനെ തിരിച്ചറിഞ്ഞത്.

മുറിക്കപ്പെടുന്ന അപ്പത്തിൽ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുന്ന വിശ്വാസി വേദന അനുഭവിക്കുന്ന തന്റെ സഹോദരനിൽ ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് അവനെ ആശ്വസിപ്പിക്കണം. സ്വയം മറന്ന് മറ്റുള്ളവരെ സ്നേഹിക്കുവാനും, സഹന വേളകളിൽ കൂടെ

നിൽക്കാനും അവരുടെ മുറിപ്പാടുകളിൽ ദൈവിക സാന്നിധ്യം തിരിച്ചറിയുവാനും കഴിയുമ്പോൾ നമ്മുടെ വിശ്വാസജീവിതം അർത്ഥപൂർണ്ണമാകുന്നു. ഒരു യഥാർത്ഥ മിഷൻലീഗ്കാരന്റെ തലങ്ങളിലേയ്ക്ക് നമ്മൾ ഉയരുന്നു.

സ്നേഹത്തോടെ

**സോണിയച്ചൻ**

## രൂപതാ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും

2013– 14 വർഷത്തെ കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 3 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. രാവിലെ 9.30 ന് രൂപത പ്രസിഡന്റ് ശ്രീ. ജോയി മേപ്പാടം പതാക ഉയർത്തിയതോടു കൂടി കൗൺസിലിന് ഔപചാരികമായി തുടക്കംകുറിച്ചു. 9.45 ന് കൗൺസിലിന് വന്ന എല്ലാവരും പങ്കെടുത്തുകൊണ്ട് രൂപത ജോ.ഡയറക്ടർ സി. ലിസ എസ്.കെ.ഡി. ആരാധനയ്ക്ക് നേതൃത്വം നൽകി. ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി കൗൺസിലും പ്രവർത്തനവർഷ ഉദ്ഘാടനവും ചെയ്തു. രൂപതാ പ്രസിഡന്റ് ജോയ് മേപ്പാടം അധ്യക്ഷത വഹിച്ച മീറ്റിംഗിൽ രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതം പറഞ്ഞു. മുൻ വർഷത്തെ റിപ്പോർട്ട് രൂപതാ വൈസ് പ്രസിഡന്റ് ദിൽന കാവനമാലിയിലും കണക്കുകൾ സ്റ്റേറ്റ് മാനേജിംഗ് കമ്മറ്റി അംഗം ബിനീഷ് തുമ്പിയാംകുഴിയും അവതരിപ്പിച്ചു. മുൻ രൂപതാ പ്രസിഡന്റ് ശ്രീ. തോമസ് കല്ലറയ്ക്കൽ, രൂപതാ ടീം അംഗം അഡ്വ. ജിജിൻ കിഴക്കരക്കാട്ട് എന്നിവർ കൗൺസിലിന് ക്ലാസുകൾ നയിച്ചു. നടവയൽ മേഖല ഡയറക്ടർ റവ.ഫാ. ജോസ് കുളിരാനി ആശംസകളർപ്പിച്ചു. രൂപതാ ജനറൽ സെക്രട്ടറി രഞ്ജിത്ത് മുതുപ്ലാക്കൽ നന്ദി പറഞ്ഞു.

## സംഭാവന കൂപ്പൺ

ശാഖാ മേഖലാ രൂപത പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി നടപ്പിൽ വരുത്തിയിരിക്കുന്ന സംഭാവന കൂപ്പൺ കൗൺസിലിന് വിതരണം ചെയ്തിട്ടുണ്ട്. ശാഖയിൽ സംഭാവന കൂപ്പൺ നല്ല രീതിയിൽ നടപ്പിൽ വരുത്തുമല്ലോ.

## സ്കോളർഷിപ്പ്

ഡിപ്ലോമ പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ചുങ്കക്കുന്ന് ശാഖയിലെ ആൻസിലിൻ മണിയാക്കുപാറയിലിന് കൗൺസിലിൽ വച്ച് ബത്തേരി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി രൂപതാ സ്കോളർഷിപ്പ് നൽകി.

**ജപമാല സൈന്യം**

ഇടവകയിൽ ജപമാല സൈന്യത്തിലെ 7 അംഗങ്ങൾ അടങ്ങിയ ഗ്രൂപ്പ് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നുണ്ടല്ലോ. ഗ്രൂപ്പിൽ ഏഴംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തുമല്ലോ. അവർക്കുള്ള പുതിയ ബാഡ്ജ് ശാഖാ ജോ. ഡയറക്ടർ മീറ്റിംഗിൽ തന്നുവിടുന്നതാണ്.

**"വെളിച്ചം" മേഖലാതല സെമിനാർ**

ശാഖാ ഭാരവാഹികൾക്കുള്ള മേഖലാതല സെമിനാർ തരിയോട് മേഖലയിൽ നടന്നു. സെമിനാർ തരിയോട് ഫൊറോന വികാരി റവ. ഫാ. ജോണി കുന്നത്ത് ഉദ്ഘാടനം ചെയ്തു. രൂപതാഡയറക്ടർ, റവ. ഫാ. സോണി വടയാപറമ്പിൽ, ജോയി മേപ്പാടം, രഞ്ജിത്ത് മുതുപ്ലാക്കൽ, ജോൺസൺ ചിറായിൽ, ബിനീഷ് തുമ്പിയാംകുഴി, സുധീഷ് ഇടത്തുംപറമ്പിൽ, ഫാ. ജിമ്മി ഓലിക്കൽ എന്നിവർ നേതൃത്വം നൽകി.

**'അടുത്ത് - 2013' ശാഖാ സന്ദർശനം**

ശാഖാ സന്ദർശനം ജൂലൈ 7 ഞായർ പയ്യമ്പള്ളി മേഖല, 14 ഞായർ കല്ലോടി മേഖല, 21 ഞായർ മാനന്തവാടി മേഖല, 28 ഞായർ ബത്തേരി മേഖലയിലും നടത്തപ്പെടുന്നു. സന്ദർശനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**ശാഖാ മേഖല സാഹിത്യ മത്സരവും പരിശീലനവും**

ശാഖാ മേഖലാ സാഹിത്യ മത്സരത്തിന് മുന്നോടിയായി സാഹിത്യ പരിശീലനങ്ങൾ ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മേഖലാ ഡയറക്ടേഴ്സ് ജോ. ഡയറക്ടേഴ്സ് സംഗമം**

മേഖലാ പ്രവർത്തനങ്ങൾ നേതൃത്വം നൽകുന്ന മേഖലാ ഡയറക്ടേഴ്സ് ജോ.ഡയറക്ടേഴ്സ് സംഗമം ജൂലൈ 11 വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. എല്ലാ മേഖലാ ഡയറക്ടേഴ്സും ജോ.ഡയറക്ടേഴ്സും സംഗമത്തിൽ പങ്കെടുക്കുമല്ലോ.

**ശാഖാ ജോ.ഡയറക്ടേഴ്സ് സംഗമം**

ശാഖകളിൽ സംഘടനയ്ക്ക് ശക്തി പകരുന്ന ജോ.ഡയറക്ടേഴ്സ് സിസ്റ്റേഴ്സിന്റെ സംഗമം ജൂലൈ 13-ാം തീയതി ശനിയാഴ്ച രാവിലെ 9.30-ന് ദ്വാരക എ.യു.പി. സ്കൂളിൽ വെച്ച് നടത്തുന്നു. മുഴുവൻ ശാഖാ ജോ. ഡയറക്ടേഴ്സും സംഗമത്തിൽ പങ്കെടുക്കുമല്ലോ.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

അംഗത്വ ലിസ്റ്റിൽ തിരുത്തലുകൾ നടത്തുന്നതിനും പുതിയ

അംഗങ്ങളെ ചേർക്കുന്നതിനുമുള്ള അവസാന തീയതി ജൂലൈ 13-ന് ആണ്.

### പലതുള്ളി 2013

ജീവകാരുണ്യനിധി സ്വരൂപിക്കുന്നതിന് വേണ്ടി ശാഖകളിൽ സ്വരൂപിക്കുന്ന പലതുള്ളി കളക്ഷൻ (ഒരു സി.എം.എൽ. അംഗം ഒരു വർഷം 2 രൂപ യെങ്കിലും) ശാഖാ സന്ദർശനത്തിന് വരുമ്പോൾ കൊടുത്തുവിടുകയോ രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്.

### രൂപത ടീം മീറ്റിംഗ്

ജൂൺ 7-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ദ്വാരക പാസ്റ്ററൽ സെന്ററിൽ ടീം മീറ്റിംഗ് നടത്തപ്പെട്ടു. ടീം അംഗങ്ങൾക്ക് മതബോധന ഡയറക്ടർ റവ.ഫാ. റോയി വട്ടക്കാട്ട് ക്ലാസ് നയിച്ചു.

### നന്ദിയുടെ ഒരു വാക്ക്

കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ വിവിധ മേഖലകളിലെ സംഘടന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഡയറക്ടറച്ചൻമാരെ നന്ദിയോടെ ഓർക്കുന്നു. മിഷൻലീഗിന് ചെയ്തുതന്ന എല്ലാ നന്മകളെയും നന്ദിയോടെ ഓർക്കുന്നു. ഡയറക്ടറച്ചന്മാരായ റവ.ഫാ. ജെയിംസ് മാങ്കോട്ടിൽ - കൽപ്പറ്റ മേഖല, റവ.ഫാ. ജോസ് കപ്യാരുമല - തരിയോട് മേഖല, റവ.ഫാ. ബിജു പുന്നക്കാപടവിൽ, ജോ.ഡയറക്ടർമാരായ റവ. സി. റ്റെയ്സി എസ്.എച്ച്.-പുൽപ്പള്ളി, റവ.സി. നൈസി എസ്.കെ.ഡി. - കല്ലോടി, റവ.സി. ബെറ്റ്സി എഫ്.സി.സി. - നടവയൽ, റവ.സി. ലിന്റ സി.എം.സി. - പയ്യംപള്ളി, റവ.സി. പുഷ്പ എസ്.സി. വി.- നിലമ്പൂർ, റവ.സി. ലീമ എഫ്.സി.സി.

തുടർന്നുള്ള പ്രവർത്തനമേഖലയിൽ എല്ലാവിധ പ്രാർത്ഥനാ മംഗളങ്ങളും നേരുന്നു.

### സുസ്വാഗതം

മേഖലകളിൽ പുതിയതായി ചാർജ്ജെടുത്തിരിക്കുന്ന വൈദികരെ സി.എം.എൽ. രൂപത കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നു. തരിയോടു മേഖല ഡയറക്ടർ റവ. ഫാ. ജിമ്മി ഓലിക്കൽ, കൽപ്പറ്റ മേഖല ഡയറക്ടർ റവ. ഫാ. സജി കോട്ടായിൽ, മണിമൂളി മേഖല ഡയറക്ടർ, റവ. ഫാ. മനോജ് കറുത്തേടം.

### കാണിക്ക തന്ന ശാഖകൾ

പടമല-9130, അപ്പപ്പാറ-80, കോട്ടത്തറ-2100, തോമാട്ടുചാൽ-100, ഇരുളം-500, അമരക്കുനി-600, പൂക്കോട്ടുംപാടം-100, കുന്നൂർ-200,

ശശിമല-200, കൊളവയൽ-250, ധർമ്മഗിരി-200, ചിത്രഗിരി-100, കുഞ്ഞോം-50, കല്ലുമുക്ക്-50, കാവുംമന്ദം-200, മീനങ്ങാടി-100.

**മിഷൻ ഞായർ പിരിവ് തന്ന ശാഖകൾ**

തോമാട്ടുചാൽ-200, മുട്ടിയേൽ-200, പൂക്കോട്ടുംപാടം-200, അരുൾനിലയം-250.

**പലതുള്ളിതന്ന ശാഖകൾ**

അപ്പപ്പാറ-20, തോമാട്ടുചാൽ-150, പൂക്കോട്ടുംപാടം-100, എടയൂർകുന്ന്-80, മീനങ്ങാടി-100.

**മേഖലാവാർത്തകൾ**

**നടവയൽ**

മേഖലാഭാരവാഹികൾ മണ്ഡ്യ രൂപതയിൽ മിഷൻഗ്രാമ സന്ദർശനം നടത്തുകയും 10,000 രൂപ നൽകുകയും ചെയ്തു.

**തരിയോട്**

ശാഖാ ഭാരവാഹികൾക്കായി രൂപത നേതൃത്വത്തിൽ 'വെളിച്ചം' സെമിനാർ നടത്തി.

**ശാഖാവാർത്തകൾ**

*പയ്യമ്പള്ളി :-* മാർഗ്ഗരേഖ തയ്യാറാക്കി.

*കല്ലോടി :-* മിഷൻഗ്രാമമായ ബാലാപൂരിലേക്ക് 1000 രൂപ മിഷൻസഹായമായി അയച്ചുകൊടുത്തു.

*തവിഞ്ഞാൽ :-* കുഞ്ഞോം ശാന്തിനിലയം ഓർഫനേജ് സന്ദർശിക്കുകയും, അരികൊടുക്കുകയും ചെയ്തു.

*കാവുംമന്ദം :-* ബൈബിൾ ഞായറിനോടനുബന്ധിച്ച് വചനതോണിയും വചനവൃക്ഷവും ഉണ്ടാക്കി.

*ആടിക്കൊല്ലി :-* ബൈബിൾ സ്റ്റാർ, സൺഡെ സ്റ്റാർ, മിഷൻ സ്റ്റാർ എന്നിവരെ എല്ലാ ഞായറാഴ്ചയും തെരഞ്ഞെടുക്കുന്നു. മതാധ്യാപകരുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി.

*നെല്ലിയോടി :-* സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബത്തിന് മഴക്കാലത്തേക്കാവശ്യമായി 1 ലോറി വിറക് കൊടുത്തു.

*കരിമ്പിൽ :-* കാട്ടിമൂല വൃദ്ധസദൻ സന്ദർശിക്കുകയും ഭക്ഷണസാധനങ്ങൾ നൽകുകയും ചെയ്തു.

*കൽപ്പറ്റ :-* മേഖലാതലത്തിൽ സംഘടിപ്പിച്ച ആൽബം നിർമ്മാണത്തിന് ഒന്നാംസ്ഥാനം ലഭിച്ചു.

*ചുണ്ടക്കര :-* രോഗീസന്ദർശനം നടത്തി 500 രൂപ സഹായമായി നൽകി.
*പുതുശ്ശേരി :-* ക്രിസ്റ്റീൻ ധ്യാനം നടത്തി. സീനിയേഴ്സ് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.
*മംഗലശ്ശേരി :-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*മരക്കടവ് :-* ഇടവകയിലെ കുട്ടികൾക്ക് നോട്ടുബുക്കുകൾ വിതരണം ചെയ്തു.
*വാഴവറ്റ :-* ജോസഫ് നാമധാരികൾക്ക് ആശംസകൾ നേർന്നു.
*എടപ്പെട്ടി :-* ലിറ്റർജി പരിശീലനവും ഗാനപരിശീലനവും നൽകി.
*പുഴമുടി :-* രോഗീസന്ദർശനം നടത്തുകയും ആ ഭവനത്തിൽ ജപമാല ചൊല്ലുകയും ചെയ്തു.
*നെടുമ്പാല :-* സി.എം.എൽ. പ്രവർത്തന മികവ് വിലയിരുത്തുകയും ശാഖയിലെ വിശ്വാസ തിലകമായി അലീന കുര്യനെയും, വിശ്വാസ പ്രതിഭയായി റിബിൻ നീറാമ്പുഴയെയും തെരഞ്ഞെടുത്തു.
*കടൽമാട് :-* വാഴവറ്റയിലെ അഗതിമന്ദിരം സന്ദർശിക്കുകയും 3500 രൂപയുടെ ആഹാരസാധനങ്ങൾ നൽകുകയും ചെയ്തു.
*പ്രശാന്തഗിരി :-* ക്രിസ്റ്റീൻ ധ്യാനം നടത്തി
*ഇടിവണ്ണ :-* ഭവനനിർമ്മാണത്തിനായി 5000 രൂപയും ചികിത്സാസഹായമായി 2000 രൂപയും കൊടുത്തു.
*ചെറുകാട്ടൂർ :-* ബൈബിൾ ഞായറിനോടനുബന്ധിച്ച് സി.എം.എൽ. അംഗങ്ങൾ 7 മണിക്കൂർ കൊണ്ട് സമ്പൂർണ്ണ ബൈബിൾ മുഴുവൻ വായിച്ചു. രക്തദാന ക്യാമ്പിൽ സി.എം.എൽ. അംഗങ്ങൾ രക്തദാനം നടത്തി.

## സ്നേഹപൂർവ്വം

ഈശോയിൽ ഏറ്റവും സ്നേഹംനിറഞ്ഞ ബഹു. വൈദികരെ, പ്രിയ സിസ്റ്റേഴ്സ്, സ്നേഹമുള്ള സി.എം.എൽ. പ്രവർത്തകരെ കഴിഞ്ഞ വർഷങ്ങളിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ അങ്ങയുടെ സഹായ സഹകരണത്തോടെയും പ്രാർത്ഥനയിലൂടെയും പ്രോത്സാഹനത്തിലൂടെയും ഏറ്റവും മനോഹരമായി ഈശോയ്ക്കിഷ്ടപ്പെട്ട രീതിയിൽ നടന്നുവെന്ന് നമുക്കു വിശ്വസിക്കാം. അതിനായി നേതൃത്വം കൊടുത്ത എല്ലാ ബഹുമാനപ്പെട്ട വൈദികരെയും പ്രിയ സിസ്റ്റേഴ്സിനെയും എല്ലാ നേതൃത്വങ്ങളെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നതിന് വേണ്ടി ഞങ്ങളോടൊപ്പം ഉണ്ടാകണമെന്ന് ഏറ്റവും വിനീതമായി അപേക്ഷിക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംഘടനയ്ക്കു വേണ്ടി പ്രവർത്തിച്ച രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ റവ. ഫാ. സോണി വടയാപറമ്പിൽ, റവ.സി. ലിസ എസ്.കെ.ഡി., രഞ്ജിത്ത് മുതുപ്ലാക്കൽ, ബിന്ദു മാങ്കൂട്ടം, ദിൽന കാവനമാലിൽ, ഡോളി പാറേക്കുടിയിൽ, ബിനീഷ് തുമ്പിയാംകുഴി, ലിനു പൊട്ടയ്ക്കൽ, സിനി പെരിയകോട്ടിൽ, ജോൺസൺ ചിറായിൽ, സജി തറപ്പുതൊട്ടിയിൽ, ജോയ് മേപ്പാടത്ത്, ഡയാന കൊട്ടാരത്തിൽ, ജോസ് മുണ്ടിയാനി, ഷാജി ചന്ദനപറമ്പിൽ, സെബാസ്റ്റ്യൻ തുണ്ടിയിൽ, റവ.സി. സെറിൻ സി.എം.സി., റവ.ഫാ. ജിമ്മി ഓലിക്കൽ, ഷൈജു മഠത്തിൽ, റവ.ഫാ. ബെന്നി മുതിരക്കാലായിൽ, തോമസ് ഏറനാട്ട്, റവ.സി. ഫൗസ്റ്റ സി.എം.സി., സി. ഡാനി മരിയ എസ്.എ.ബി.എസ്. എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ സാന്നിധ്യവും സഹകരണവും സംഘടനയുടെ വളർച്ചയ്ക്ക് എപ്പോഴും ഒരു മുതൽകൂട്ട് തന്നെയാണ്. തുടർന്ന് സി.എം.എൽ. ന്റെ പ്രവർത്തനങ്ങളിൽ ഒത്തുചേർന്ന് നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

'വിശ്വാസവഴിയെ വിശുദ്ധിയിലേക്കു'ള്ള യാത്രയിൽ ആണ് നാമല്ലാവരും, ഈ പ്രവർത്തനവർഷ മാർഗ്ഗരേഖയിലെ പ്രവർത്തനങ്ങൾ ശാഖ, മേഖല, രൂപത തലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് നമുക്കു മുന്നേറാം. പ്രവർത്തന വിജയത്തിനായി നിങ്ങളുടെ പ്രാർത്ഥനയ്ക്കും പ്രോത്സാഹനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും വേണ്ടി ........

ഏറ്റവും വിനീതനായി നിങ്ങളുടെ സ്വന്തം

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളെ,

കേരള കത്തോലിക്ക സഭയിൽ ജൂലൈ 7 യുവജനദിനമായി ആച രിക്കുന്ന ദിവസമാണ്. ഈ ദിനത്തിന്റെ പശ്ചാത്തലത്തിൽ നാം ജീവി ക്കുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകളെക്കുറിച്ച് വ്യക്തമായ അറിവ് യുവജനങ്ങൾക്കുണ്ടായിരിക്കണം.

പ്രധാനപ്പെട്ട ചിലകാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ പെടുത്തട്ടെ. ജോലിക്കും പഠനത്തിനുമായി മറ്റ് സ്ഥലങ്ങളിലേക്ക് കുടിയേറ്റം നട ത്തുന്നത് നമ്മുടെ ഇടയിൽ സർവ്വ സാധാരണമായിക്കൊണ്ടിരിക്കുന്ന സത്യമാണ്. എന്നാൽ ധനം മാത്രം സ്വരൂപിക്കാൻ ക്രൈസ്തവ സംസ്കാരവും, മൂല്യവും ഉപേക്ഷിച്ച് അന്യദേശങ്ങളിലേയ്ക്ക് കുടി യേറ്റം നടത്തുന്നവർ തങ്ങളുടെ അധ്വാനഫലം ഓട്ടസഞ്ചിയിലാണ് ശേഖരിക്കുന്നതെന്ന് ഓർമ്മിക്കട്ടെ. ധനാസക്തിയാണ് എല്ലാ തിന്മകളു ടെയും ആരംഭം. അമിതസമ്പത്ത് മനുഷ്യനെ അധമനാക്കിതീർക്കുന്നു. ധനമോഹത്തോടൊപ്പം സുഖഭോഗങ്ങളും മാത്രം മുഖമുദ്രയാക്കി മാറ്റിയ സൗഹൃദങ്ങളും, ഉത്തരവാദിത്വമില്ലാത്ത സ്വാതന്ത്ര്യത്തിന്റെ ആഘോ ഷങ്ങളും, അമിത ലൈംഗീകാസക്തിയിലേക്ക് യുവജനങ്ങളെ വലിച്ച ടുപ്പിക്കുന്നു. പരസ്പരമുള്ള വ്യക്തിബന്ധങ്ങൾ ആവർത്തനങ്ങളുടെ വിരസത അസംതൃപ്തിക്ക് ജന്മം നൽകിയപ്പോൾ വ്യക്തിയിൽ നിന്നും വസ്തുക്കളിലേക്ക് യുവജനങ്ങൾ ചുവടുമാറി. വസ്തുക്കൾ പ്രത്യേ കിച്ച് ഇലക്ട്രോണിക് ഉപകരണങ്ങൾ യുവജനങ്ങളുടെ ഒഴിച്ചുകൂടാ നാകാത്ത ജീവിതത്തിന്റെ ഭാഗധേയമായി മാറിയതിന്റെ ഫലമായി ഹൃദയം കല്ലിച്ച് ആത്മാവ് മരിച്ച യുവജനങ്ങളെയാണ് നാം കാണു ന്നത്.

ലോകത്തിൽ ഇന്ത്യയാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിൽ ഒന്നാമത്തെ രാഷ്ട്രം. ഇന്ത്യ ഒരു ഇന്റർനെറ്റ് രാജ്യമായി മാറാൻ

കാരണം ഉപയോഗിക്കുന്നതിൽ 75% ആളുകളും 35 വയസിൽ താഴെയുള്ളവരാണ്. ഇന്റർനെറ്റിന്റെ തെറ്റായ ഉപയോഗംമൂലം നമ്മുടെ സംസ്കാരം മാറി. മൂല്യങ്ങൾ കീഴ്മേൽ മറിഞ്ഞു ഭാഷ ചെറുതായി. മനോഭാവങ്ങൾ വികലമായി – ഹൃദയം ശിലാതുല്യമായിതീർന്നു.

ഈയൊരു സാഹചര്യത്തിലാണ് ക്രൈസ്തവ യുവജനങ്ങൾ നവസുവിശേഷവൽക്കരണത്തിന് പുതിയ ഭാഷ്യം രചിക്കേണ്ടത്. കത്തോലിക്കാസഭയുടെ പ്രബോധനവും സുവിശേഷത്തിലെ നിത്യ സനാതനമായ സത്യങ്ങളും ലജ്ജകൂടാതെ വ്യക്തമായി ആധുനികരീതിയിൽ, കാലോചിതമായി സംവേദനം നടത്തുന്ന പ്രിക്രിയയാണ് നവ സുവിശേഷ വൽക്കണംകൊണ്ട് നാം ഉദ്ദേശിക്കുന്നത്. ഈ നവസുവിശേഷവൽക്കണം ഈ കാലഘട്ടത്തിൽ ഏറ്റവും ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നത് യുവജനങ്ങൾക്കാണ്. കാരണം ആധുനിക ലോകത്തിന്റെ മുഖം ലോകത്തിന്റെ മുഖമാണ്. നവസുവിശേഷവൽക്കരണത്തിന് ഒന്നാമതായി ദൈവത്തിന്റെ വചനം അവർ ഹൃദയത്തിൽ സൂക്ഷിക്കണം. "യുവജനങ്ങളെ നിങ്ങൾ ശക്തന്മാരാണ്. എന്തെന്നാൽ ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു" (1യോഹ 2, 14) യൗവനത്തിന്റെ ശക്തി ദൈവവചനത്തിലായിരിക്കണം അടിത്തറ പാകേണ്ടത്. നമ്മുടെ കർത്താവ് 40 ദിവസത്തെ ഉപവാസത്തിനുശേഷം ക്ഷീണിതനും അവശനുമായി തീർന്നപ്പോൾ ദൈവവചനം ഉപയോഗിച്ചാണ് പൈശാചിക ശക്തികളുടെമേൽ വിജയം വരിച്ചത്. കർത്താവിന്റെ ജീവിതം മേൽപ്പറഞ്ഞ ദൈവവചനത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. ആധുനിക കാലഘട്ടത്തിലെ വർദ്ധിച്ചുവരുന്ന തിന്മ നിങ്ങളെ കീഴടക്കാതിരിക്കണമെങ്കിൽ നിങ്ങൾ "ആത്മാവും ജീവനുമായ"–"ഹൃദയവികാരങ്ങളെ വിവേചിച്ചറിയാൻ" ശക്തിയുള്ള വചനത്തെ മുറുകെ പിടിക്കണം. ദൈവവചനം നിത്യവും പാരായണം ചെയ്ത് ധ്യാനിക്കുന്നതിലൂടെ എല്ലാ തരത്തിലുമുള്ള തിന്മകളിൽ നിന്നും യുവസഹജമായ മോഹങ്ങളിൽ നിന്നും ഓടിയകലുവാൻ നിങ്ങൾക്ക് സാധിക്കൂ. ഇപ്രകാരം ദൈവത്തിന്റെ വചനം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു പ്രീതിയുള്ള സജീവബലിയായി സമർപ്പിക്കുന്നതിലൂടെ യൗവനകാലഘട്ടം അതിന്റെ പൂർണ്ണതയിൽ ആഘോഷിക്കാൻ നിങ്ങൾക്ക് സാധിക്കൂ. യുവത്വകാലഘട്ടത്തിൽ കർത്താവിനെ സ്മരിക്കുന്ന മക്കൾ മരണത്തിന്റെ താഴ്വരയിലൂടെ നടന്നാലും കാല് ഇടറി വീഴുകയില്ല. അവരുടെ കാലുകൾക്ക് കലമാന്റെ എന്നപോലെ വേഗത ലഭിക്കും. ജീവിത സാഹചര്യം മൂലം കാലാപെറുക്കുന്നവനെപോലെ പിന്നിലാകുന്ന ജീവിതം, കർത്താവിന്റെ കാരുണ്യത്താൽ വിജയം പ്രാപി

ക്കുകയും എല്ലാവരെയും പിന്നിലാക്കി മുന്നേറുകയും ചെയ്യും. ഇപ്ര കാരം ദൈവത്തിന്റെ വചനം ഹൃദയത്തിൽ സൂക്ഷിച്ച് ശരീരങ്ങളെ ദൈവ ത്തിന് സമർപ്പിക്കുന്നവർ നവ സുവിശേഷ വൽക്കരണത്തിന്റെ പ്രഥമ മാധ്യമവും അവരുടെ ജീവിതം സന്ദേശവുമായി തീരുന്നു. ഭാഗ്യസ്മര ണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ യുവജനങ്ങളോട് പറഞ്ഞതുപോലെ "സുവിശേഷമായിരിക്കട്ടെ യുവജനങ്ങളെ നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ പദ്ധതികളുടെയും തീരുമാനങ്ങളുടെയും വഴി കാട്ടി". അങ്ങനെ ചെയ്യുമ്പോൾ നിങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ എവിടെയായിരുന്നാലും അവിടെ കർത്താവിന്റെ മിഷനറിയായി തീർന്നു കൊണ്ട് ദൈവസ്നേഹത്തിന്റെ അടയാളമായി ക്രിസ്തുവിന്റെ ജീവി ക്കുന്ന സ്നേഹസാന്നിധ്യത്തിന്റെ വിശ്വസനീയ സാക്ഷികളായി തീരു വാൻ നിങ്ങൾക്ക് കഴിയും.

രണ്ടാമതായി ഇലക്ട്രോണിക് യുഗത്തിൽ ദൈവത്തെ അന്വേ ഷിക്കാനും അവതരിപ്പിക്കാനും യുവജനങ്ങൾ മുന്നോട്ടുവരണം. നവ സുവിശേഷ വൽക്കരണത്തിൽ ഇത് നിങ്ങളുടെ ഒരു ദൗത്യമായി ഏറ്റെ ടുക്കണം. ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, ട്വിറ്റർ എന്നിവയിലൂടെ ദൈവീക മായ കാര്യങ്ങൾ പോസ്റ്റ് ചെയ്യുവാനും ഷെയർ ചെയ്യുവാനും അന്വേ ഷിക്കാനും നിങ്ങൾ ഉൽസാഹിക്കണം. മനുഷ്യജീവിതത്തിന്റെ ഒഴിച്ചു കൂടാനാകാത്ത ഭാഗമായി തീർന്ന 'മൊബൈൽ' എന്ന സാങ്കേതിക വിദ്യയിലൂടെ ബൈബിൾ വചനങ്ങൾ പോസ്റ്റ് ചെയ്തും കമന്റ് ചെയ്തും നവമിഷനറിമാരായി തീരുവാനുള്ള ദൗത്യം ഏറ്റവും ഫലപ്രദമായി ചെയ്യുവാൻ സാധിക്കുന്നത് യുവജനങ്ങൾക്കാണ്. അശ്ലീലലിങ്കുകളിൽ ക്ലിക്ക് ചെയ്ത് യൗവനകാലഘട്ടം ഇഴഞ്ഞു നീങ്ങാതെ ദൈവത്തിലാ ശ്രയിച്ച് ദൈവത്തിന്റെ വചനങ്ങൾ ഹൃദയത്തിൽ സൂക്ഷിച്ച് കഴു കൻമാരെപോലെ ഉയരങ്ങളിലേയ്ക്ക് ഉയർന്ന് പ്രവർത്തിക്കാൻ യുവജ നങ്ങൾക്കാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു. ഇപ്രകാരം ജീവിക്കുമ്പോൾ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയുടെ വാക്കു കൾക്ക് യുവജനങ്ങൾക്കർത്ഥം നൽകാൻ സാധിക്കും. "പ്രിയ സുഹൃ ത്തുക്കളെ ഒരു തരത്തിലുള്ള അനർത്ഥങ്ങളും നിങ്ങളെ തളർത്തികള യാതിരിക്കട്ടെ. നിങ്ങൾ ലോകത്തെയോ ഭാവിയെയോ നിങ്ങളുടെതന്നെ ബലഹീനതയെയോ ഓർത്ത് ഭയപ്പെടരുത്. ചരിത്രത്തിന്റെ ഈ നിമിഷം ജീവിക്കുവാൻ ദൈവം നിങ്ങളെ അനുവദിച്ചിരിക്കുന്നത് നിന്റെ വിശ്വാ സത്തിലൂടെ അവന്റെ നാമം ലോകം മുഴുവൻ പ്രതിധ്വനിക്കാൻ വേണ്ടി യാണ്."

യുവജനദിനാശംസകളോടെ,

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

## ആത്മജ്വാല 2013 - പന്തക്കുസ്താ ജാഗരണപ്രാർത്ഥന

ലോകത്തിന്റെ അതിർത്തികളോളം വചനത്തിന്റെ അഗ്നിയുമായി സഞ്ചരിച്ച് ക്രിസ്തുവിന്റെ സഭയെ പടുത്തുയർത്തുവാൻ ശിഷ്യഗണത്തെ പ്രാപ്തരാക്കിയ 'പന്തക്കുസ്ത അനുഭവം' സ്വന്തമാക്കുവാൻ മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഒരു രാവുമുഴുവൻ പ്രാർത്ഥനാനിരതരായി. ഒണ്ടയങ്ങാടി ഇടവകയിൽ വെച്ച് നടത്തപ്പെട്ട പ്രാർത്ഥനയ്ക്ക് യൂണിറ്റ് വികാരി റവ.ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി വചനപ്രതിഷ്ഠ നടത്തി. ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. മൗണ്ട്മേരി സെമിനാരി റെക്ടർ റവ.ഫാ. തോമസ് കച്ചിറയിൽ വിഷിഷ്ടാതിഥിയും ഉദ്ഘാടകനുമായിരുന്നു. രൂപതാഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. സി. ലിൻസ എഫ്.സി.സി., ശ്രീ. ബിനോയ് പാനികുളം, ശ്രീ. സജീഷ് കടിയിങ്കൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു. ശ്രീ. ബിബിൻ ചെമ്പക്കര സ്വാഗതവും, ശ്രീ. എബിൻ മുട്ടപ്പള്ളി നന്ദിയും അർപ്പിച്ചു. തുടർന്ന് മുൻ ജീസസ് യൂത്ത് ഡയറക്ടർ റവ.ഫാ. മനോജ് കാക്കോനാലും ടീമും നയിച്ച ജാഗരണ പ്രാർത്ഥനയിൽ യുവജനങ്ങൾ ആത്മാഭിഷേകത്തിന്റെ ശക്തിയും നിറവും അനുഭവിച്ചു.

## ലഹരി വിരുദ്ധ സന്ദേശയാത്ര

ലോക പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 1-6-13 ന് ലഹരി വിരുദ്ധ സന്ദേശയാത്ര നടത്തി. ഉച്ചയ്ക്ക് 2 ന് പനമരത്ത് നിന്ന് ആരംഭിച്ച സന്ദേശയാത്ര കൂളിവയൽ, അഞ്ചാംമൈൽ, നാലാംമൈൽ, തരുവണ, വെള്ളമുണ്ട എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം അഞ്ചരയോടെ മക്കിയാട് സമാപിച്ചു. യാത്രയുടെ ഭാഗമായി ബൈക്ക്റാലി, ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശം, തെരുവുനാടകം എന്നിവ സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് ജിതേഷ് മുളയ്ക്കക്കുന്നേൽ, ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ബിബിൻ ചെമ്പക്കര, എബിൻ, ജെറ്റീഷ്, ജോഷി, പോപ്പി, സി. ലിൻസ എഫ്.സി.സി. തുടങ്ങിയവർ നേതൃത്വം വഹിച്ചു.

## കൃതജ്ഞതാപൂർവ്വം സി. വിൻസി ജോൺ എഫ്.സി.സി.ക്ക്

കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ മാനന്തവാടി രൂപതയുടെ ആനിമേറ്ററായി കഴിഞ്ഞ 2 വർഷം സ്തുത്യർഹമായ സേവനം നൽകിയ സി. വിൻസി ജോൺ എഫ്.സി.സി. ആനിമേറ്റർ

സ്ഥാനമൊഴിഞ്ഞ് പൂളപ്പാടത്തേക്ക് യാത്രയാകുന്നു. രൂപത കെ.സി. വൈ.എം. 6-6-13 ന് ചേർന്ന യോഗത്തിൽ വെച്ച് സി. വിൻസിക്ക് കൃതജ്ഞതയർപ്പിച്ചു. സിൻഡിക്കേറ്റ് യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ അധ്യക്ഷത വഹിച്ചു. പ്രസ്ഥാനത്തിനു വേണ്ടി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ സിസ്റ്ററിന് ഉപഹാരം നൽകി. ബിബിൻ ചെമ്പക്കര, ഷംജിത്ത് ചേലയ്ക്കൽ, സിംപോൾ പൊട്ടയ്ക്കൽ, ജസ്റ്റിൻ ചെഞ്ചട്ടയിൽ, ഫ്രെൻസി മണ്ണിശ്ശേരി, അമയ ഉറുമ്പാനിക്കൽ, ജോസ്ന പുള്ളോലിൽ, സി. അനിറ്റ് മരിയ സി.എം.സി. എന്നിവർ നന്ദിയർപ്പിച്ച് സംസാരിച്ചു. പുതിയ പ്രവർത്തന മണ്ഡലങ്ങളിൽ എല്ലാവിധ വിജയങ്ങളും നേരുന്നു.

## സി. ലിൻസ എഫ്.സി.സി. ക്ക് സ്വാഗതം

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പുതിയ ആനിമേറ്ററായി സ്ഥാനമേറ്റെടുത്ത സി. ലിൻസ എഫ്.സി.സി. യെ 6-6-13 ന് ചേർന്ന യോഗത്തിൽ വച്ച് സംഘടനയുടെ നേതാക്കൾ ഹൃദ്യമായി സ്വാഗതമേകി സ്വീകരിച്ചു. യുവജനതയുടെ പ്രവർത്തനങ്ങൾക്ക് ഉണർവ്വും ഉത്തേജനവും നൽകാൻ സിസ്റ്ററിന്റെ സാന്നിധ്യം ഇടവരുത്തട്ടെയെന്നാശംസിക്കുന്നു.

## നന്ദിയോടെ

കെ.സി.വൈ.എം. ന്റെ ഓഫീസ് സെക്രട്ടറിയായി കഴിഞ്ഞ 1 വർഷം സേവനം ചെയ്ത സി. അനിലിറ്റ് എസ്.എ.ബി.എസ്. സെക്രട്ടറി സ്ഥാനത്തുനിന്നും വിരമിച്ച് അപ്പപ്പാറയിലേക്ക് പോകുന്നു. ഉത്തരവാദിത്വബോധത്തോടെ കെ.സി.വൈ.എം. ന്റെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തി സൂക്ഷിച്ചിരുന്ന സി. അനിലിറ്റിന് 6-6-13 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ സംഘടനാനേതാക്കൾ നന്ദിയർപ്പിച്ചു. പുതിയ പ്രേഷിത മണ്ഡലങ്ങൾ നന്മ നിറഞ്ഞതാകട്ടെ.

## സ്വാഗതം

കെ.സി.വൈ.എം. രൂപത ഓഫീസ് സെക്രട്ടറിയായി പുതിയതായി ചാർജ്ജെടുത്തിരിക്കുന്ന സി. ലിന്റ എസ്.എ.ബി.എസ്. ന് പ്രസ്ഥാനത്തിന്റെ പേരിൽ ഹൃദ്യമായ സ്വാഗതവും പ്രവർത്തന വിജയങ്ങളും ആശംസിക്കുന്നു.

## അഭിനന്ദനങ്ങൾ

പാസ്റ്ററൽ സെന്റർ ഡയറക്ടറായി സ്ഥാനമേറ്റെടുത്തിരിക്കുന്ന റവ.ഫാ. ജോഷി പെരിയപുറത്തിനും, രൂപതയുടെ മതബോധന കേന്ദ്രത്തിന്റെ ഡയറക്ടറായി ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്ന റവ.ഫാ.

റോയി വട്ടക്കാട്ടിനും കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.

മതബോധനം, മിഷൻലീഗ്, കുടുംബപ്രേഷിതത്വം ഓഫീസ് സെക്രട്ടറിമാരായി കടന്നുവന്നിരിക്കുന്ന സിസ്റ്റേഴ്സിന് വിജയാശംസകൾ.

### യുവജനദിനം – ജൂലൈ 7

ഈ വർഷം ജൂലൈ 7 യുവജനദിനമായി നമ്മൾ ആചരിക്കുന്നു. വി.കുർബാന, കാഴ്ചസമർപ്പണം, യുവജനസംഗമം, സാമൂഹ്യസമ്പർക്ക പരിപാടികൾ എന്നിവ യുവജനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. രൂപതാതല യുവജന ദിനാചരണം നടവയൽ മേഖലയിലെ കുറുമ്പാലക്കോട്ട യൂണിറ്റിൽ വച്ച് നടത്തപ്പെടുന്നതാണ്.

### വിശ്വാസവർഷ ഉപന്യാസ മത്സരം

വിശ്വാസവർഷത്തിൽ സെന്റ് പോൾസ് ദിനവുമായി ബന്ധപ്പെട്ട് നടത്തുന്ന ഉപന്യാസ മത്സരത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ഉപന്യാസം രൂപതാ ഓഫീസിൽ എത്തിക്കേണ്ട തീയതി ജൂലൈ 3 വരെ നീട്ടിയിട്ടുണ്ട്. മത്സര നിബന്ധനകൾ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

ഒരു യൂണിറ്റിൽ നിന്നും കെ.സി.വൈ.എം. അംഗങ്ങളായ രണ്ട് പേർക്ക് മത്സരത്തിൽ പങ്കെടുക്കാം. പങ്കെടുക്കുന്നവർ 10 പേജിൽ കവിയാത്ത ഉപന്യാസം എഴുതി വികാരിയച്ചന്റെ സാക്ഷ്യപത്രത്തോട് കൂടി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. ഉപന്യാസ രചനയ്ക്കായി റഫർ ചെയ്യുന്ന ബുക്ക്സിന്റെ റഫൻസ് കൂടി ഉപന്യാസത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. മത്സര വിഷയം – വിശ്വാസ സംരക്ഷകനായ വി. പൗലോസ് ശ്ലീഹ.

### രൂപതാ അർദ്ധവാർഷിക സെനറ്റ് – ജൂലൈ 13

കെ.സി.വൈ.എം. രൂപതാ അർദ്ധവാർഷിക സെനറ്റ് ജൂലൈ 13 ന് 9.30 മുതൽ 3.30 വരെ ദ്വാരക എ.യു.പി. സ്കൂളിൽവെച്ച് നടത്തപ്പെടും. എല്ലാ മേഖലാ ഭാരവാഹികളും രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളും നിർബന്ധമായും സെനറ്റിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. അർദ്ധവാർഷിക സെനറ്റ് നടത്താത്ത മേഖലകൾ എത്രയും പെട്ടെന്ന് സെനറ്റ് വിളിച്ചുകൂട്ടി റിപ്പോർട്ട് പാസാക്കി രൂപത സെനറ്റിൽ അവതരിപ്പിക്കേണ്ടതാണ്.

### സഹചലനം – യൂണിറ്റ് വിസിറ്റ്

പോരൂർ, വഞ്ഞോട്, കണിയാരം, കൊമ്മയാട്, ചുണ്ടക്കര,

വാളവയൽ, നടവയൽ, അരിഞ്ചേർമല, ചുങ്കക്കുന്ന് എന്നിവിടങ്ങളിൽ യൂണിറ്റ് വിസിറ്റ് നടത്തി. യൂണിറ്റ് വിസിറ്റിന് റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ജിതേഷ് മുളയ്ക്കക്കുന്നേൽ, സി. ലിൻസ എഫ്.സി.സി., ഷംജിത്ത് ചേലയ്ക്കൽ, ബിനോയ് പാനികുളം, സജീഷ് കടിയിങ്കൽ. സജിൻ ചാലിൽ, ബിബിൻ ചെമ്പക്കര എന്നിവർ നേതൃത്വം നൽകി. യൂണിറ്റുകളിൽ വേണ്ട കാര്യങ്ങൾ ചെയ്ത യൂണിറ്റ് ഡയറക്ടേഴ്സി നെയും യൂണിറ്റ്, മേഖല ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

**പ്രചോദിനി - രൂപത വനിത സംഗമം 2013 .**

2013 വർഷത്തെ രൂപത വനിതാസംഗമം പ്രചോദിനി 2013 ആഗസ്റ്റ് 6 ന് രാവിലെ 9.00 ന് മാനന്തവാടി ടൗൺപള്ളിയിൽ വച്ച് നടത്തപ്പെ ടുന്നു. വനിത സംഗമത്തിൽ പ്രഗത്ഭ വ്യക്തികൾ ക്ലാസുകൾ നയിക്കും. യൂണിറ്റുകളിൽ നിന്നും എല്ലാ യുവതികളെയും പങ്കെടുപ്പിക്കാൻ ശ്രദ്ധി ക്കുമല്ലോ.

**ആനിമ 2013**

മേഖല, യൂണിറ്റ് തലങ്ങളിൽ സംഘടനയെ നയിച്ചുകൊണ്ടിരി ക്കുന്ന ആനിമേറ്റർമാരുടെ സംഗമം 'ആനിമ' ആഗസ്റ്റ് 6 ന് മാനന്തവാടി ടൗൺ ചർച്ചിൽ വച്ച് നടക്കും. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ, തുടർന്ന് ക്ലാസുകളും ചർച്ചയും. എല്ലാ ആനിമേറ്റർമാരും പങ്കെടുക്കു മല്ലോ.

## യൂണിറ്റ് വാർത്തകൾ

### പയ്യമ്പള്ളി യൂണിറ്റ്

രക്തദാന നിർണയക്യാമ്പ് നടത്തി അഡ്രസ്സ്, ഫോൺനമ്പർ, രക്തഗ്രൂപ്പ് തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും ക്ലബ്ബുകളിൽ വിത രണം ചെയ്യുകയും രക്തദാനം നടത്തുകയും ചെയ്തു വരുന്നു. പയ്യം പള്ളി, കൂടൽക്കടവ് റോഡുപണിയുമായി ബന്ധപ്പെട്ട് മന്ത്രിമാർക്ക് നിവേ ദനം നൽകുകയും പ്രതിഷേധറാലി നടത്തുകയും ചെയ്തതുവഴിയായി റോഡുപണി ത്വരിതഗതിയിൽ നടത്തി. രോഗീസന്ദർശനം നടത്തുകയും ധനസഹായം നൽകുകയും ചെയ്തു. മരണാസന്നനായി കിടന്നിരുന്ന രോഗിയെ ഡോക്ടറുടെ അടുത്തെത്തിക്കുകയും ആവശ്യമായ ചികി ത്സകൾക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ദേവാലയനിർമ്മാണത്തോ ടനുബന്ധിച്ച് ക്രൂശിതരൂപം നൽകുവാൻ വേണ്ടി യുവജനങ്ങൾ ആക്രി സാധനങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തിയും സി.എഫ്.എൽ. ബൾബു വിതരണം ചെയ്തും ഫണ്ടു ശേഖരിച്ചു. 18 യുവജനങ്ങൾ മലയാറ്റൂർ പദയാത്ര നടത്തി. യൂണിറ്റിൽ ജാഗരണ പ്രാർത്ഥന നടത്തി. മാനന്തവാടി

വള്ളിയൂർക്കാവ് ജംഗ്ഷനിൽ ബസ്സു കാത്തിരിപ്പു കേന്ദ്രം നിർമ്മിക്കുവാനായി ഒപ്പുശേഖരണം നടത്തി പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി ഗ്ലാഡീസ് ചെറിയാനു നൽകി. യുവഗാഥ 2013 ൽ പയ്യമ്പള്ളി യൂണിറ്റിൽ നിന്നും ഇരുപത്തഞ്ചോളം യുവജനങ്ങൾ പങ്കെടുത്തു. ജൈവകൃഷി പ്രോത്സാഹനാർത്ഥം പള്ളിപറമ്പിൽ കപ്പ നട്ടു. പണം തവണകളായി അടക്കുന്ന രീതിയിൽ സോളാർ ലൈറ്റുകൾ ഇടവകയിൽ വിതരണം ചെയ്തു.

## വാഴവറ്റ യൂണിറ്റ്

സന്യാസ വ്രതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സി.പെലാജിയാമ്മക്ക് കെ.സി.വൈ.എം. അംഗങ്ങൾ മെമന്റോ നൽകി ആദരിച്ചു. വൈത്തിരി ജയിൽ സന്ദർശിച്ച് കലാപരിപാടി അവതരിപ്പിക്കുകയും പലഹാരങ്ങൾ നൽകുകയും ചെയ്തു.

## ആലാറ്റിൽ യൂണിറ്റ്

ഡീക്കൻ ജോഷി കൊച്ചുപുരയ്ക്കലിന്റെ തിരുപ്പട്ടകർമ്മങ്ങൾക്കായി ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയത് യൂണിറ്റിലെ യുവജനങ്ങളാണ്. സി. ഹെൽന എസ്.എ.ബി.എസ്. ന് ഹൃദ്യമായ യാത്രയയപ്പ് നൽകി. ഇടവക ഡിറക്ടറിക്കുവേണ്ട വിവരങ്ങൾ ശേഖരിച്ചു.

## ഇടിവണ്ണ യൂണിറ്റ്

നീണ്ട 5 വർഷങ്ങൾ ഇടിവണ്ണ യൂണിറ്റിനെ നേതൃനിരയിൽ നിന്ന് നയിച്ച ജിൽസൺ കോക്കണ്ടത്തിലച്ചന് യുവജനങ്ങൾ ഹൃദ്യമായ യാത്രയയപ്പ് നൽകി.

## ചുങ്കക്കുന്ന് യൂണിറ്റ്

യുവജനങ്ങളുടെ നേതൃത്വത്തിൽ സിമിത്തേരിയും പരിസരവും വൃത്തിയാക്കി. 22 യുവജനങ്ങൾ ഇതിൽ പങ്കെടുത്തു. ഡിപ്ലോമ പരീക്ഷയിൽ റാങ്ക് നേടിയ ആൻസിലിൻ മണിയാക്കുപാറ, സ്ക്കോളർഷിപ്പ്, എസ്.എൽ.സി., +2, പരീക്ഷയിൽ ഉന്നതവിജയം നേടിയവർ എന്നിവരെ ആദരിക്കുകയും ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു. രക്തഗ്രൂപ്പ് ഡിറക്ടറി പൂർത്തിയാക്കി. 34 വാർഡുകളിലെ യുവജന സർവ്വെ പൂർത്തിയാക്കി.

## വെള്ളൂന്നി യൂണിറ്റ്

ഇടവകയിലെ കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി. റവ.ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ പ്രാർത്ഥന നയിച്ചു. ധാരാളം ഇടവകജനങ്ങൾ പ്രാർത്ഥനയിൽ പങ്കുചേർന്നു.

**കാവുംമന്ദം യൂണിറ്റ്**

കെ.സി.വൈ.എം. ന്റെ പുതിയ ആനിമേറ്റർ സി. ലളിതയെ യുവജനകൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്തു. സമൂഹത്തിൽനിന്നും ഒറ്റപ്പെട്ട് വേദനയനുഭവിക്കുന്നവർക്ക് ആശ്വാസമേകുവാനായി യുവജനങ്ങൾ വാഴവറ്റയിലെ ജ്യോതിഭവൻ സന്ദർശിച്ചു. ഇടവക ഡിറക്ടറിക്കുവേണ്ട വിവരങ്ങൾ ശേഖരിക്കുന്നു.

**കുറുമണി യൂണിറ്റ്**

യുവജനങ്ങൾ ഇടവകദേവാലയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കുചേരുന്നു. യുവജനങ്ങളുടെ നേതൃത്വത്തിൽ തരിയോട് ഇടവക സന്ദർശിക്കുകയും 1,14000 രൂപ സമാഹരിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്കായി നൽകുകയും ചെയ്തു. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി Youcat പഠനശിബിരം സംഘടിപ്പിച്ചു. യുവജനങ്ങൾക്ക് വേണ്ടി സെമിനാർ നടത്തി. റവ.ഫാ. ഷിജോ, റവ.ഫാ. റെജി തുടങ്ങിയവർ ക്ലാസ് നയിച്ചു. ദേവാലയനിർമ്മാണ വിജയത്തിനായി ദിവ്യകാരുണ്യ ആരാധന നടത്തി.

**മേഖലാ വാർത്തകൾ**

പയ്യമ്പള്ളി മേഖലാ കൺവെൻഷൻ നടത്തി. 145 ഓളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു.

**തരിയോട് മേഖല**

കെ.സി.വൈ.എം. തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ ഷട്ടിൽ ബാറ്റ് ടൂർണമെന്റ് നടത്തി. മേഖല ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയിൽ, മേഖല പ്രസിഡന്റ് ജെറ്റീഷ് വെള്ളാരംകാലായിൽ, സെക്രട്ടറി അമൽ കൊച്ചുകുളത്തിങ്കൽ, അഖിൽ തറപ്പത്ത് എന്നിവർ നേതൃത്വം നൽകി. മത്സരത്തിൽ ചെന്നലോട് വിജയിച്ചു. ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു.

**ബിബിൻ ചെമ്പക്കര**
രൂപതാജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജൂൺ 14 മുതൽ 17 വരെ നടന്ന കോഴ്സിൽ 88 പേർ പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ വൈദികരെയും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

ജൂലൈ 12-15 പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 04-07 പാസ്റ്ററൽ സെന്റർ ദ്വാരക
ആഗസ്റ്റ് 16-19 പാസ്റ്ററൽ സെന്റർ മണിമൂളി
ആഗസ്റ്റ് 30 സെപ്റ്റംബർ 02 പാസ്റ്ററൽ സെന്റർ ദ്വാരക

## പ്രത്യേക ശ്രദ്ധയ്ക്ക്

ആഗസ്റ്റ് 16 മുതൽ 19 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ അറിയിക്കുമല്ലോ. ഈ പ്രദേശങ്ങളിൽ കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് 16-19 -ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കണേ.

## കത്തോലിക്ക മാതൃസംഘടന

മെയ് 23-ാം തീയതി മാതൃസംഘടനയുടെ രൂപതാ എക്സിക്യൂട്ടീവ് രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചന്റെ നേതൃത്വത്തിൽ നടന്നു. പ്രസ്തുത യോഗത്തിൽ ഡയറക്ടർ മാത്യു അച്ചനേയും ഓഫീസ് സെക്രട്ടറി സി. എമിലി എസ്.എച്ച്. നെയും മാതൃസംഘടനയിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തുകൊണ്ട് രൂപതാ ആനിമേറ്റർ സി. ടെസീന എസ്.എ.ബി.എസ്. സംസാരിച്ചു. ശ്രീമതി മോളി കരിമ്പനാക്കുഴി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ മത്സരങ്ങൾ

വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. മാതൃസംഘടനയ്ക്കുണ്ടായിട്ടുള്ള വളർച്ചയും ആത്മീയ ഉണർവ്വും കാത്ത് സൂക്ഷിച്ചുകൊണ്ട് ഉണർവ്വോടുകൂടെ എല്ലാവരുടേയും പ്രവർത്തനങ്ങൾ ഉണ്ടാവണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ബഹു. ഡയറക്ടറച്ചൻ സംസാരിച്ചു. കൂടാതെ ജൂൺ 18-ാം തീയതി നടക്കേണ്ട മേഖല ഡയറക്ടേഴ്സിന്റേയും മേഖല ആനിമേറ്റേഴ്സിന്റേയും മാതൃ സംഘടനയുടെ രൂപതാ ഭാരവാഹികളുടേയും വിമൻസ് കമ്മീഷൻ സെക്രട്ടറിമാരുടേയും സംയുക്ത യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷ യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു.

സീറോ മലബാർ സഭ ദേശീയ വനിതാ ഫോറം ഇക്കഴിഞ്ഞ മെയ് 16,17 തീയതികളിൽ എറണാകുളം റിന്യൂവിൽ സെന്ററിൽ വച്ച് നടന്ന സീറോ മലബാർ സഭയുടെ വനിതാ ഫോറം ദേശീയ കോൺഫ്രൻസിൽ മാനന്തവാടി രൂപതയിൽ നിന്നും ശ്രീമതി മോളി കരിമ്പനാക്കുഴി, സ്വപ്ന തയ്യനാട്ടുവെളിയിൽ എന്നിവർ പങ്കെടുത്തു. ഈ കോൺഫ്രൻസിൽ വെച്ച് വനിതാ ഫോറം ദേശീയ ഭരണ സമി തിയെ തെരഞ്ഞെടുക്കുകയും ദേശീയ ഭരണസമിതിയിലെ കമ്മിറ്റിയംഗ മായി ശ്രീമതി മോളി കരിമ്പനാക്കുഴി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**രൂപതാ എക്സിക്യൂട്ടീവ് , ഫൊറോന ഡയറക്ടേഴ്സ്, ആനിമേ റ്റേഴ്സ്, ഫൊറോനതല വിമൻസ് കമ്മീഷൻ സെക്രട്ടറിമാരുടെ സംയുക്ത സമ്മേളനം**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 18-06-2013 ന് ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, മാതൃസംഘം, രൂപത എക്സിക്യൂട്ടീവ്, വിമൻസ് കമ്മീഷൻ സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത സംഗമം നടന്നു. പ്രസ്തുത യോഗത്തിൽ 30 അംഗങ്ങൾ പങ്കെടുത്തു. ഫാമിലി അപ്പോസ്റ്റലേറ്റ് അസിസ്റ്റന്റ് ഡയറക്ടർ ബഹു. ബിനു വടക്കേലച്ചൻ സ്വാഗതവും മാത്യു അച്ചൻ വിഷയാവതരണവും നടത്തിയ യോഗ ത്തിൽ ശ്രീമതി മോളി കരിമ്പനാക്കുഴി അധ്യക്ഷത വഹിച്ചു.

യോഗത്തിൽ കഴിഞ്ഞ വാർഷിക കലാമത്സരങ്ങളെ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിച്ചു. ലോഗോസ് 2013, വനിത കൾക്കായുള്ള സാഹിത്യരചനാ മത്സരം, നല്ല ശാഖ, ഫൊറോന തിര ഞ്ഞെടുപ്പ്, വിമൻസ് കമ്മീഷന്റെ പ്രസക്തി, ദൗത്യം, വിധവകളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തന പദ്ധതികൾ എന്നീ വിഷയങ്ങൾ ചർച്ച

ചെയ്ത് തീരുമാനമെടുത്തു. ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുത്തു. യോഗത്തിന് ശ്രീമതി ചിന്നമ്മ ടീച്ചർ നന്ദി അർപ്പിച്ചു.

**മാനന്തവാടി രൂപത കത്തോലിക്കാ മാതൃസംഘടന രൂപതയിൽ മികച്ച പ്രവർത്തനം നടത്തുന്ന മേഖലയും, ശാഖയും കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. മാതൃസംഘടനയുടെ നിയമാവലിയനുസരിച്ചാണോ പ്രവർത്തനങ്ങൾ.
2. നിയമാവലിയിൽ പറഞ്ഞിരിക്കുന്ന റിക്കാർഡുകൾ കൃത്യമാണോ.
3. രൂപതാ മാർഗ്ഗരേഖയനുസരിച്ചാണോ ശാഖകളിലെ പ്രവർത്തനം.
4. മേഖല, രൂപതാ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം.
5. ശാഖ-മേഖല എക്സിക്യൂട്ടീവുകളുടെ എണ്ണം.
6. ഇടവകയിലെ കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി അംഗങ്ങൾ മാതൃസംഘടനയിൽ ഉണ്ടോ.
7. ഇടവക പ്രവർത്തനങ്ങളിലെ സജീവത.
8. വി. കുർബാനയിലെ പങ്കാളിത്തം.
9. ജീവകാരുണ്യ പ്രവർത്തനങ്ങൾ.
10. തനതു പ്രവർത്തനങ്ങൾ.
11. ശാഖാ മേഖലാ സെമിനാറുകൾ -ആത്മീയവും, ഭൗതികവുമായ മേഖലകളിൽ.
12. പരിശോധനയ്ക്കു വിധേയമാക്കുന്ന പ്രവർത്തന കാലാവധി October 1 മുതൽ September 30 വരെയായിരിക്കും.
13. ശാഖയുടെ റിപ്പോർട്ട് September 15 നുള്ളിൽ മേഖലയ്ക്കു നൽകുക.
14. മേഖല, ശാഖ വിസിറ്റ് ചെയ്ത് റിപ്പോർട്ട് October 15 ന് മുമ്പായി രൂപതയിൽ എത്തിക്കുക.
15. മേഖലാ റിപ്പോർട്ട്, റിക്കാർഡ്സ് എന്നിവ November 7ന് രൂപതയിൽ എത്തിക്കുക.

**കൃതജ്ഞതയോടെ**

മാനന്തവാടി രൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങൾ ഫൊറോനകളിൽ സജീവമാക്കുന്നതിന് മുഖ്യ പങ്കു വഹിച്ച റവ. ഫാ. സജി പുതുക്കുളങ്ങര (കല്ലോടി), റവ. ഫാ. ജോണി പെരുമാട്ടിക്കുന്നേൽ (മാനന്തവാടി), റവ. ഫാ. ബിജു മാവറ(നിലമ്പൂർ), റവ. ഫാ. ജോണി കുന്നത്ത് (മുള്ളൻകൊല്ലി), ആനിമേറ്റേഴ്സായി പ്രവർത്തിച്ച

സി.കുസുമോസ് എസ്.എച്ച്. (കല്പ്പറ്റ), സി. ബെൻസി എസ്.എച്ച്. (കൊട്ടിയൂർ), സി. അർച്ചന എഫ്.സി.സി. (മുള്ളൻകൊല്ലി) എന്നിവർക്ക് രൂപത ഡയറക്ടറച്ചനും ടീം അംഗങ്ങളും നന്ദി അർപ്പിച്ചു. എല്ലാവർക്കും പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും വിജയങ്ങളും ആശംസിക്കുന്നു.

**സുസ്വാഗതം**

ഫൊറോനകൾക്ക് ജീവനേകാനായി, ജീവനാകാനായി മേഖലാ ഡയറക്ടർമാരായി നിയോഗിക്കപ്പെട്ടിരിക്കുന്ന എല്ലാ ഡയറക്ടർമാർക്കും, ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ (കല്ലോടി), ഫാ. മാർട്ടിൻ പുതുശ്ശേരി (മാനന്തവാടി), ഫാ. ജോഷി പുൽപ്പയിൽ (മുള്ളൻകൊല്ലി), ഫാ. സജി പുതുകുളങ്ങര (നിലമ്പൂർ)എന്നിവർക്കും, ആനിമേറ്റേഴ്സായി നിയോഗിക്കപ്പെട്ടിരിക്കുന്ന സി. ട്രീസ പ്ലാത്തോട്ടം എസ്.എച്ച്. (കല്പ്പറ്റ), സി. റീന ജെയിംസ് എസ്.എച്ച്.(കൊട്ടിയൂർ), സി. കൃപ എഫ്.സി.സി. (മുള്ളൻകൊല്ലി) എന്നിവർക്കും ബഹു. രൂപതാ ഡയറക്ടറച്ചനും, അസി. ബഹു. ബിനു അച്ചനും, ടീം അംഗങ്ങൾക്കും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**പയ്യംമ്പള്ളി മേഖല**

കത്തോലിക്കാ മാതൃസംഘടന പയ്യംമ്പള്ളി മേഖല എക്സിക്യൂട്ടീവിന്റേയും ആനിമേറ്റർമാരുടേയും യോഗം മേഖലാ ഡയറക്ടർ ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ ആറാട്ടുതറ സെന്റ് തോമസ് പള്ളിയിൽ 15-06-2013 ന് ചേർന്നു. യോഗത്തിൽ മേഖല പ്രസിഡണ്ട് അന്നക്കുട്ടി ഇലഞ്ഞിമറ്റം അദ്ധ്യക്ഷത വഹിച്ചു. മേഖല ഡയറക്ടർ ബഹു. ചാക്കോച്ചനച്ചൻ ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. തുടർന്ന് അമ്മമാരുടെ മേഖല മത്സരത്തിന്റേയും രൂപതാ മത്സരത്തിന്റേയും വിലയിരുത്തൽ നടത്തി. പിന്നീട് ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു. 13-07-2013 ന് പടമല പള്ളിയിൽ വെച്ച് സെമിനാറും കുർബാനയും ബൈബിൾ ക്വിസും നടത്തുന്നതിന് തീരുമാനിച്ചു. ഒക്ടോബർ മാസത്തിൽ പനവല്ലിയിൽ വെച്ച് ക്ലാസ്സും ജപമാല റാലിയും സംഘടിപ്പിക്കുവാനും തീരുമാനമായി. മേഖലയിലെ എല്ലാ വീടുകളിലും പോയി പച്ചക്കറി, അരി തുടങ്ങിയവ ശേഖരിക്കാനും അനാഥാലയങ്ങൾ സന്ദർശിച്ച് അവ നൽകുവാനും തീരുമാനിച്ചു. തുടർന്ന് പ്രാർത്ഥനയോടെ യോഗം അവസാനിപ്പിച്ചു.

**കരിമാനി**

ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ എക്സിക്യുട്ടീവും, മാസ മീറ്റീംങ്ങും കൂടി കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. 2–ാം വെള്ളി യാഴ്ച്ച മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. അമ്മമാരുടെ സജീവ സാന്നിദ്ധ്യം പ്രകടമായിരുന്നു. നവസന്ന്യസ്തരെ ആദരിക്കുകയും അവർക്ക് സമ്മാ നങ്ങൾ നൽകുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**ഇടിവണ്ണ**

16–ാം തിയതി പള്ളിയും പരിസരവും വൃത്തിയാക്കി. തുടർന്ന് ബഹു. ജിൽസൺ കോക്കണ്ടത്തിലച്ചനും, ഹെലൻ മദറിനും യാത്ര യയപ്പ് നൽകുന്നതിനെക്കുറിച്ച് എക്സിക്യൂട്ടിവ് ചേർന്ന് തീരുമാന ങ്ങളെടുത്തു. മാതൃസംഘടനയുടെ വകയായുള്ള സ്നേഹോപകാര ങ്ങൾ നൽകുകയും ചെയ്തു.18ന് ജിൽസൺ അച്ചനേയും 25ന് ഹെലൻ മദറിനേയും കൊണ്ടുവിടാൻ പോയി. ഇടവകയിൽ പുതിയതായി ചാർജെടുത്ത ബഹു. സെബാസ്റ്റ്യൻ പാറയിലച്ചനേയും ജെസ്ന മദറിനേയും സ്വാഗതം ചെയ്തു.

**പടമല**

ബഹു. സണ്ണി അച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. മേഖ ലയിൽവെച്ച് നടത്തിയ ചെറുകഥാ മത്സരത്തിൽ ജെസ്സി തുരുത്തേൽ സമ്മാനം നേടി. രണ്ടാമത്തെ വെള്ളിയാഴ്ച അമ്മമാർ ആശുപത്രി സന്ദർശിക്കുകയും ഭക്ഷണം നൽകുകയും ചെയ്തു. അമ്മമാരുടെ നേതൃത്വത്തിൽ പള്ളിയും പരിസരവും വൃത്തിയാക്കി. വിശ്വാസ വർഷ ത്തിൽ ഇടവകയിൽ നടത്തിയ പ്രാർത്ഥനാകൂട്ടായ്മയിൽ അമ്മമാർ പങ്കെടുത്തു. നിർദ്ധനരായ രണ്ട് ഹിന്ദു കുടുംബങ്ങൾക്ക് പുതിയ വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും അമ്മമാർ നൽകി.

**പോരൂർ**

15–05–13ന് പോരൂർ ഇടവകയിൽ മാതൃസംഘടനയുടെ വാർഷികം വിവിധ മത്സരങ്ങളോടുകൂടി ബഹുമാനപ്പെട്ട ചാക്കോ മേപ്പുറത്തച്ചന്റെ നേതൃത്വത്തിൽ നടത്തി. സമാപന സമ്മേളത്തിൽ മാതൃസംഘടനയുടെ ആനിമേറ്ററായി മൂന്ന് വർഷം പ്രവർത്തിച്ച സി. തെരേസ് ജോർജ്ജ് എസ്.എച്ച്.ന് പുതിയ പ്രവർത്തനമേഖലകളിൽ വിജയാശംസകൾ നേരു കയും നന്ദിയർപ്പിക്കുകയും ചെയ്തു. മത്സരവിജയികൾക്കുള്ള സമ്മാ നങ്ങൾ വികാരിയച്ചൻ വിതരണം ചെയ്തു.

**മൂലങ്കാവ്**

മൂലങ്കാവ് സെന്റ് ജൂഡ്സ് ദേവാലയത്തിലെ മാതൃസംഘടന യുടെ യോഗം 15-06-2013 ന് ബഹു. ഷാജു അച്ചന്റെ അധ്യക്ഷതയിൽ ചേർന്നു. വിവിധ വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടന്നു. ഇടവകയിൽ മദ്യ പാനം മൂലം സമാധാനം തകർന്ന കുടുംബങ്ങൾക്കുവേണ്ടി സംഘാം ഗങ്ങൾ ഒരു മാസത്തേയ്ക്ക് മാംസം വർജ്ജിച്ച് പ്രാർത്ഥിക്കാനും ഇടവ കയിലെ രണ്ട് കിടപ്പുരോഗികൾക്ക് സാമ്പത്തിക സഹായം നൽകാനും തീരുമാനിച്ചു.

**മച്ചിക്കൊല്ലി**

ഏപ്രിൽ 13-ാം തീയതി മാതൃസംഘാംഗങ്ങൾ സി. മേഴ്സിനയുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടുകയും, റിപ്പോർട്ടും കണക്കുകളും വായിച്ച് പ്രവർത്തനങ്ങളെ വിലയിരുത്തുകയും, ഭാവി പരിപാടികളെപറ്റി ചർച്ച നടത്തുകയും ചെയ്തു. ഇടവകയിലെ വിവിധ സംഘടനകൾ, പ്രവർത്ത നങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ, പുരോഹിതർ, സമർപ്പിതർ എന്നി വർക്കും, ഇടവകയിലെ വിവിധ ആവശ്യങ്ങൾക്കും, നിയോഗങ്ങൾക്കും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഏപ്രിൽ 2-ാം തീയതി മാനന്തവാടിയിൽ വച്ച് നടന്ന രൂപതാ മത്സരത്തിൽ മച്ചിക്കൊല്ലി യൂണിറ്റംഗങ്ങൾ പങ്കെടുക്കുകയും, ശ്രീമതി സെലിൻ പള്ളിക്കാമഠം ബൈബിൾ വായനയ്ക്ക് രണ്ടാം സ്ഥാനം നേടു കയും ചെയ്തു. മെയ് 3-ാം തീയതി പള്ളിയിൽ വച്ച് യോഗം ചേർന്ന് റിപ്പോർട്ടും കണക്കുകളും വായിച്ച് പാസ്സാക്കുകയും, മൂന്ന് വർഷം മാതൃ സംഘടനയുടെ ആനിമേറ്ററായിരുന്ന മദറിനും, സി. ഫിലോയ്ക്കും യാത്ര യപ്പു നൽകി. ധ്യാനദിവസങ്ങളിൽ അമ്മമാർ ലഘുഭക്ഷണം തയ്യാറാക്കി ഇടവകജനങ്ങൾക്ക് നൽകി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബ പ്രേഷിതത്വം

**ഫാ. എമ്മാനുവൽ വടക്കേൽ**
അസി. ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സ്നേഹം നിറഞ്ഞ വിൻസെൻഷ്യൻ സഹോദരീസഹോദരങ്ങളേ,

"നമുക്കും അവനോടുകൂടി പോയി മരിക്കാം" എന്ന വിശ്വാസ ദാർഢ്യം നമുക്ക് പകർന്നുതന്ന ക്രിസ്തുശിഷ്യനായ വിശുദ്ധ തോമാ ശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശം സിക്കുന്നു. ജൂലൈ മാസം ഈശോയുടെ തിരുരക്ത വണക്കത്തിന്റെ മാസമാണല്ലോ. വിശ്വാസവർഷാചരണത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിക്കൊണ്ട് വിശുദ്ധ തോമാശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയിൽ ഉറച്ച് വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ നമുക്കൊ രുമിച്ച് കരങ്ങൾ കോർക്കാം.

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മാനന്തവാടി സെൻട്രൽ കൗൺസിൽ ഇന്ന് 17 ഏരിയ കൗൺസിലുകളിലായി 146 കോൺഫ്രൻസുകളിൽ 1172 പ്രവർത്തന അംഗങ്ങളുള്ള ഒരു ശക്തമായ ഭക്തസംഘടനയാണ് എന്ന് വാർഷിക റിപ്പോർട്ടിലൂടെ മനസിലാക്കാൻ കഴിയുന്നത് അഭിമാനകരമാണ്. വിവിധ മേഖലകളിൽ പ്രവർത്തിക്കു ന്നവരും, അറിവും പരിജ്ഞാനവുമുള്ള പ്രവർത്തകരും, നേതൃത്വം നൽകുന്നതിന് കരുത്തുറ്റ ലീഡേഴ്സുമുള്ള നമ്മുടെ സംഘടന ആത്മീ യോപദേഷ്ടാക്കളുടെ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സ്വീകരിച്ച് കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് ദൃഢതയോടെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കേണ്ടത് ആവശ്യമാണ്.

നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്യുമ്പോൾ നമ്മുടെ പ്രവർത്തനം ഏറെ മികച്ചതല്ല എന്ന് മനസിലാക്കുവാൻ കഴി യുന്നു. ആലംബഹീനരേയും, രോഗികളെയും മറ്റും നിസ്വാർത്ഥ സേവ നത്തിലൂടെ സഹായിക്കുക എന്ന സൊസൈറ്റിയുടെ അടിസ്ഥാനമൂല്യം മറന്നുപോകുന്നുവോ എന്ന വിധത്തിലാണ് നമ്മുടെ പ്രവർത്തനവും നാം സ്വരൂപിക്കുന്ന തുകയും. സൊസൈറ്റിയുടെ അടിസ്ഥാന വരുമാ നമായ "രഹസ്യ പിരിവ്" വളരെ തുച്ഛമാണ്. ചില കോൺഫ്രൻസുക

ളിൽ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ചിലവാകുന്ന തുകയായ 50 രൂപ പ്രതിവാരം കർശനമായി സ്വരൂപിക്കുന്നു എന്ന വസ്തുത വളരെ അഭിനന്ദനാർഹമാണ്.

കോൺഫ്രൻസുകളിലെ പ്രതിവാരയോഗങ്ങളുടെ എണ്ണം അവയിലെ ഹാജർ, രോഗിസന്ദർശനം, ദത്തുകുടുംബസഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയ പ്രവർത്തന മേഖലകളിൽ നമ്മുടെ പങ്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നാണ് റിപ്പോർട്ടുകളിലൂടെ മനസിലാക്കാൻ സാധിക്കുന്നത്. ഈ സ്ഥിതിയിൽ ദ്വരിതഗതിയിൽ മാറ്റം വരുത്തണമെന്നും എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും, ഏസി കോൺഫ്രൻസ് പ്രസിഡണ്ടുമാരും സൊസൈറ്റിയുടെ വളർച്ചയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ ആത്മാർത്ഥതയോടെയും സഹകരണത്തോടെയും ആത്മീയോപദേഷ്ടാക്കളുമായി ചർച്ച ചെയ്തും നടപ്പിലാക്കുന്നതിന് ത്യാഗമനോഭാവത്തോടെ കരങ്ങൾ കോർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സിസി യോഗം

2013 ജൂൺ 8–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ സിസി ഓഫീസിൽ വെച്ച് ബ്രദർ തോമസ് മാങ്ങൻ, സിസി പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ സിസി യോഗം നടന്നു. സിസി വാർഷികാഘോഷം അവലോകനം ചെയ്തു. വാർഷികാഘോഷം വളരെ വിജയപ്രദമായിരുന്നെന്നും, ചരിത്രനേട്ടമായി മാറിയെന്നും വിലയിരുത്തി.

മാനന്തവാടി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മഹത് പ്രോജക്ടായ ഓസ്സാനാം ഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന്റെ തറക്കല്ലിട്ട്, മാനന്തവാടി രൂപതാദ്ധ്യക്ഷനും, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ രക്ഷാധികാരിയുമായ മാർ ജോസ് പൊരുന്നേടം പിതാവ് അനുഗ്രഹിച്ച പ്രോജക്ട് വളരെ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്.

ഓസ്സാനാം ഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണ ഫണ്ട് ശേഖരണത്തിനായി യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

a) ഇടവക തലത്തിൽ ഫണ്ട് സ്വരൂപിക്കുവാൻ മുൻകൈ എടുത്ത് പ്രവർത്തിക്കുക.
b) 10000/– രൂപയിൽ അധികം സംഭാവന നൽകുന്ന വ്യക്തികളുടെ പേര് കെട്ടിടത്തിൽ എഴുതുക.
c) 50000/– രൂപയിൽ അധികം സംഭാവന നൽകുന്ന വ്യക്തികളെ അസോസിയേറ്റ് അംഗങ്ങളാക്കുക.

d) പുതിയ ബ്രോഷർ തയ്യാറാക്കുക.
e) ഓരോ ഇടവകകളിൽ നിന്നും വിദേശത്ത് ജോലി ചെയ്യുന്ന വ്യക്തികളുടെ അഡ്രസ്സ്, ഓസ്സാനാം ഭവൻ പുതിയ ബ്ലോക്ക് നിർമ്മാണ ഫണ്ട് ശേഖരണത്തിനായി ഏസി മുഖേന സിസി യിൽ എത്തിക്കുക.

**യുവജന മത്സരം**

KRCC യുവജന മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായ സിബിൻ ജെയിംസ്, ചുങ്കക്കുന്ന് - പ്രസംഗം II സ്ഥാനം, ഡിൽന കല്ലോടി, പ്രബന്ധ രചന - III സ്ഥാനം എന്നിവർക്ക് സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

**അറിയിപ്പുകൾ**

a) സിസി ആത്മീയോപദേഷ്ടാവ് ബഹു. ജോർജ്ജ് മേമന അച്ചൻ ആശുപത്രിയിൽ ചികിത്സയിലാണ്. എല്ലാ പ്രവർത്തകരുടെയും പ്രാർത്ഥനാ സഹായം ആവശ്യപ്പെടുന്നു.
b) സ്കോളർഷിപ്പ് ലഭിച്ചിരിക്കുന്ന എല്ലാ ഏസി കളും അതത് വിദ്യാർത്ഥികളിൽ നിന്നും കണ്ടീഷൻ റിപ്പോർട്ട് വാങ്ങി അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.
c) രണ്ടാം ഗഡു റിന്യൂവൽ സ്കോളർഷിപ്പിന് അപേക്ഷകൾ ജൂലൈ 15 ന് മുമ്പായി സിസി യിൽ എത്തിക്കേണ്ടതാണ്.
d) ട്വിന്നിംഗ് ഗ്രാന്റ് ലഭിക്കുന്ന എല്ലാ കോൺഫ്രൻസുകളും മൂന്ന് മാസത്തിലൊരിക്കലെങ്കിലും വിദേശ കോൺഫ്രൻസുകളുമായി കത്തുകളിലൂടെ സൗഹൃദം പുലർത്തുന്നത് ഉറപ്പുവരുത്തണം.
e) അഗ്രിഗേഷൻ ലഭിച്ചിട്ടില്ലാത്ത ഏസികളും കോൺഫ്രൻസുകളും അഗ്രിഗേഷനുവേണ്ടി അപേക്ഷകൾ അയയ്ക്കുക.

**ഓസ്സാനാംഭവൻ സന്ദർശനം**

ഓസ്സാനാംഭവൻ സന്ദർശനത്തിന് കാലവർഷത്തിന്റെ തോരാത്ത മഴയുടെ സാന്നിധ്യവും യാത്രാ ക്ലേശവും പരിഗണിച്ച് വിദൂരതയിലുള്ള കോൺഫ്രൻസുകളെ ഒഴിവാക്കി സമീപത്തുള്ള കോൺഫ്രൻസുകളുടെ സജീവ സാന്നിധ്യം ആഗ്രഹിച്ചുകൊണ്ട് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**നടവയൽ ഏ.സി**

17-07-2013 - സെന്റ് മേരീസ്, കേണിച്ചിറ
19-07-2013 - സെന്റ് സെബാസ്റ്റ്യൻ, കേണിച്ചിറ
21-07-2013 - ഇൻഫന്റ് ജീസ്സസ്, നടവയൽ

23-07-2013 – സെന്റ് മേരി, നടവയൽ
25-07-2013 – സെന്റ് അൽഫോൻസ, നെയ്ക്കുപ്പ
27-07-2013 – സെന്റ് ജോസഫ്, നെയ്ക്കുപ്പ
29-07-2013 – സെന്റ് മേരി, വാളവയൽ
31-07-2013 – സെന്റ് ജോസഫ്, കല്ലുവയൽ
02-08-2013 – സെന്റ് മേരി, കല്ലുവയൽ

**പാടിച്ചിറ ഏ.സി**

04-08-2013 – മേരി മാതാ കബനിഗിരി
06-08-2013 – ഇൻഫന്റ് ജീസ്സസ് കബനിഗിരി
08-08-2013 – സെന്റ് മേരി മരക്കടവ്
10-08-2013 – സെന്റ് ജോസഫ് മരക്കടവ്
12-08-2013 – ലിറ്റിൽ ഫ്ളവർ പാടിച്ചിറ
14-08-2013 – സെന്റ് സെബാസ്റ്റ്യൻ പാടിച്ചിറ
16-08-2013 – ഇൻഫന്റ് ജീസ്സസ് ശിശുമല

ഒരിക്കൽക്കൂടി എല്ലാവർക്കും പ്രാർത്ഥനയോടെ ആശംസകൾ നേർന്നുകൊണ്ട്,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

2013 മെയ് 31 ആദ്യശനിയുടെ തലേദിവസം 78 ശുശ്രൂഷകർ സോണൽ മീറ്റിംഗിൽ പങ്കെടുത്തു. 10 മണിക്ക് ആരംഭിച്ച കുരിശിന്റെ വഴി ശ്രീ. ജോസ് തേനമാക്കൽ നയിച്ചു. 11-12 വരെ സീയോന്റെ എല്ലാ മിനിസ്ട്രികളെയും സമർപ്പിച്ചും കഴിഞ്ഞ മൂന്നര വർഷക്കാലം ദൈവം നടത്തിയ കാര്യങ്ങൾക്ക് നന്ദി പറഞ്ഞും കോ-ഓർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം ആരാധന നയിച്ചു. 12 മണിയ്ക്ക് ബഹു. സോണി വാഴക്കാട്ട് അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ജീവിതത്തിന്റെ എല്ലാ അസ്വസ്ഥതകളിൽ നിന്നും സ്വതന്ത്രരായി നിത്യജീവൻ ലക്ഷ്യമാക്കി ജീവിക്കേണ്ടവരാണ് നാം. ഈ ഭൗതീകതയിൽ നിന്നും ഉയർന്ന് അനശ്വരതയെ നാം ലക്ഷ്യമിടണം. നിത്യജീവന്റെ ഉറവ ഈശോയുടെ തിരുഹൃദയത്തിലാണ്.

1.30 ന് ബഹു. അഗസ്റ്റിൻ അച്ചന്റെ അദ്ധ്യക്ഷതയിൽ ടീം മീറ്റിംഗ് നടത്തി. സീയോന്റെ അസി. ഡയറക്ടറായി നിയമിതനായ ബഹു. സോണി വാഴകാട്ട് അച്ചനെയും ജീസസ് യൂത്ത് ക്രിസ്റ്റീൻ ഡയറക്ടറായി നിയമിതനായ ബഹു. ലാൽ പൈനുങ്കൽ അച്ചനെയും സ്വാഗതം ചെയ്തുകൊണ്ട് ബഹു. താന്നിയിൽ അച്ചൻ സംസാരിച്ചു. കോർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം പൂക്കൾ നൽകി സ്വാഗതം ചെയ്തു. അതിനുശേഷം ശുശ്രൂഷകരോടായി ശുശ്രൂഷയുടെ ലക്ഷ്യം 1). ദൈവമഹത്വം 2). ആത്മാക്കളുടെ രക്ഷ 3). സഭയുടെ വളർച്ച ഇവയായിരിക്കണം എന്ന് അനുസ്മരിപ്പിച്ചു. താമസിച്ചുള്ള ധ്യാന ദിവസങ്ങളിൽ ഇവിടെ താമസിച്ച് ശുശ്രൂഷ ചെയ്യാൻ സന്മനസുള്ളവരുടെ പേര് ശേഖരിച്ചു. തുടർന്ന് 2013-14 വർഷത്തേയ്ക്കുള്ള വിവിധ മിനിസ്ട്രികൾക്ക് നേതൃത്വം നൽകേണ്ടവരുടെ തെരഞ്ഞെടുപ്പ് നടത്തി. ജൂലൈ മാസത്തെ സോണൽ മീറ്റിംഗിൽ വെച്ച് പുതിയ ടീം ചാർജ്ജെടുക്കും എന്നറിച്ചു.

**ജാഗരണ പ്രാർത്ഥന**

6.30 ന് ജപമാല. 7 ന് വി. ബലി അർപ്പിച്ച് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വചനസന്ദേശം നൽകി. അത്താഴത്തിനുശേഷം കുരിശിന്റെ വഴി നടത്തി. തുടർന്ന് 12 മണി വരെ ദിവ്യകാരുണ്യ നാഥന്റെ തിരുസന്നിധിയിൽ ജാഗരണ പ്രാർത്ഥന നടത്തി. ബഹു. താന്നിയിൽ അച്ചനും സീയോൻ ടീമും ചേർന്ന് പ്രാർത്ഥന നയിച്ചു. 12 മണിക്ക് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി ഏകദിന കൺവെൻഷൻ**

പ്രഭാതസമർപ്പണത്തിനും പ്രാർത്ഥനയ്ക്കുമായി ശുശ്രൂഷകർ പരി. അമ്മയുടെ സന്നിധിയിൽ അണഞ്ഞു. ബഹു. താന്നിയിൽ അച്ചൻ പ്രഭാതസമർപ്പണം നടത്തി. സിയോൻ ഓഫീസും ഹാളും പരിസരങ്ങളും വി. ജലം തളിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് ക്രൂശിതരൂപവും പരി. അമ്മയുടെ തിരുസ്വരൂപവും വഹിച്ച് ജപമാല ചൊല്ലി സീയോൻ ഹാളിനു ചുറ്റും നടന്ന് പ്രാർത്ഥിച്ചു. തുടർന്ന് ബഹു. അച്ചൻ വചനസന്ദേശം തന്ന് പ്രാർത്ഥിച്ച് ശുശ്രൂഷകരെ ശക്തീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനും ശേഷം 8.45 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഇവയ്ക്കുശേഷം 11 മണിയ്ക്ക് ബഹു. താന്നിയിൽ അച്ചൻ വചനം പങ്ക് വെച്ച് ക്ലാസ്സെടുത്തു. 12.30 ന് ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലി അർപ്പിച്ച് വചനം പങ്കുവെച്ചു. ലഘുഭക്ഷണശേഷം ദിവ്യകാരുണ്യ ആരാധനയും സൗഖ്യ പ്രാർത്ഥനയും മറ്റു ബഹു. വൈദികരോടൊപ്പം ബഹു. അഗസ്റ്റിൻ അച്ചൻ നയിച്ചു. ഈശോയുടെ സാന്നിധ്യവും സ്പർശനവും സൗഖ്യവും അനുഭവിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു ഇത്. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. സീയോൻ ശുശ്രൂഷകർ എല്ലാ ശുശ്രൂഷകളും വളരെ മനോഹരമായി ചെയ്തു. മദ്ധ്യസ്ഥ പ്രാർത്ഥനാ ടീം ദിവസം മുഴുവൻ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. 3.30-ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാം ശനി ശുശ്രൂഷകൾ 8-6-2013**

**ദമ്പതീകൂട്ടായ്മ**

28 പേർ കൂട്ടായ്മയിൽ പങ്കെടുത്തു. ശ്രീ. ചാക്കോച്ചൻ പുത്തൻപുര ദമ്പതികളുടെ ഐക്യം എന്ന വിഷയത്തെപ്പറ്റി ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. സോണി വാഴകാട്ട് അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. 2.30-3 വരെ സെൽ കൂടി ഷെയറിംഗ് നടത്തി. 3-3.30 വരെ ആരാധന നടത്തി. സി. മരിയ ജെയിംസ് CMC ഗാന ശുശ്രൂഷ നടത്തി.

**പൊതുകൗൺസിലിംഗ്**

കൗൺസിലേഴ്സ് തലേദിവസം വന്ന് രാത്രിയിൽ പ്രാർത്ഥിച്ച് ശുശ്രൂഷയ്ക്കായി ഒരുങ്ങി. 43 പേർ വന്ന് കൗൺസിലിംഗ് നടത്തി ആത്മീയവും മാനസികവുമായ സൗഖ്യം നേടി പോയി.

**മൂന്നാം വെള്ളി ജാഗരണ പ്രാർത്ഥന**

21-6-2013 മൂന്നാം വെള്ളി 6 pm മുതൽ രാവിലെ 5 മണി വരെ സീയോൻ ചാപ്പലിൽ ജാഗരണപ്രാർത്ഥന നടത്തി. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**സിയോൻ ജൂലൈ മാസത്തിൽ**

| | | |
|---|---|---|
| 5 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 6 ആദ്യശനി | - | ഏകദിന കൺവെൻഷൻ, കൗൺസിലിംഗ് |
| 13 രണ്ടാംശനി | - | പൊതു കൗൺസിലിംഗ്, യുവജന കൂട്ടായ്മ, ദമ്പതീകൂട്ടായ്മ |
| 19 മൂന്നാംവെള്ളി | - | ജാഗരണ പ്രാർത്ഥന |
| 21-25 | - | ആന്തരിക സൗഖ്യധ്യാനം |
| 27 | - | സൗഖ്യദിനം |

**സീയോനിൽ ജൂലൈ മാസം 21 ഞായർ 5.00 pm മുതൽ 25 വ്യാഴം 2.00 pm വരെ താമസിച്ചുള്ള ആന്തരിക സൗഖ്യ ധ്യാനം നടക്കുന്നു. സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുക.**

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ലോക പുകയില ദിനം**

മെയ് 31 ലോക പുകയില വിരുദ്ധദിനം ആചരിച്ചു. റാലികൾ ബോധവൽക്കരണ പരിപാടികൾ എന്നിവ വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിച്ചു.

**CML തോമാട്ടുചാൽ**

CML തോമാട്ടുചാൽ ശാഖയുടെ നേതൃത്വത്തിൽ പുകയില വിരുദ്ധ റാലിയും പുകയില വിരുദ്ധ പ്രതിജ്ഞയും നടത്തി. സൺഡേ സ്കൂളുമായി സഹകരിച്ചാണ് റാലി നടത്തിയത്. ശാഖാ ഡയറക്ടർ റവ. ഫാ. ബിജു തുരുത്തേൽ, ഹെഡ്മാസ്റ്റർ ജോസഫ് കുഴിയാറ, വിപിൻ കിടങ്ങൂക്കാരൻ എന്നിവർ നേതൃത്വം നൽകി.

**ലഹരിവിരുദ്ധ ക്ലബ്ബുകൾ**

കോർപ്പറേറ്റ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന ലഹരിവിരുദ്ധ ക്ലബ്ബുകൾ 2013-14 വർഷത്തെ കർമ്മപരിപാടികൾ ആരംഭിച്ചു. അദ്ധ്യാപക കോ-ഓർഡിനേറ്റർമാരുടെ യോഗം ജൂലൈ മാസം ആദ്യവാരം ചേരുന്നതാണ്.

**സഹനസമരത്തിന് സമ്പൂർണ്ണ വിജയം**

ചീപ്പാട് ബിവറേജ് കോർപ്പറേഷന്റെ വിദേശ ചില്ലറ വിൽപ്പന ശാലക്കെതിരെ തദ്ദേശവാസികളും ആദിവാസി സഹോദരങ്ങളും ചേർന്ന് നടത്തിയ സഹനസമരത്തിന് സമ്പൂർണ്ണ വിജയം. ബിവറേജ് ചില്ലറ വിൽപ്പന ശാല അടപ്പിച്ച് സർക്കാരിനെക്കൊണ്ട് തീരുമാനമെടുപ്പിക്കുവാൻ സമരസമിതിയുടെ സഹനസമരത്തിന് സാധിച്ചു. പ്രലോഭനങ്ങളും ഭീഷണിയും-മാനസിക ശാരീരിക പീഢനങ്ങളുമൊന്നും സമരത്തെ തളർത്തിയില്ല. ആദിവാസി സ്ത്രീകളുടെ നിശ്ചയദാർഢ്യമാണ് സമരത്തെ വിജയിപ്പിച്ചത്.

നീതിവേദിയുടെയും KCBC മദ്യവിരുദ്ധ സമിതിയുടെയും മദ്യ നിരോധന സമിതിയുടെയും വിവിധ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാന ങ്ങളുടെയും നിർല്ലോഭമായ സഹായസഹകരണങ്ങൾ സമരപരിപാടി കൾക്ക് ഊർജ്ജം പകർന്നു. നീതിവേദി പ്രവർത്തകരായ ജെയിംസ്, ജെയ്മോൻ, ഷെല്ലി, ബേബി, മദ്യവിരുദ്ധ സമിതി ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, സി. ജോവിറ്റ, പി. എ. ജെയിംസ്, സി. മരിയ എന്നിവരുടെ നേതൃത്വം സമരത്തിന് ആവേശം നൽകി. സമര സമിതി കൺവീനർ ശ്രീ. കുഞ്ഞികൃഷ്ണൻ മാസ്റ്ററുടെ സേവനം പ്രത്യേകം അഭിനന്ദനാർഹമാണ്. ശ്രീ. ചെറിയാനും സമരനേതൃത്വ ത്തിൽ സജീവമായിരുന്നു.

**കേണിച്ചിറക്കാർ ജാഗ്രത**

ചീപ്പാട് അടച്ച് പൂട്ടിയ ബിവറേജ് കോർപ്പറേഷന്റ ചില്ലറ വിൽപ്പന ശാല കേണിച്ചിറയിൽ ആരംഭിക്കാനുള്ള അണിയറ നീക്കങ്ങൾ സജീവ മാണെന്ന് അറിയുന്നു. ആ മഹാദുരന്തത്തിനെതിരെ ജാഗ്രത പുലർത്തുക.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)

### വാർഷികാഘോഷം

ഏലപ്പീടിക സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികാഘോഷം മെയ് ആഞ്ചാം തീയതി ഏലപ്പീടിക സെന്റ് സെബാസ്റ്റ്യൻ എൽ. പി. സ്കൂളിൽ വെച്ച് നടത്തി. സമ്മേളനത്തിൽ SWS ഡയറക്ടർ റവ. ഫാ. സജി കൊച്ചുപാറ അദ്ധ്യക്ഷത വഹിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. മേഖല കോർഡിനേറ്റർ വൽസ തൊണ്ണമാക്കിൽ ആശംസയർപ്പിച്ചു.

### കുടുംബസംഗമം

പയ്യമ്പള്ളി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മെയ് 11-ാം തീയതി സെന്റ് കാതറൈൻസ് ഹൈസ്കൂളിൽ വെച്ച് നടത്തിയ കുടുംബസംഗമത്തിൽ SWS കോർഡിനേറ്റർ ശ്രീ. കെ.ഒ. ജോയി അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. SWS ഡയറക്ടർ റവ. ഫാ. ജോസ് മുണ്ടയ്ക്കൽ, പഞ്ചായത്ത് മെമ്പർ വിപിൻ വേണുഗോപാൽ എന്നിവർ ആശംസകളർപ്പിച്ചു. WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം മുഖ്യപ്രഭാഷണം നടത്തി. SWS പ്രസിഡന്റ് ശ്രീമതി സിൽവി സ്വാഗതവും ശ്രീ. ഷാജി കുടക്കച്ചിറ നന്ദിയും രേഖപ്പെടുത്തി.

### വരുമാനവർദ്ധക പരിപാടികൾ

### കൂൺകൃഷി

മെയ് 8-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് SWS സെക്രട്ടറിമാർക്കുവേണ്ടി നടത്തിയ കൂൺകൃഷി പരിശീലനപരിപാടി WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ ഹോട്ടിക്കൾച്ചർ ഓഫീസർ ശ്രീമതി ശ്രീജ, മാനന്തവാടി കൃഷിഭവൻ ഓഫീസർ ശ്രീ. സിജോ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**സോപ്പ് നിർമ്മാണം**

മെയ് 18-ാം തീയതി പുതുതായി ആരംഭിച്ച വനിതാ സ്വാശ്രയ സംഘങ്ങൾക്ക് സോപ്പ് നിർമ്മാണത്തിൽ പരിശീലനം നൽകി. പന്തിപ്പൊയിൽ ഇവാഞ്ചലിക്കൽ എൽ. പി. സ്കൂളിൽ വെച്ച് നടന്ന പരിശീലന പരിപാടി കോർഡിനേറ്റർ ശ്രീ. കെ. ഒ. ജോയി ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർമാരായ ഷീല ജോൺസൺ, ബീന ജയരാജ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. കമ്മന, തൊണ്ടർനാട് എന്നിവിടങ്ങളിലും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

**സമഗ്ര നീർത്തട വികസന പദ്ധതി**

**പഠനയാത്ര നടത്തി**

നബാർഡ് നീർത്തട വികസന പദ്ധതിയുടെ ഭാഗമായി നീർത്തട വാസികളെ പങ്കെടുപ്പിച്ചുകൊണ്ട് മെയ് നാലാം തീയതി പാലക്കാട് ഹോപ്പ് ഫൗണ്ടേഷനിലേക്ക് ഒരു പഠനയാത്ര സംഘടിപ്പിച്ചു. 30 അംഗങ്ങൾ പങ്കെടുത്തു.

**നീർത്തടോത്സവം**

വിവിധങ്ങളായ കലാ പരിപാടികളോടെ അയനിവയൽ നീർത്തട പ്രദേശത്ത് മെയ് 10, 11 തീയതികളിലായി നീർത്തടോത്സവം നടത്തി. പഞ്ചായത്ത്, VWC അംഗങ്ങൾ പങ്കെടുത്ത പരിപാടിയിൽ ആകെ 150 പേർ പങ്കുചേർന്നു.

**സന്ദർശിച്ചു**

മട്ടിലയം നീർത്തട പ്രദേശത്തെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി RSO ടീം മെയ് 22 ന് പദ്ധതിപ്രദേശം സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

**പങ്കെടുത്തു**

നബാർഡ് നീർത്തട വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി WWA തോമാട്ടുചാലിൽ വെച്ച് നടന്ന അവലോകന യോഗത്തിൽ WSSS ജനറൽ കോർഡിനേറ്റർ ശ്രീ. പി. എ. ജോസ് പങ്കെടുത്തു.

**വോഫ (WOFFA)**

**അംഗത്വം**

2008 ൽ 412 അംഗങ്ങളുമായി ആരംഭിച്ച 'വോഫ' യിൽ നിലവിൽ 2657 പേർ അംഗങ്ങളായുണ്ട്. കർഷകരെ ജൈവകൃഷിരീതിയിലൂടെ ഉല്പാദനമേഖലയിൽ കൂടുതൽ പ്രാവിണ്യരാക്കുന്നതിനായി എല്ലാ മാസവും കൃത്യമായി വില്ലേജുതല സെമിനാറുകളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.

**മേഖലതല സെമിനാറുകൾ**

മാനന്തവാടി മേഖലയിലെ ജൈവ-ഫെയർ ട്രേഡ് കർഷകരുടെ സെമിനാർ എള്ളുമന്ദത്ത് വെച്ച് നടന്നു. പ്രസ്തുത സെമിനാറിൽ 'വോഫ' കോർഡിനേറ്റർ വിനീഷ് വണ്ടന്നൂർ, ശ്രീ. ഷാജി ജോസ് എന്നിവർ പങ്കെടുത്തു. 40 ജൈവകർഷകർ സെമിനാറിൽ സന്നിഹിതരായിരുന്നു. പനമരം മേഖലയിലെ കർഷകർക്കായി ചെറുകാട്ടൂർ വെച്ച് നടന്ന സെമിനാറിൽ 50 കർഷകർ പങ്കെടുത്തു. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തെക്കുറിച്ച് ശ്രീ. ഷാജി ജോസ് ക്ലാസ്സെടുത്തു.

പുൽപ്പള്ളി മേഖലയിലെ കർഷകർക്കായി സുരഭിക്കവല വായനശാലയിൽ വെച്ച് നടന്ന സെമിനാറിൽ 37 കർഷകർ പങ്കെടുത്തു.

**സേവ് എ ഫാമിലി പദ്ധതി**

സേവ് എ ഫാമിലി പദ്ധതിയുടെ ആഭിമുഖ്യത്തിൽ മാനന്തവാടി, പുൽപ്പള്ളി, കല്പറ്റ മേഖലകളിൽ ഗുണഭോക്താക്കളുടെ മേഖലാ മീറ്റിംഗുകൾ സംഘടിപ്പിച്ചു. 23-05-2013 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ മാനന്തവാടി മേഖല മീറ്റിംഗിൽ WSSS ജനറൽ കോർഡിനേറ്റർ ശ്രീ. പി. എ. ജോസ് അദ്ധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. 24-ാം തീയതി ചെന്നലോട് വെച്ച് നടന്ന കൽപ്പറ്റ മേഖലാ മീറ്റിംഗ് റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി അദ്ധ്യക്ഷനായിരുന്നു. 25-ാം തീയതി പുൽപ്പള്ളിയിൽ വെച്ച് നടന്ന പുൽപ്പള്ളി മേഖലാ മീറ്റിംഗിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.കെ. കരുണാകരൻ അദ്ധ്യക്ഷത വഹിച്ചു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി ഉദ്ഘാടനം ചെയ്തു. മൂന്നു മീറ്റിംഗുകളിലും 'മൂല്യാധിഷ്ടിത വിദ്യാഭ്യാസ'ത്തെക്കുറിച്ച് പ്രോഗ്രാം കോർഡിനേറ്റർ കുമാരി അമൃത ജോയ് ക്ലാസ്സെടുത്തു.

നടവയൽ, വാകേരി, എടയൂർക്കുന്ന് എന്നീ പ്രദേശങ്ങളിൽ നിന്നും പുതിയ 10 ഗുണഭോക്തൃ കുടുംബങ്ങളെ തെരഞ്ഞെടുക്കുകയും സേവ് എ ഫാമിലി ഇന്ത്യയിലേക്ക് അപേക്ഷ അയയ്ക്കുകയും ചെയ്തു. ഉപകാരികൾക്ക് അയയ്ക്കേണ്ട കത്തുകൾ മുഴുവൻ കാനഡയിലേക്ക് അയയ്ക്കുകയും SAFP യുടെ സഹായത്തിലൂടെ സ്വയം പര്യാപ്തി നേടിയ 10 കുടുംബങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കി അയച്ച് കൊടുക്കുകയും ചെയ്തു.

**ബയോഗ്യാസ് പദ്ധതി**

ഇടിക്കര, ചെറുകാട്ടൂർ, കൊമ്മയാട്, ഒഴുക്കൻമൂല എന്നിവിടങ്ങളിൽ 4 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തീകരിക്കുകയും 3

പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷത്തിലും ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നവർക്ക് 8000 രൂപ ഗവൺമെന്റിൽ നിന്ന് സബ്സിഡി ലഭിക്കുന്നതാണ്.

## ഫാഷൻ ഡിസൈനിംഗ് - സീറ്റ് ഒഴിവ്

കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തുന്ന ഫാഷൻ ഡിസൈനിംഗ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ജൂലൈ 1 ന് ക്ലാസ്സുകൾ ആരംഭിക്കുന്ന ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ WSSS ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ – 04935 240314

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

## പ്രതിഭാ സംഗമം 2013 – വിദ്യാർത്ഥികൾക്ക് പുതിയ അനുഭവമായി

വയനാട് ജില്ലയിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ, മുഴുവൻ വിഷയങ്ങൾക്കും ഈ വർഷം എ പ്ലസ് / എ വൺ നേടി ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥി പ്രതിഭകളുടെ സംഗമം റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ ദ്വാരക എ. യു. പി. സ്കൂളിൽ നടന്നു. സ്റ്റേറ്റ്, സി. ബി. എസ്. ഇ. സിലബസ് വ്യത്യാസമില്ലാതെ ജില്ലയിലെ മുഴുവൻ വിദ്യാർത്ഥി പ്രതിഭകളെയും അനുമോദിക്കുന്ന വയനാട്ടിലെ ഏക സംരംഭമാണ് മാറ്റൊലിയുടെ വാർഷിക ദിനത്തിൽ നടത്തപ്പെടുന്ന പ്രതിഭാ സംഗമം. കഴിഞ്ഞ വർഷം മുതലാണ് ഇത്തരമൊരു പരിപാടിക്ക് തുടക്കമിട്ടത്. 160 വിദ്യാർത്ഥികളും രക്ഷിതാക്കളും ചടങ്ങിൽ സംബന്ധിച്ചു. സംഗമത്തോട് അനുബന്ധിച്ച് രാവിലെ നടന്ന ഓറിയന്റേഷൻ പരിപാടിയിൽ 'സമയത്തിന്റെ ശരിയായ വിനിയോഗം', 'കാര്യക്ഷമവും ഫലപ്രദവുമായ പഠന രീതികൾ' എന്നീ വിഷയങ്ങളിൽ സംസ്ഥാന റിസോഴ്സ് പേഴ്സൺ ശ്രീ. അനിൽ ബോസ് വാഴേത്ത് ക്ലാസ്സുകൾ നയിച്ചു.

ഉച്ചയ്ക്കു ശേഷം നടന്ന അനുമോദന യോഗത്തിൽ റേഡിയോ മാറ്റൊലി ചെയർമാൻ മോൺസിഞ്ഞോർ മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് എ. ഡി. എം. എൻ. ടി. മാത്യു സമ്മേളനം ഉദ്ഘാടനം ചെയ്തു. സംഗമത്തിൽ പങ്കെടുത്ത പ്രതിഭകൾക്ക് മാറ്റൊലിയുടെ പ്രശംസാ പത്രം, മെഡൽ എന്നിവ വിതരണം ചെയ്തു. മാറ്റൊലിയുടെ കഴിഞ്ഞ നാലു വർഷങ്ങളിലെ പ്രവർത്തനങ്ങൾ സംക്ഷിപ്തമായി പ്രതിപാദിക്കുന്ന 'മാറ്റൊലി ഹാൻഡ് ബുക്ക്' ന്റെ പ്രകാശനം, രൂപതാ ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുതിരക്കാലായ്ക്ക് കോപ്പി നൽകിക്കൊണ്ട് എ. ഡി. എം. ശ്രീ. എൻ. ടി. മാത്യു നിർവ്വഹിച്ചു. മാനേജ്മെന്റ് കമ്മറ്റി അംഗങ്ങളായ ഡോ. പി. കെ. പ്രസാദൻ, പി. കെ. കെ. നായർ, മേഴ്സി ആര്യപ്പള്ളി എന്നിവർ

ആശംസകൾ അർപ്പിച്ചു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും അസി. ഡയറക്ടർ ഫാ. ജെയ്സ് ബേബി നന്ദിയും പറഞ്ഞു.

**കുളമ്പുരോഗം അടിയന്തിര ഇടപെടൽ**

മാനന്തവാടി പഞ്ചായത്തിലെ പയ്യമ്പള്ളി പ്രദേശത്ത് കന്നുകാലികൾക്ക് കുളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങാനാരംഭിച്ചപ്പോൾ റേഡിയോ മാറ്റൊലി ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുകയും, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ രോഗബാധിത പ്രദേശത്ത് ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ കർഷകർക്ക് നഷ്ടപരിഹാരവും ലഭ്യമാക്കി.

**തത്സമയ ഫോൺ ഇൻ പരിപാടി**

കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സലീം മേമനയുടെ തത്സമയ ഫോൺ ഇൻ പരിപാടി 17-ാം തീയതിയും പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വത്സ ചാക്കോയുടെ തത്തമസമയ ഫോൺ ഇൻ പരിപാടി 20-ാം തീയതിയും നടന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ശ്രോതാക്കളുടെ സംശയങ്ങൾക്ക് പ്രസിഡന്റുമാർ മറുപടി പറയുകയും ചെയ്തു.

**ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

## സ്മൃതിമരം - പുരുഷാന്തരങ്ങൾക്ക്

ഇൻഫാമിന്റെ നേതൃത്വത്തിൽ ജൂൺ 5-ന് ലോകപരിസ്ഥിതി ദിനത്തിൽ "സ്മൃതിമരം - പുരുഷാന്തരങ്ങൾക്ക്" എന്ന പേരിൽ പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായി മരം നട്ടുവളർത്തുന്നതിന്റെ ജില്ലാതല ഉദ്ഘാടനം നടവയലിൽ ഭാരത് സ്ത്രീ ശക്തി അവാർഡ് ജേതാവ് ടി.കെ. ഓമന നിർവ്വഹിച്ചു. ഇൻഫാം പ്രവർത്തകരുടെ വീടുകളിൽ സ്ത്രീകളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടത്തുന്നത്. പ്രകൃതിക്ക് ഇണങ്ങുന്നതും ദീർഘകാലം വളരുന്നതുമായ മരങ്ങളാണ് സ്മൃതിമരം പരിപാടിയിൽ നട്ടുവളർത്തുന്നത്. പ്രകൃതി സംരക്ഷണത്തിന് ഭാരതത്തിലെ പൂർവ്വികരുടെ പാത ലോകമെങ്ങും മാതൃകയാക്കുകയാണ് ഇന്നുള്ള കാലാവസ്ഥ പ്രതിസന്ധികൾക്ക് ഏക പരിഹാരം എന്ന് ഉദ്ഘാടക ശ്രീമതി ഓമന അഭിപ്രായപ്പെട്ടു. ഫാ. സുനിൽ വട്ടുകുന്നേൽ, ബേബി ജെയിംസ്, കെ.പി. ജോർജ്, എം.വി. വർഗ്ഗീസ്, എം.പി. പൗലോസ്, ഇ.പി. മാണി, ഏലിയാസ് കമ്മന, എൽസി തോമസ്, മേരി ജോർജ്, ബിന്ദു തൊണ്ടിപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## നടവയൽ വില്ലേജ് ഓഫീസ് ധർണ

വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണുക, വയനാടൻ കാടുകളെ സ്വാഭാവിക വനമാക്കി മാറ്റുക, വന്യമൃഗ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഇൻഫാം പ്രവർത്തകർ നടവയലിൽ വില്ലേജ് ഓഫീസിന്റെ മുമ്പിൽ ധർണസമരം നടത്തി. ഇൻഫാം ജില്ലാട്രഷറർ എം. കുഞ്ഞിരാമൻ നായർ സമരം ഉദ്ഘാടനം ചെയ്തു.

നിലവിലുള്ള വന്യമൃഗ പ്രതിരോധ മാർഗങ്ങൾ എല്ലാംതന്നെ പരാജയമാണെന്നിരിക്കെ പുത്തൻ പ്രതിരോധമാർഗങ്ങൾ അന്വേഷിക്കണം. വന്യമൃഗ നഷ്ടത്തിന് തവണകളുടെ നിയന്ത്രണം, നഷ്ടപരിഹാരതുക ഇവയെല്ലാം കാലോചിതമായി പുന:പരിശോധിക്കേണ്ടതുണ്ട്. എന്നാൽ വനാതിർത്തിയിലുള്ള ദുർബലരായ കർഷകരെ മാത്രം ബാധിക്കുന്ന കൃഷിഭൂമിയുടെ അവകാശം നഷ്ടപ്പെടുത്തുന്ന കോടതി വിധിയോ കമ്മറ്റി റിപ്പോർട്ടുകളോ അംഗീകരിക്കില്ല എന്ന് ഇൻഫാം ജില്ലാനേതാക്കൾ അഭിപ്രായപ്പെട്ടു. ഫാ. സുനിൽ വട്ടുകുന്നേൽ, ബേബി ജെയിംസ്,

കെ.പി. ജോർജ്, ഗ്രേസി ജോർജ്, ഷാന്റി തങ്കച്ചൻ, ആനിയമ്മ അഗസ്റ്റിൻ, അച്ചാമ്മ ബേബി, എൽസി തോമസ് എന്നിവർ പ്രസംഗിച്ചു.

**വൃക്ഷത്തൈ നടീൽ പദ്ധതി**

ഇൻഫാമിന്റെ "സ്മൃതിമരം - പുരുഷാന്തരങ്ങൾക്ക്" പദ്ധതിയിലെ മേപ്പാടി പഞ്ചായത്തിന്റെ മരം നടീൽ പ്രവർത്തനത്തിന്റെ ഉദ്ഘാടനം, മേപ്പാടി സെന്റ് ജോസഫ് പള്ളിവികാരി ഫാ. സെബാസ്റ്റ്യൻ കറുകപ്പറമ്പിൽ നിർവ്വഹിച്ചു. ഫാ. സുനിൽ വട്ടുകുന്നേൽ, ഫാ. ജിജോ പള്ളിപ്പറമ്പിൽ, ബേബി ജെയിംസ്, കെ.പി. ജോർജ്, കെ.കെ. ജേക്കബ്, റ്റി.എം. മാത്യു, ജോച്ചൻ തോമസ്, റ്റി.കെ. ആന്റണി എന്നിവർ പ്രസംഗിച്ചു.

**ഗാഡ്ഗിൽ റിപ്പോർട്ട് : കർഷക വിരുദ്ധ നിർദ്ദേശങ്ങൾ തള്ളണമെന്ന്**

കാർഷിക മേഖല നേരിടുന്ന പുത്തൻ പ്രതിസന്ധികൾ ചർച്ച ചെയ്യുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി കർഷക അവകാശ സംരക്ഷണ സമിതി മേപ്പാടി, മൂപ്പൈനാട് മേഖല പ്രതിനിധി സമ്മേളനം മേപ്പാടി സെന്റ് ജോസഫ് ഓഡിറ്റോറിയത്തിൽ ജൂൺ 9-ന് നടന്നു. ഗാഡ്ഗിൽ, കസ്തൂരിരംഗൻ എന്നിവരുടെ ശിപാർശകളും, പരിസ്ഥിതി ലോല മേഖല, ആനത്താരകൾ ഇടനാഴികൾ തുടങ്ങിയ നടപടികളും കൃഷിഭൂമിയുടെ അവകാശം കർഷകന് നഷ്ടപ്പെടുത്തുന്നതാണ്. പരിസ്ഥിതി സംരക്ഷണം വനാതിർത്തിയിലുള്ള കുറേ കർഷകരുടെ ഉത്തരവാദിത്വമല്ലെന്നും രാജ്യവ്യാപകമായ നയങ്ങളാണ് വേണ്ടതെന്നും യോഗം അഭിപ്രായപ്പെട്ടു. സമ്മേളനം ഇൻഫാം ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു.

ഗാഡ്ഗിൽ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പരിസ്ഥിതി നില നിർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും കാർഷിക മേഖലയിൽ ദോഷകരമായ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്നും പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. ഫാ. ജിജോ പള്ളിപ്പറമ്പിൽ, ഫാ. മാനുവൽ, ബേബി ജെയിംസ്, കെ.പി. ജോർജ്, കെ.കെ. ജേക്കബ്, ജോച്ചൻ തോമസ്, ബിജു ജോൺ, റ്റി.കെ ആന്റണി, റ്റി.എം. മാത്യു എന്നിവർ പ്രസംഗിച്ചു.

**ഫാ. സുനിൽ വട്ടുകുന്നേൽ**
വയനാട് ഇൻഫാം ഡയറക്ടർ

# അറിയിപ്പുകൾ



**1. ആത്മവിശുദ്ധീകരണ മരിയൻ ഹോംമിഷൻ**

മാനന്തവാടി രൂപത SABS സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ, ഇടവക സമൂഹത്തിൽനിന്നും വിശ്വാസജീവിതത്തിൽ നിന്നും അകന്ന്, മദ്യത്തിനും മയക്കുമരുന്നിനും മറ്റു ദുശീലങ്ങൾക്കും അടിമപ്പെട്ട്, കൂദാശാജീവിതം ഉപേക്ഷിച്ച് ജീവിക്കുന്ന വ്യക്തികളെയും കുടുംബ ങ്ങളെയും കണ്ടെത്തി പ്രാർത്ഥിക്കുകയും, അവരെ ധ്യാനത്തിനും മറ്റു ജീവിത നവീകരണ പ്രവർത്തനങ്ങളിലേയ്ക്കും നയിക്കുക എന്ന ലക്ഷ്യ ത്തോടെ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിന്റെ കൂട്ടായ്മയാണ് ആത്മവി ശുദ്ധീകരണ മരിയൻ ഹോംമിഷൻ.

വളരെയേറെ പ്രാർത്ഥിച്ചും ത്യാഗപൂർവ്വം ഒരുങ്ങിയും, വ്യക്തി കളെയും കുടുംബങ്ങളെയും സന്ദർശിച്ച് അവരെ ജീവിതനവീകരണ ത്തിലേയ്ക്ക് നയിക്കുന്ന ഈ കൂട്ടായ്മ കഴിഞ്ഞ രണ്ടുവർഷമായി വളരെ നിശബ്ദമായി നമ്മുടെ രൂപതയിലെ ഒത്തിരി ഭവനങ്ങളെയും വ്യക്തികളെയും കണ്ടെത്തി ആത്മരക്ഷയിലേയ്ക്ക് നയിച്ചിട്ടുണ്ട്. വിശ്വാസസമൂഹത്തിന്റെ ആത്മീയവും അജപാലനപരവുമായ ജീവിത നവീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയുടെ ശുശ്രൂഷ നമ്മുടെ രൂപതയിലെ ഇത്തരത്തിൽ കഴിയുന്ന എല്ലാ കുടും ബങ്ങൾക്കും വ്യക്തികൾക്കും നൽകുവാൻ ആഗ്രഹമുണ്ട്. ബഹുമാന പ്പെട്ട വികാരിയച്ചന്മാർ അറിയിച്ചാൽ ഞങ്ങൾ പ്രാർത്ഥനാപൂർവ്വം ഇവ രുടെ ഭവനങ്ങൾ സന്ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിച്ച് ഒരുക്കുന്ന താണ്.

സ്നേഹപൂർവ്വം,

SABS മദർ പ്രൊവിൻഷ്യൽ , ദ്വാരക, മാനന്തവാടി

**ബന്ധപ്പെടുക:**

SABS പയ്യമ്പള്ളി

Ph: 04935-215685, Mob:9497135905, 8086539498

• • •

## 2. ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം

മാനന്തവാടി ആരാധന സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഹോംമിഷൻ ശുശ്രൂഷയുടെ ഭാഗമായി ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം ബോയ്സ് ടൗണിൽ നടത്തിവരുന്നു. പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ പ്രത്യേകം ആശ്രയിച്ചുകൊണ്ട് കുടുംബ നവീകരണം ലക്ഷ്യമാക്കി നടത്തുന്ന ധ്യാനത്തിന് 100 സീറ്റുകളാണ് ഉള്ളത്. മദ്യപാനികൾ, മറ്റു ദുശീലങ്ങൾക്ക് അടിമപ്പെട്ടവർ എന്നിവർക്കുവേണ്ടി പ്രത്യേക വിടുതൽ ശുശ്രൂഷയും സ്പിരിച്വൽ കൗൺസിലിംഗ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

### അടുത്ത ധ്യാനം

2013 ജൂലൈ 17-20 വരെയും, ഓഗസ്റ്റ് 21-24 വരെയും, സെപ്റ്റംബർ 18-21 വരെയും നടത്തുന്നു.

ഇടവകയിൽ നിന്ന് ധ്യാനത്തിന് സംബന്ധിക്കാൻ താല്പര്യമുള്ളവരെ പറഞ്ഞുവിടുമല്ലോ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ധ്യാനം ബുധൻ 10.00 a.m. ന് ആരംഭിച്ച് ശനി 4 p.m. ന് അവസാനിക്കുന്നതാണ്. ധ്യാനഫീസ് 500 രൂപയാണ്. ധ്യാനം ബുക്കുചെയ്യുന്നതിനും മറ്റ് വിവരങ്ങൾക്കുമായി താഴെ പറയുന്ന അഡ്രസ്സിലേയ്ക്കും നമ്പറിലേയ്ക്കും വിളിക്കുമല്ലോ.

പയ്യമ്പള്ളി - Ph: 04935-215685,
Mob.9387608762, 9497135905, 8086539498

• • •

## 3. നാത്സരേത്തിലെ യേശു

ജോസഫ് റാറ്റ്സിംഗർ (ബനഡിക്ട് പതിനാറാമൻ പാപ്പ)

ആമുഖമോ പരിചയപ്പെടുത്തലോ ആവശ്യമില്ലാത്ത ഗ്രന്ഥത്രയമാണ് ബനഡിക്ട് പതിനാറാമൻ പാപ്പ രചിച്ച നാത്സരേത്തിലെ യേശു. അവയിൽ രണ്ടാമത്തെ വാല്യം മുമ്പ് പ്രസാധനം ചെയ്തിരുന്നു. ഇപ്പോൾ ഒന്നും മൂന്നും വാല്യങ്ങളാണ് പുറത്തിറക്കുന്നത്.

യേശുവിന്റെ മാമ്മോദീസ മുതൽ രൂപാന്തരീഭാവം വരെയാണ് ഒന്നാം വാല്യത്തിൽ ചർച്ച ചെയ്യുന്നത്. യേശുവിന്റെ ബാല്യകാല ചരിത്ര കഥകളാണു മൂന്നാം വാല്യത്തിൽ (ഓശാന ഞായർ മുതൽ തിരുവുത്ഥാനംവരെ ആയിരുന്നു രണ്ടാം വാല്യത്തിൽ).

കർത്താവിന്റെ മുഖം തേടിയുള്ള യാത്രയിൽ തനിമയാർന്ന ഒരു ദർശനം തനിക്കു ലഭിച്ചിട്ടുണ്ട് എന്നു തികഞ്ഞ ആർജ്ജവത്വത്തോടെ ബനഡിക്ടു പാപ്പ എഴുതി. അതിലെ ഒന്നു രണ്ടു സൂചനകൾമാത്രം

ചൂണ്ടിക്കാട്ടട്ടേ: യേശു അന്ത്യവിരുന്നു കഴിച്ച ഭവനം സെബദിയുടെ തണൽവീട് ആയിരുന്നു; സെബദി ജറുസലെം ദൈവാലയത്തിലെ ഒരു പുരോഹിതനായിരുന്നു; യേശു ശിഷ്യവൃന്ദത്തിനു നൽകിയ സ്വകാര്യ പ്രബോധനങ്ങളാണ് യോഹന്നാന്റെ സുവിശേഷത്തിലുള്ളത്; സമാന്തര സുവിശേഷങ്ങളാകട്ടേ യേശുവിന്റെ പരസ്യ പ്രബോധനങ്ങൾ രേഖപ്പെടുത്തി - അതുകൊണ്ടാണ് അവ വ്യത്യസ്തമായിരിക്കുന്നത്. ഇവയൊക്കെ വെറുതെയങ്ങു പറയുകയല്ല, നിഷേധിക്കാനാകാത്ത തെളിവുകൾ നിരത്തി സ്ഥാപിക്കുകയാണു മാർപാപ്പ.

യേശുവിന്റെ സ്വത്വത്തനിയമയെക്കുറിച്ചു ഇത്രനല്ല ഗ്രന്ഥം ഇരുപതു-ഇരുപത്തൊന്നു ശതകങ്ങളിൽ എഴുതപ്പെട്ടിട്ടില്ല. ഈ പുസ്തകങ്ങൾ വായിച്ചിട്ടില്ലെങ്കിൽ യേശുവിനെക്കുറിച്ച് എഴുതപ്പെട്ട ഏറ്റവും നല്ല ഗ്രന്ഥങ്ങൾ നിങ്ങൾ വായിച്ചിട്ടില്ല.

ഒന്നാം വാല്യം : 500 പുറങ്ങൾ, വില 490 രൂപാ. പ്രീപബ്ലിക്കേഷൻ വില 390 രൂപാ.

മൂന്നാം വാല്യം : 175 പുറങ്ങൾ, വില 170 രൂപാ. പ്രീപബ്ലിക്കേഷൻ വില 135 രൂപാ.

ഓർഡറുകൾ 2013 ജൂലൈ 31-ാം തീയതിക്കു മുമ്പു ലഭിച്ചിരിക്കണം.

**For copies contact:** Biblia Publications, Aloor 680683, Trissur Dt., Ph: 0-9495256974, 9946921214, 9562624961, email: biblia.aloor@gmail.com

**രണ്ടു കാര്യങ്ങളിൽ മനസ്സിരുത്തുക :** ഒന്ന്, DD എടുക്കേണ്ട വിലാസം Biblia Publications Aloor, A/C 0150053000043401 South Indian Bank, Perambra 680689, Trissur Dt. രണ്ട്, ബാങ്കിലേക്കു നേരിട്ടു പണം അയയ്ക്കുന്നവർ അക്കാര്യം ബിബ്ലിയായുടെ ഓഫീസിൽ അറിയിച്ച്, വിലാസം നൽകിയാൽ മാത്രമേ പുസ്തകം നിങ്ങളുടെ കൈകളിലെത്തൂ.

**Biblia Publications**

• • •

# Programme




## Pastoral Centre, Dwaraka

**July 2013**

| | |
|---|---|
| 04T | CML Executive |
| 05F | Zion CRC : Night Vigil |
| 06S | Zion CRC : Prayer Day, Christeen Prayer Day |
| 06S - 07S | Teachers' Training |
| 12F-15M | Marriage Preparation Course, |
| 12F | Jesus Youth: Night Vigil |
| 13S | Jesus Youth: Prayer Day |
| 14S | DCC |
| 16T | CMA Executive |
| 18T | CML Meghala Directors & Animators, |
| 18T | KCYM Meghala Directors & Animators Meeting |
| 19F-21S | Catechism Teachers' Training |
| 21S-25T | Zion: Retreat |
| 23T | Marian Singles |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***July***

| | |
|---|---|
| *01 Mon .................* | *Visitors' Day* |
| *02 Tue ....................* | *Engaged* |
| *05 Fri ....................* | *Out of Station* |
| *07 Sun ...................* | *Nelliyodi : Pastoral Visit* |
| *08 Mon ..................* | *Visitors' Day* |
| *10 Wed ..................* | *Visitors' Day* |
| *11 Thu ..................* | *Out of Station* |
| *13 Sat ....................* | *Kalpetta : CCSS Leadership Seminar* |
| *14 Sun ...................* | *Ottaplavu : Pastoral Visit* |
| *16 Tue ....................* | *Kammana : Regional Meeting SKD Convent* |
| *17 Wed -18 Thu .....* | *Aluva : Oriental Canon Law Society Meeting* |
| *19 Fri ..................* | *Out of Station* |
| *20 Sat 22 Mon........* | *Bangalore : CBCI - Labour Commission Meeting* |
| *23 Tue 24 Wed .......* | *Engaged* |
| *25 Thu 26 Fri .........* | *Out of Station* |
| *27 Sat ..................* | *KLM Regional Meeting Mananthavady* |
| *28 Sun ................* | *Chundakkara : Pastoral Visit* |
| *29 Mon 31 Wed ......* | *Kunnoth : Seminary Commission* |

***August***

*2 Fri .................. Out of Station*

*3 Sat ................. Engaged*

*4 Sun 10 Sat ........ Ernakulam : KCBC Retreat*

*12 Mon ................ Blessing of the renovated chapel of Emmaus Villa.*

*14 Wed .................. Priests' Conference*

*15 Thu ................... Puthussery : Blessing of the Presbytery*

*18 Sun 31 Sat ......... Mount St. Thomas, Kakkanad : Synod*

*Sept 1Sun 3 Tue ...... Aluva : Seminary Commission*

# പ്രത്യേക അറിയിപ്പ്

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്നേഹപൂർവ്വം പദ്ധതി**

കേരള സാമൂഹ്യസുരക്ഷ മിഷൻ നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയുടെ ഭാഗമായി അച്ഛനോ അമ്മയോ നഷ്ടപ്പെട്ട സാമ്പത്തിക ശേഷി കുറഞ്ഞ കുട്ടികൾക്ക് എല്ലാ മാസവും ഒരു നിശ്ചിത തുക പഠനസഹായം ലഭിക്കുന്ന പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു.

**പ്രത്യേകതകൾ**

- 1 മുതൽ 5 വരെ ക്ലാസുകളിലെ കുട്ടികൾക്ക് 300 രൂപയും 6 മുതൽ 10 വരെ ഉള്ളവർക്ക് 500 രൂപയും തുടർന്ന് ഡിഗ്രി വരെയുള്ള ക്ലാസുകൾക്ക് 750 രൂപയും പ്രതിമാസം നൽകുന്നു.
- ബാലഭവനം, അനാഥാലയം പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് പഠിക്കുന്ന കുട്ടികൾക്ക് ഈ സഹായം ലഭ്യമാകുന്നതല്ല.
- കുടുംബത്തിന്റെ വാർഷിക വരുമാനം, ബി. പി. എൽ. കുടുംബാംഗമാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ആഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും അല്ലാത്തവർ വില്ലേജ് ആഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

താല്പര്യമുള്ളവർ ജൂലൈ 15-ന് ഉള്ളിൽ ആവശ്യമായ രേഖകളുമായി മാനന്തവാടിയിലുള്ള WSSS ഓഫീസിൽ എത്തേണ്ടതാണ്.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

**NB:- ബഹു. വികാരി അച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**